LEAD KINDLY LIGHT

EPARCHY OF PALAI

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

## 'സാന്ത്വനപ്രകാശമേ, നയിച്ചാലും'

# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ

Vol. LXI JULY 2011 No. 7

# CONTENTS


| | | |
|---|---|---|
| ഇടയലേഖനം - സഭാദിനം | - | 395 |
| സർക്കുലർ-101 | - | 404 |
| സർക്കുലർ-100 | - | 406 |
| സർക്കുലർ-102 | - | 409 |
| യുവജനദിനം | - | 411 |
| കച്ചേരിക്കാര്യം | - | 418 |
| ലേഖനം | - | 419 |
| ലേഖനം | - | 426 |
| Minor Seminary I[st] Years | - | 430 |
| പൗരോഹിത്യചിന്തകൾ | - | 431 |
| വാർത്തകൾ | - | 441 |
| നിര്യാതരായി | - | 465 |
| Prayer Day | - | 467 |
| പിതാവിന്റെ ഡയറിയിൽ നിന്ന് | - | 468 |
| Bishop's Engagements | - | 472 |


ഇടയലേഖനം

## പ്രേഷിതവർഷം - സഭാദിനം

**സീറോ മലബാർ സഭയുടെ**
**ശ്രേഷ്ഠ മെത്രാപ്പോലീത്താ മാർ ജോർജ്ജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളേവരോടും**
**കൂടെ ഉണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ജൂലൈ 3-ന് നാം നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആചരിക്കുകയാണല്ലോ. എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് ഉദ്ഘോഷിച്ചുകൊണ്ട് ഈശോയിലും അവിടുന്നിലൂടെ കൈവന്ന രക്ഷയിലുമുള്ള വിശ്വാസം എറ്റുപറഞ്ഞ തോമ്മാശ്ലീഹാ സ്വന്തം ജീവരക്തം ചൊരിഞ്ഞതിന്റെ ഓർമ്മയാണ് ദുക്റാന. തോമ്മാശ്ലീഹാ ഭാരതമണ്ണിൽ സഭയ്ക്ക് അടിസ്ഥാനമിട്ടു. അതിനാൽ ദുക്റാന ദിവസം സീറോ മലബാർ സഭയുടെ സഭാദിനം കൂടിയായി നാം ആഘോഷിക്കുകയാണ്. സഭ സ്വഭാവത്താൽ തന്നെ മിഷനറിയാണ്, പ്രേഷിതയാണ്, ജീവന്റെ സന്ദേശം പകർന്നുകൊടുക്കാൻ അയയ്ക്കപ്പെട്ടവളാണ്. ഒരു വ്യക്തിഗതസഭയായ സീറോ മലബാർ സഭയുടെയും സ്വഭാവവും ദൗത്യവും അതുതന്നെയാണ്.

ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ നമ്മുടെ സഭയിലെ അഭിവന്ദ്യപിതാക്കന്മാരെ കാണുമ്പോൾ ആദ്യം പറയുന്നതു നമ്മുടെ സഭയുടെ പ്രേഷിതോന്മുഖതയെക്കുറിച്ചാണ്. പൗരസ്ത്യസഭകളിൽ പ്രേഷിത തീക്ഷ്ണതയിൽ ഏറെ മുന്നിലാണ് സീറോ മലബാർ സഭ. ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നുള്ള

മിഷൻ പ്രവർത്തനംവഴി സഭയിലേക്കുവന്ന വിശ്വാസികൾക്കായി രൂപംകൊണ്ട തക്കല രൂപത നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഒന്നാംതരം തെളിവാണ്. ആധുനിക കാലഘട്ടത്തിൽ സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനം വടക്കേ ഇന്ത്യയിലേക്ക് വ്യാപിക്കുന്നത് 1962-ൽ ഭാഗ്യസ്മരണാർഹനായ ജോൺ 23-ാമൻ മാർപ്പാപ്പയുടെ കല്പനപ്രകാരമാണ്. പരിശുദ്ധ സിംഹാസനം സീറോമലബാർ സഭയെ ആദ്യമായി ഏല്പിച്ച പ്രേഷിതരംഗം ഛാന്ദാമിഷനാണ്. അത് നാഗ്പൂർ അതിരൂപതയുടെ ഒരു ഭാഗമായിരുന്നു. നമ്മുടെ സഭയിലെ പ്രഥമ ഏതദ്ദേശീയ സന്യാസസമൂഹമായ സി. എം. ഐ സഭയാണ് ഛാന്ദാമിഷൻ ഏറ്റെടുത്തു പ്രവർത്തിച്ചത്. അവിഭക്തഛാന്ദാമിഷൻ ആരംഭിച്ചിട്ട് 2012-ൽ 50 വർഷം പൂർത്തിയാകുകയാണ്. ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി എങ്ങനെയാണ് ആചരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സിനഡ് ചർച്ചകൾ നടത്തുകയുണ്ടായി. ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി ഒരു മിഷൻ രൂപതയുടെ മാത്രം ജൂബിലി എന്നതിനെക്കാൾ സീറോ മലബാർ സഭയുടെ പ്രേഷിതവിളിയെയും ദൗത്യത്തെയും കുറിച്ച് ആഴത്തിൽ ചിന്തിക്കാനും നവോന്മേഷത്തോടെ ഈ ദൗത്യം ഏറ്റെടുക്കാനുമുള്ള ഒരവസരമായിട്ടാണ് സിനഡുപിതാക്കന്മാർ കണ്ടത്. ഇതിൻപ്രകാരം ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി സീറോ മലബാർ സഭ മുഴുവനിലും 2011 ഓഗസ്റ്റ് 15 മുതൽ 2012 ഓഗസ്റ്റ് 15 വരെ പ്രേഷിതവർഷമായി ആചരിക്കാൻ തീരുമാനിച്ചത് ഇതിനകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ (ഡിക്രി - Prot. No: 40/2011).

പ്രേഷിതവർഷത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സഭയുടെ പ്രേഷിതവിളിയെയും ദൗത്യത്തെയും സംബന്ധിച്ച് പ്രധാനപ്പെട്ട ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. റോമിലും അന്ത്യോക്യായിലുമെല്ലാം സഭ രൂപംകൊണ്ട അതേ കാലഘട്ടത്തിൽത്തന്നെ അപ്പസ്തോലനായ



തോമ്മാശ്ലീഹായിൽനിന്ന് നമുക്കും വിശ്വാസവെളിച്ചം ലഭിച്ചുവെന്നത് വലിയ ദൈവപരിപാലനയാണ്. 'നമുക്കും അവനോടുകൂടെ പോയി മരിക്കാം' എന്ന ദൃഢനിശ്ചയമാണ് നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായെ ഭാരതത്തിലേക്കാനയിച്ചത്. നമ്മുടെ പിതാവിന്റെ ഈ പ്രേഷിതതീക്ഷ്ണത തന്നെയാണ് ഈ കാലഘട്ടത്തിൽ നമ്മെയും നയിക്കേണ്ടത്.

വിദേശാധിപത്യത്തിലൂടെ നമ്മുടെ സഭയുടെ വളർച്ചയ്ക്ക് വളരെയേറെ പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. മാർതോമ്മാക്രിസ്ത്യാനികളുടെ ഭിന്നിപ്പും സഭയുടെ പ്രവർത്തനസ്വാതന്ത്ര്യം കേരളത്തിൽ മാത്രമായി ചുരുക്കിയതും നമ്മുടെ സഭയുടെ വളർച്ചയെയും പ്രേഷിതപ്രവർത്തനത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ടുകൂടിയാണ് 18-ാം നൂറ്റാണ്ടു വരെ പ്രേഷിതമേഖലയിൽ സഭയ്ക്ക് കാര്യമായ സംഭാവനകൾ ചെയ്യാൻ സാധിക്കാതെ പോയത്. 1831-ൽ സി.എം.ഐ സഭയുടെ തുടക്കം സീറോ മലബാർ സഭയുടെ മിഷനറി വളർച്ചയിലെ ഒരു നാഴികക്കല്ലാണ്. 1887 മെയ് 20-ന് സീറോ മലബാർ സഭയ്ക്ക് കൈവന്ന സഭാത്മകമായ പ്രവർത്തന സ്വാതന്ത്ര്യത്തിന്റെ 125-ാം വർഷവും കോട്ടയം രൂപതയുടെ സ്ഥാപനത്തിന്റെ 100-ാം വർഷവും പ്രേഷിതവർഷത്തോടനുബന്ധിച്ച് ആചരിക്കുന്നതും ഏറെ പ്രസക്തമാണ്. 1923-ൽ സീറോ മലബാർ ഹൈരാർക്കി സ്ഥാപിതമായതോടുകൂടെയാണ് നമ്മുടെ സഭയുടെ വളർച്ചയും പുരോഗതിയും ത്വരിതഗതിയിലായത്. മലബാറിലേക്കും തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കുമുള്ള സീറോ മലബാർ സഭയുടെ വളർച്ച എത്രയോ വലുതാണെന്ന് ഇന്ന് അവിടെയുള്ള ഒൻപത് രൂപതകൾ (തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, പാലക്കാട്, തക്കല, ബൽത്തങ്ങാടി, ഭദ്രാവതി, മാണ്ഡ്യ, രാമനാഥപുരം) സാക്ഷ്യപ്പെടുത്തുന്നു.

ഛാന്ദാമിഷന്റെ സ്ഥാപനത്തെതുടർന്ന് സാഗർ **(1968)**, ഉജ്ജെയിൻ **(1968)**, സത്ന **(1968)**, ജഗദൽപ്പൂർ **(1977)**, ബിജ്നോർ

(1977), രാജ്കോട്ട് (1977), ഗോരഖ്പൂർ (1984), അദിലാബാദ് (1999) രൂപതകൾ സി.എം.ഐ, എം. എസ്. ടി, വിൻസെൻഷ്യൻ, സി. എസ്. ടി എന്നീ സമൂഹങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തന നിരതമായി. പ്രവാസികളായ നമ്മുടെ സഭാതനയർക്കുവേണ്ടി ഇന്ത്യയിൽ കല്യാൺ രൂപതയും (1988) ഇന്ത്യക്ക് പുറത്ത് ഷിക്കാഗോ രൂപതയും (2001) ഉണ്ടായി എന്നത് നമ്മുടെ സഭയുടെ ക്രമാനുഗതമായ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്.

സീറോ മലബാർസഭയിൽനിന്ന് ഉദയം ചെയ്ത സന്യാസ സമൂഹങ്ങളുടെയും സെന്റ് തോമസ് മിഷനറി സൊസൈറ്റി പോലെയുള്ള പ്രേഷിതസമൂഹങ്ങളുടെയും സംഭാവന നമ്മുടെ മിഷനറി പ്രവർത്തനത്തിന് ശക്തിപകർന്നു. 'ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലെയോ പതിമൂന്നാമൻ മാർപ്പാപ്പായുടെ മുദ്രാവാക്യം സീറോ മലബാർ സഭ എത്ര ആത്മാർത്ഥതയോടെണ് സ്വീകരിച്ചത് എന്ന് സഭയുടെ ഇന്നത്തെ ചരിത്രം വ്യക്തമാക്കുന്നു. ഭാരതത്തിനുള്ളിലും വെളിയിലും മിഷൻ പ്രവർത്തനത്തിനു പോകുന്നതിന് ചെറുപുഷ്പ മിഷൻലീഗ് പോലുള്ള അല്മായ പ്രസ്ഥാനങ്ങൾ ചെയ്തിട്ടുള്ള ശുശ്രൂഷ എത്രയോ ധന്യമാണ്! ഇന്ന് മിഷനറി ദൈവവിളികൾ ഭാരതസഭയ്ക്കും സാർവ്വത്രിക സഭയ്ക്കും സമ്മാനിക്കുന്ന ഈറ്റില്ലമാണ് നമ്മുടെ സഭ.

സീറോ മലബാർ സഭയിലൂടെ മാത്രമല്ല നമ്മുടെ സഭയുടെ മക്കൾ പ്രേഷിതപ്രവർത്തനം നടത്തുന്നത്. ഭാരതത്തിലെ ലത്തീൻ സഭയിലും മലങ്കരസഭയിലും നമ്മുടെ നിരവധി സന്താനങ്ങൾ ഭാരതത്തിന്റെ സുവിശേഷവത്കരണത്തിനായി അക്ഷീണം യത്നിക്കുന്നുണ്ട്. കൂടാതെ ഏഷ്യ, യൂറോപ്പ്, അമേരിക്ക, ലത്തീൻ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയാ എന്നീ മിഷൻ രംഗങ്ങളിലും നമ്മുടെ സഭയുടെ തനയർ വളരെ സജീവരാണ്. ഇവയെല്ലാം ഓർത്ത് ദൈവത്തിനു നന്ദി പറയുവാൻ ദൈവം ഒരുക്കുന്ന അവസരമാണ് ഈ പ്രേഷിതവർഷം.



മിഷനറിപ്രവർത്തനം ഏതാനും വൈദികർക്കും സമർപ്പിതർക്കും വേണ്ടിമാത്രം മാറ്റിവെയ്ക്കപ്പെട്ട ശുശ്രൂഷയല്ല. മാമ്മോദീസയിലൂടെ സഭാശരീരത്തോടു ചേർക്കപ്പെടുന്ന ഓരോ ക്രിസ്ത്യാനിയും ഈശോയുടെ ശിഷ്യന്മാരെപ്പോലെ അയയ്ക്കപ്പെട്ട വ്യക്തി കൂടിയാണ് (യോഹ 3:16, മർക്കോ 3:14-16, മർക്കോ 16:15, മത്താ 28:19, ലൂക്കാ 26: 46-49, യോഹ 20:21, നട 1:8). അതുകൊണ്ടാണ് സഭ പ്രകൃത്യാ പ്രേഷിതയാണെന്നു പറയുന്നത് (LG 17, AG 2, 9, 23). സഭ വിളിക്കപ്പെട്ടിരിക്കുന്നത് അയയ്ക്കപ്പെടാൻ വേണ്ടിയാണ്. മിഷനറി ദൗത്യം നിർവ്വഹിക്കാത്ത ക്രിസ്തുശിഷ്യർ കായ്ക്കാത്ത അത്തിമരങ്ങൾ പോലെയാണ്. സഭാഗാത്രത്തെ പടുത്തുയർത്തുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ എന്ന കാര്യം മറക്കാതിരിക്കാം.

സ്വന്തം ജീവിതം സുവിശേഷത്തിന്റെ സാക്ഷ്യമാക്കിക്കൊണ്ടാണ് ക്രൈസ്തവർ അടിസ്ഥാനപരമായി മിഷനറിമാരാകേണ്ടത്. നമ്മുടെ ജീവിതം പീഠത്തിന്മേൽ വയ്ക്കപ്പെട്ട വിളക്കുപോലെയാകണം. സ്വന്തം ജീവിതാവസ്ഥയനുസരിച്ച് ജീവിത സാഹചര്യങ്ങളിൽ ക്രിസ്തുവിന് സാക്ഷികളാകുന്നതാണ് സുവിശേഷത്തിന്റെ ആധികാരികമായ പ്രഘോഷണം. ഓരോ കുടുംബവും അങ്ങനെ പ്രേഷിതമുന്നേറ്റത്തിന്റെ ശക്തമായ വയലേലയായി മാറട്ടെ. ഓരോ കുടുംബവും ഗാർഹികസഭയാണ്. മക്കളെ വിശ്വാസമൂല്യങ്ങളിലും സഭാപൈതൃകങ്ങളിലും സഭാസ്നേഹത്തിലും വളർത്തുവാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. അവരതു നിർവ്വഹിക്കുമ്പോൾ കുടുംബങ്ങളിൽ പ്രേഷിതോന്മുഖതയുണ്ടാകും, പ്രേഷിതദൈവവിളിക്കുള്ള അന്തരീക്ഷം ഉണ്ടാകുകയും ചെയ്യും.

മിഷൻ പ്രവർത്തനം നിരവധിയായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഏറ്റവും കഠിനമായ വെല്ലുവിളി നമ്മുടെ സഭയിലും ദൈവവിളികൾ കുറയുന്നുവെന്നതാണ്. ഈ സ്ഥിതിവിശേഷത്തിന് കാരണമാകുന്നത് കുടുംബങ്ങ

ളിലെ വിശ്വാസത്തകർച്ച, പ്രാർത്ഥനാജീവിതത്തിന്റെ അഭാവം, മക്കളുടെ എണ്ണക്കുറവ്, സമർപ്പിതരെക്കുറിച്ചുള്ള നിഷേധാത്മകമായ വിമർശനങ്ങൾ, മിഷനറിമാർ നേരിടുന്ന പ്രതിസന്ധികളെ ഭയന്ന് പിന്മാറാനുള്ള പ്രവണത മുതലായവയാണ്. ഇവയെല്ലാം നാം എങ്ങനെ പരിഹരിക്കുമെന്നതിനെ ആശ്രയിച്ചിരിക്കും പ്രേഷിതപ്രവർത്തനത്തിന്റെ മുന്നോട്ടുള്ള ഗതി.

നമ്മുടെ സഭയുടെ പ്രതിനിധികളായി മിഷൻ രംഗത്ത് ജോലിചെയ്യുന്നവരെ ഏറെ ആദരവോടും അഭിമാനത്തോടുംകൂടെ സ്വീകരിക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിയണം. അവർ അവധിക്കാലങ്ങളിൽ വരുമ്പോൾ നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സമൂഹങ്ങളിലും സ്ഥാപനങ്ങളിലും അവരെ സ്വീകരിക്കാനും ആദരിക്കാനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും അവസരങ്ങൾ ഒരുക്കണം. അവർക്ക് നല്കുന്ന പ്രോത്സാഹനം പുതിയ തലമുറയ്ക്ക് അവരെ പിന്തുടരാൻ പ്രചോദനമാകും. കേരളത്തിലെ സീറോ മലബാർ രൂപതകൾ മാതൃസഭ എന്ന നിലയിൽ മിഷനെ ആളുകൊണ്ടും അർത്ഥംകൊണ്ടും സഹായിക്കേണ്ടതുണ്ട്. നമ്മുടെ സഭയിലെ പള്ളികളും സ്ഥാപനങ്ങളും വ്യക്തികളും കുടുംബങ്ങളും കേരളത്തിനു പുറത്തുള്ള മിഷൻ പ്രദേശങ്ങളെ ദത്തെടുക്കാനും പ്രാർത്ഥന, പരിത്യാഗങ്ങൾ, സമ്പത്ത് എന്നിവകൊണ്ടു പ്രോത്സാഹിപ്പിക്കാനും മുന്നോട്ട് വരണം. നമ്മുടെ മിഷനറിമാർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലേക്ക് ഇടവകകളിൽനിന്നും പ്രസ്ഥാനങ്ങളിൽനിന്നും മിഷനറിയാത്ര നടത്തുന്നത് നല്ലതാണ്. അവരുടെ പ്രവർത്തനം നേരിട്ടു കാണുകയും അവരുടെ ആവശ്യങ്ങളും അവശതകളും മനസ്സിലാക്കുകയും ചെയ്യുന്നത് അവരെ പ്രോത്സാഹിപ്പിക്കാൻ പ്രേരണയാകുമല്ലോ. അതുപോലെതന്നെ മിഷൻ രംഗത്തുള്ള ജനങ്ങളെ നമ്മുടെ നാട്ടിലേക്കും കുടുംബങ്ങളിലേക്കും സന്ദർശകരായി സ്വീകരിക്കുന്നത് അവർക്ക് മാതൃസഭയുടെ വിശ്വാസശൈലി നേരിട്ട് അനുഭവിക്കാനും ആഴപ്പെടാനും സഹായകമാകും.



പ്രേഷിതവർഷത്തിന്റെ ചില പരിപാടികളെക്കുറിച്ചുകൂടി പറഞ്ഞുകൊള്ളട്ടെ. രൂപതാതല ഉദ്ഘാടനം അതതു രൂപതകളിൽ വച്ചാണ് നടത്തേണ്ടത്. 2011 ഓഗസ്റ്റ് 15-ാം തീയതി എല്ലാ ഭദ്രാസനദേവാലയങ്ങളിലും രൂപതാധ്യക്ഷന്റെ നേതൃത്വത്തിൽ ആഘോഷപൂർവകമായ വിശുദ്ധ കുർബാനയോടുകൂടെയാണ് പ്രേഷിതവർഷം ഉദ്ഘാടനം ചെയ്യേണ്ടത്. എല്ലാ കത്തീഡ്രലുകളിലും ഇതോടനുബന്ധിച്ച് പ്രേഷിതവർഷദീപം തെളിക്കണം. ഓരോ ഇടവകയിലും എല്ലാ സ്ഥാപനങ്ങളിലും പ്രേഷിതവർഷം അർത്ഥവത്തായ വിധത്തിൽ ഉദ്ഘാടനം ചെയ്യാൻ രൂപതകൾ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുമല്ലോ.

2011 ഓഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ആഗമനം കൊണ്ട് പവിത്രമായ കൊടുങ്ങല്ലൂരിലെ അഴീക്കോടുള്ള മാർതോമ്മാ തീർത്ഥാടനകേന്ദ്രത്തിൽവച്ച് നമ്മുടെ എല്ലാ അഭിവന്ദ്യപിതാക്കന്മാരുടെയും കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നുണ്ട്. ഇതിനു വേണ്ട നേതൃത്വവും ക്രമീകരണവും ഇരിങ്ങാലക്കുട രൂപതയാണ് നിർവഹിക്കുന്നത്. തദവസരത്തിൽ നമ്മുടെ എല്ലാ രൂപതകളിൽനിന്നും പ്രതിനിധികളെ അയയ്ക്കുന്നത് നന്നായിരിക്കും. പ്രേഷിതവർഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾക്ക് രൂപം കൊടുക്കാനും നടപ്പാക്കാനും സുവിശേഷവത്കരണത്തിനും പ്രവാസികളുടെ ശുശ്രൂഷയ്ക്കും വേണ്ടിയുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ കമ്മീഷനെയാണ് ഭരമേല്പിച്ചിരിക്കുന്നത്. ഈ കമ്മീഷന്റെ ചുമതല വഹിക്കുന്ന മൂന്ന് അഭിവന്ദ്യ പിതാക്കന്മാരുണ്ട്. അവരെ കൂടാതെ സിനഡ് തെരഞ്ഞെടുത്ത മറ്റ് രണ്ടു പിതാക്കന്മാരും എല്ലാ രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരും ഉൾക്കൊള്ളുന്ന ഒരു സെൻട്രൽ കമ്മിറ്റിയുമുണ്ട്. ഈ കമ്മിറ്റി വഴി ലഭിക്കുന്ന കർമ്മപദ്ധതികളും മറ്റു നിർദ്ദേശങ്ങളും നാമെല്ലാവരും സ്വീകരിച്ച് നടപ്പാക്കിയാലേ പ്രേഷിതവർഷം

വിജയിക്കുകയുള്ളൂ. മിഷനറിമാരുടെ സംഗമങ്ങൾ, അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ, പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ചുള്ള ബോധവത്കരണ പഠനക്കളരികൾ, ധ്യാനം, സെമിനാറുകൾ, മിഷൻ ക്വിസ്, ചർച്ചകൾ, ഉപന്യാസമത്സരം, മിഷൻപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ഫണ്ട് സ്വരൂപിക്കൽ എന്നിവ പ്രേഷിതവർഷ കർമ്മപരിപാടികളുടെ ഭാഗമായി നടപ്പാക്കാൻ ഇടവകതലത്തിലും രൂപതാതലത്തിലും പരിശ്രമിക്കേണ്ടതാണ്. ഈ പരിപാടികളെല്ലാം ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത് പ്രേഷിതചൈതന്യത്തെ ഉണർത്തികൊണ്ടുള്ള സഭയുടെ ആത്മീയനവീകരണം തന്നെയായിരിക്കണം.

മിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരങ്ങളേ, ഈശോയാണ് ഏറ്റവും വലിയ മിഷനറി. പിതാവിന്റെ സ്നേഹം നമ്മെ അറിയിക്കാനും ആ സ്നേഹത്തിലേക്ക് നമ്മെ ക്ഷണിക്കാനും അയയ്ക്കപ്പെട്ട മിഷനറിയായിരുന്നു ഈശോ (യോഹ 3:16). ഈശോയുടെ പ്രേഷിതദൗത്യത്തിൽ സഹകരിക്കാനും അവിടത്തെ ദൗത്യം തുടരാനുമാണ് ഈശോ അപ്പസ്തോലൻമാരെ വിളിച്ചത് (മർക്കോ 3:14-16). ഈശോ അവരെ ഭരമേല്പിച്ച മൗലികമായ ഉത്തരവാദിത്വം സുവിശേഷം പ്രസംഗിക്കുകയും (മാർക്കോ 16:15) വിശ്വസിക്കുന്നവരെ ശിഷ്യപ്പെടുത്തി സഭ സ്ഥാപിക്കുകയും ചെയ്യുകയെന്നതാണ് (മത്താ 28:19, ലൂക്കാ 26: 46-49, യോഹ 20:21, നട 1:8). ഈ ഉത്തരവാദിത്വം നമ്മുടെ കാലഘട്ടത്തിലും സാഹചര്യങ്ങളിലും തുടരാൻ നാം നടത്തുന്ന ശുശ്രൂഷകളാണ് പ്രേഷിതപ്രവർത്തനം. നമ്മുടെ വിശ്വാസത്തോടുള്ള കടപ്പാടിൽനിന്നും കൃതജ്ഞതയിൽനിന്നുമാണ് അതു ഉണ്ടാകേണ്ടത്. സീറോ മലബാർ സഭ പ്രേഷിതരംഗങ്ങളിൽ ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ എല്ലാ ശുശ്രൂഷകളെയും ഓർത്ത് ഈ വർഷത്തിൽ നമുക്ക് ദൈവത്തിനു പ്രത്യേകം നന്ദിയർപ്പിക്കാം. പ്രേഷിതവർഷം നമ്മുടെ സഭയിൽ ആവേശോജ്ജ്വലമായ ഒരു പുതിയ പന്തക്കുസ്തായ്ക്ക് തുടക്കം കുറിക്കാൻ



കാരണമാകട്ടെ. പ്രാർത്ഥനകൊണ്ടും സമ്പത്തുകൊണ്ടും ജീവിതസാക്ഷ്യംകൊണ്ടും മിഷൻപ്രവർത്തനത്തെ കൂടുതൽ സജീവമാക്കാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. അതോടൊപ്പം സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കായി സഭാദിനത്തോടനുബന്ധിച്ച് നടത്തുന്ന സാമ്പത്തിക സമാഹരണത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ദുക്റാനത്തിരുനാളിന്റെ ആശംസകൾ! മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതചൈതന്യം പ്രേഷിതവർഷാചരണത്തിലൂടെ എല്ലാവരിലും നിറയട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമ്മാശ്ലീഹായുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥ്യം നിങ്ങൾക്കേവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

**മാർ ജോർജ്ജ് ആലഞ്ചേരി**

**സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**

---

N.B : ഈ ഇടയലേഖനം ജൂലൈ 3-ാം തീയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

**സർക്കുലർ - 101**

# ഭവനങ്ങളിൽ വിവാഹത്തലേന്ന് നടത്തേണ്ട പ്രാർത്ഥന

മിശിഹായിൽ പ്രിയ ബഹു. വൈദികരെ, സന്യാസിനി സന്യാസികളെ, പ്രിയമക്കളെ,

നമ്മുടെ കത്തോലിക്കാ വിശ്വാസജീവിതത്തിന്റെയും സഭാജീവിതത്തിന്റെയും അടിസ്ഥാനഘടകം കുടുംബമാണല്ലോ. കുടുംബങ്ങളുടെ വിശുദ്ധീകരണത്തിലൂടെ മാത്രമെ ദൈവസന്നിധിയിൽ സംപ്രീതരായ ദൈവമക്കളായി നമുക്ക് വളരാനാകൂ. കുടുംബങ്ങളിലെ ഏറ്റവും സുപ്രധാനമായ ദൈവാനുഗ്രഹനിമിഷങ്ങളാണ് കുടുംബാംഗങ്ങളിലൊരാൾ സഭയിൽ കൂദാശകൾ സ്വീകരിക്കുന്ന അവസരം; പ്രത്യേകിച്ച് പ്രരംഭകൂദാശകൾ, ആഘോഷമായ വി.കുർബാനസ്വീകരണം, വിവാഹം തുടങ്ങിയ അവസരങ്ങൾ. ഒരു കുടുംബത്തിന് ഏറ്റവും അധികം കൃപ ലഭിക്കുകയാണപ്പോൾ. കർത്താവ് നമ്മെ സന്ദർശിക്കുന്ന സമയമാണത്. സക്കേവൂസിന്റെ ഭവനത്തിൽ വച്ച് അവിടുന്ന് അരുളിചെയ്ത രക്ഷാവചനങ്ങൾ നമ്മുടെ ഭവനത്തിലും മുഴങ്ങേണ്ടതാണ്. "ഇതാ ഇപ്പോൾ ഈ ഭവനം രക്ഷ പ്രാപിച്ചിരിക്കുന്നു." (ലൂക്കാ 19,9) എന്നാൽ ദുഃഖകരമെന്ന് പറയട്ടെ, കൃപാവരത്തിന്റെ ഈ അനശ്വരനിക്ഷേപം സ്വീകരിക്കാനാവശ്യമായ ഒരുക്കവും യോഗ്യതയും നമ്മിലുണ്ടാകുന്നില്ല. കൂടാതെ മദ്യപാനവും മറ്റും മൂലം ഈ കൃപാവരം കുടുംബത്തിനും വ്യക്തികൾക്കും ലഭിക്കാതാവുന്നു. എല്ലാ പരിധികളും ലംഘിച്ചുകൊണ്ടുള്ള ആഡംബരവും ധൂർത്തും മദ്യപാനവും കൂദാശാസ്വീകരണങ്ങളോട് അനുബന്ധിച്ച് നമ്മുടെ നല്ല കുടുംബങ്ങളിൽ സംഭവിക്കുന്നുവെന്നത് ഏറ്റവും വേദനാജനകമാണ്. മദ്യപാനം ഏറ്റവും വലിയ തിന്മയും കുടുംബങ്ങളെ തകർക്കുന്ന വിഷമാണെന്നും അറിയാമായിരുന്നിട്ടും പല ഭവനങ്ങളിലും രഹസ്യമായും പരസ്യമായും മദ്യം വിളമ്പപ്പെടുന്നു. ഇത് നമ്മുടെ കുടുംബങ്ങൾക്കുണ്ടായിരുന്ന പരമ്പരാഗതമായ വിശുദ്ധി നഷ്ടപ്പെടുവാനിടയാക്കിയിരിക്കുന്നു. നമ്മുടെ കുടുംബങ്ങളിൽ കൂടുതൽ പ്രാർത്ഥനയും ഒരുക്കവും വളരെ അത്യാവശ്യമാണ്. തിന്മയെ ഒഴിവാക്കി നമുക്ക് പ്രാർത്ഥനയുടെയും ദൈവവചനത്തിന്റെയും ശക്തിവഴി നമ്മുടെ മക്കളെ കൂദാശസ്വീകരണങ്ങൾക്ക് ഒരുക്കാം. അങ്ങനെ നമ്മുടെ ഭവനം വിശുദ്ധസ്ഥലമാക്കി ദൈവത്തിന് സമർപ്പിക്കാം.



നമ്മുടെ കത്തോലിക്കാ കുടുംബങ്ങളിൽ മാറിവരുന്ന ഒരു പ്രവണതയെക്കുറിച്ച് നമുക്കുള്ള ഉത്കണ്ഠകൂടി നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നു. പരമ്പരാഗതമായി നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പിന്റെ ഒരു അടിസ്ഥാനം, അത് കത്തോലിക്കാകുടുംബങ്ങൾ തമ്മിലുള്ള വിവാഹത്തിൽ അധിഷ്ഠിതമായിരുന്നു എന്നതാണ്. എന്നാൽ ഇന്ന് മിശ്രവിവാഹങ്ങളുടെ എണ്ണം പൊതുവിൽ വർദ്ധിച്ചുവരികയാണ്. ചില പ്രത്യേകസാഹചര്യങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി മാത്രം മിശ്രവിവാഹം അനുവദിക്കുന്നുവെന്നേയുള്ളു. ഇത് സഭ പ്രോത്സാഹിപ്പിക്കുന്ന ഒരു കാര്യമല്ല. അതുകൊണ്ട് കത്തോലിക്കർ തമ്മിലുള്ള വിവാഹങ്ങളാണ് കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടത് എന്ന് മാതാപിതാക്കളേയും യുവതീയുവാക്കന്മാരെയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ കുടുംബങ്ങളിൽ വിവാഹത്തോടനുബന്ധിച്ച് വിവാഹത്തിന്റെ തലേദിവസം ഭവനങ്ങളിൽ വൈദികർ വന്ന് നടത്തേണ്ട ഒരു പ്രാർത്ഥനാശുശ്രൂഷ നമ്മുടെ രൂപതയിൽ ആരംഭിക്കുകയാണ്. വിവാഹം നടക്കുന്ന എല്ലാ ഭവനങ്ങളിലും തലേദിവസം ഇടവകയിലെ ബഹു. വൈദികരെ കൊണ്ടുവന്ന് ഈ പ്രാർത്ഥനാശുശ്രൂഷ നടത്തേണ്ടതാണ്. പിറ്റേദിവസം നടക്കുന്ന എല്ലാ കർമ്മങ്ങളും ദൈവാനുഗ്രഹപ്രദമാകുവാൻ ഇത് സഹായിക്കും. 2011 ആഗസ്റ്റ് മാസം 01-ാം തീയതി മുതൽ നമ്മുടെ രൂപതയിൽ ഈ പ്രാത്ഥനാശുശ്രൂഷ ആരംഭിക്കുന്നതാണ്. കുടുംബങ്ങൾ വിശുദ്ധിയിലും ദൈവകൃപയിലും പരിശുദ്ധാത്മശക്തിയിലും വളരുവാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം, + Jos Kallarangatt

മെത്രാസനമന്ദിരം, പാലാ
01-07-2011

മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

N.B: ഈ സർക്കുലർ ജൂലൈ മാസം 24-ാം തിയതി എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്. പ്രാർത്ഥനാശുശ്രൂഷാപുസ്തകം സെന്റ് തോമസ്സ് ബുക്ക് സ്റ്റാളിൽ നിന്ന് ലഭ്യമാണ്.

സർക്കുലർ No. - 100

## പ്രേഷിതപ്രവർത്തനത്തിന് കുടുംബക്കൂട്ടായ്മകൾ അനിവാര്യം

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യാസിനീസന്യാസിമാരേ, സഹോദരീസഹോദരന്മാരേ,

2011 ഓഗസ്റ്റ് 15 മുതൽ 2012 ഓഗസ്റ്റ് 15 വരെ സീറോ-മലബാർ സഭ പ്രേഷിതവർഷമായി ആചരിക്കുകയാണല്ലോ. പ്രേഷിതപ്രവർത്തനങ്ങൾ നടക്കണമെങ്കിൽ നമ്മുടെ സഭയിൽ ആദിമക്രൈസ്തവസഭയുടെ ചൈതന്യം ഉണ്ടാവണം. "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (അപ്പ. 2:42). "അവരുടെ ഇടയിൽ ദാരിദ്ര്യദുഃഖം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല"(അപ്പ. 4:34). "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരു ആത്മാവും ആയിരുന്നു" (അപ്പ. 4:32). "അപ്പസ്തോലന്മാർ കർത്താവായ ഈശോയുടെ പുനരുത്ഥാനത്തിന് വലിയ ശക്തിയോടെ സാക്ഷ്യം നല്കി" (അപ്പ. 4:33). ആദിമസഭയുടെ ചൈതന്യമുണ്ടാകാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ കാര്യക്ഷമമായി പ്രവർത്തിക്കുക എന്നതാണ്.

നമ്മുടെ രൂപതാസമൂഹം ആദിമസഭയെപ്പോലെ ശ്ലീഹന്മാരുടെ പ്രബോധനങ്ങളിലുറച്ചുനിന്ന് ഒരേ ആത്മാവും ഒരേ മനസ്സുമായി ഈശോമിശിഹായുടെ ഉയിർപ്പിന് എല്ലാ ജീവിതരംഗങ്ങളിലും ശക്തിയോടെ സാക്ഷ്യം നല്കണം. 1988-ൽ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പ "അത്മായ വിശ്വാസികൾ" എന്ന അപ്പസ്തോലികപ്രബോധനത്തിൽ (No.26) ഇപ്രകാരം ആഹ്വാനം ചെയ്തിരുന്നു: "പരസ്പരസ്നേഹത്തിലും സേവനത്തിലും ദൈവവചനം ജീവിക്കുകയും പകർന്നുകൊടുക്കുകയും ചെയ്യുന്ന വിശ്വാസികളുടെ സജീവകൂട്ടായ്മ എന്നറിയപ്പെടുന്ന ചെറുതും അടിസ്ഥാനപരവുമായ സമൂഹങ്ങൾ വളർത്തിയെടുക്കണം. ഈ സമൂഹങ്ങളാകട്ടെ തങ്ങളുടെ അജപാലകരോടുള്ള കൂട്ടായ്മയിൽ, സഭൈക്യത്തിന്റെ യഥാർത്ഥസാക്ഷികളും സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രങ്ങളുമാണ്. ഇടവകകളുടെ നവീകരണത്തിനും അവയുടെ ഫലപ്രദമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഇത് ആവശ്യമാണ്."

"ദൈവജനം ചെറിയ സമൂഹങ്ങളായി ഒരുമിച്ചുകൂടി സഭാപരമായ കാര്യങ്ങൾ ചർച്ച ചെയ്യുകയും ആസൂത്രണം ചെയ്യുകയും തീരുമാനിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന കൂട്ടായ്മകൾ ആകണം" എന്നും, "വിശുദ്ധ കുർബാനയുടെ ചൈതന്യത്തിൽ അടിസ്ഥാന ക്രൈസ്തവസമൂഹങ്ങൾ രൂപീകരിക്കുന്നത് സഭ, സഭകളുടെ കൂട്ടായ്മ (Communion of Communities) എന്ന അനുഭവത്തിന് സഹായകരമാണ്" എന്നും സി.ബി.സി.ഐ. നമ്മെ ഉദ്ബോധിപ്പിച്ചു.

ആദിമസഭയുടെ ചൈതന്യമുള്ള ക്രൈസ്തവസമൂഹങ്ങളിൽനിന്നാണ് പ്രേഷിതർ ഉണ്ടാവുന്നത്. "അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്ക് പാത്രമാവുകയും ചെയ്തു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു" (അപ്പ. 2:47). "അവർ കർത്താവിന് ശുശ്രൂഷ ചെയ്തും ഉപവസിച്ചും കഴിയവേ പരിശുദ്ധാത്മാവ് അവരോട് പറഞ്ഞു: "ബാർണബാസിനേയും സാവൂളിനേയും ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി എനിക്കുവേണ്ടി മാറ്റിനിർത്തുക. ഉപവാസത്തിനും പ്രാർത്ഥനയ്ക്കുംശേഷം അവർ അവരുടെമേൽ കൈവയ്പു നടത്തി പറഞ്ഞയച്ചു" (അപ്പ.13:2, 3).

നമ്മൾ ആഘോഷിക്കാൻ പോകുന്ന പ്രേഷിതവർഷത്തിൽ ആദിമസഭയുടെ കൂട്ടായ്മാചൈതന്യം വീണ്ടെടുക്കുവാൻ, 1996 മുതൽ നമ്മുടെ രൂപതയിൽ ഔദ്യോഗികമായി പ്രവർത്തിച്ചു

കൊണ്ടിരിക്കുന്ന കുടുംബക്കൂട്ടായ്മകൾ നമ്മെ ഏറെ സഹായിക്കുന്നതുകൊണ്ട് കുടുംബക്കൂട്ടായ്മകൾ കൂടുതൽ സജീവമാക്കുവാൻ രൂപതാകേന്ദ്രം എല്ലാ പരിശ്രമങ്ങളും നടത്തിവരുന്നു. അതിനോട് സഹകരിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ ഓരോ ഇടവകസമൂഹവും ആദിമസഭാചൈതന്യത്തിലേക്കും പ്രേഷിതപ്രവർത്തനത്തിലേക്കും കടന്നുവരണം. ഇതിലൂടെ മാത്രമേ രൂപതയിലെ സഭാകൂട്ടായ്മയും പ്രേഷിതപ്രവർത്തനവും യാഥാർത്ഥ്യമാവുകയുള്ളൂ. നമ്മുടെ രൂപതയിലെ ഒരംഗംപോലും ഈ കൂട്ടായ്മയിൽനിന്ന് മാറിനിൽക്കാൻ ഇടയാകരുത്. അകന്നുനില്ക്കുന്നവരെ കൂട്ടായ്മയിൽ ചേർക്കാൻ എല്ലാ തലങ്ങളിലുമുള്ള തീവ്രമായ പരിശ്രമങ്ങൾ നടത്തണം. കുടുംബകൂട്ടായ്മാപ്രവർത്തനങ്ങൾ ഇടവകയിൽ സജീവമല്ലെങ്കിൽ അവയെ ജീവസുറ്റതാക്കുവാനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്യേണ്ടതാണ്. അതിനൊരുക്കമായി 2011 ജൂൺമാസം 24-ാം തീയതി വെള്ളിയാഴ്ച പാലാ ളാലം സെന്റ് മേരീസ് പാരീഷ്ഹാളിൽവച്ചു നടത്തപ്പെടുന്ന 6-ാമത് രൂപതാ കുടുംബക്കൂട്ടായ്മാസംഗമത്തിൽ ഓരോ ഇടവകയിൽനിന്നും ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ കുറഞ്ഞത് 10 പ്രതിനിധികളെയെങ്കിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

മെത്രാസനമന്ദിരം, പാലാ
15-06-2011

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

**N.B.** 2011 ജൂൺ 19-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ വായിക്കുവാനായി നൽകപ്പെട്ട സർക്കുലർ.



സർക്കുലർ No. 102

# സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്

**പ്രിയ ബഹു. വികാരിയച്ചാ,**

ചങ്ങനാശേരി അതിരൂപതയുടെയും പാലാ കാഞ്ഞിരപ്പള്ളി രൂപതകളുടെയും സംയുക്താഭിമുഖ്യത്തിൽ കഴിഞ്ഞ 14 വർഷമായി പാലായിൽ പ്രവർത്തിക്കുന്ന സിവിൽസർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ഇതിനോടകം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ സിവിൽ സർവ്വീസ് പരീക്ഷയിൽ 5 ഐ.എ.എസും ഒരു ഐ.എഫ്.എസും 2 ഐ.പി.എസും ഉൾപ്പെടെ 13 പേർ കൂടി വിജയിച്ചതോടെ നമ്മുടെ ഇൻസ്റ്റിറ്റ്യൂട്ടിലൂടെ അഖിലേന്ത്യാ, സെൻട്രൽ സർവ്വീസുകളിലേക്ക് കയറിപ്പറ്റിയവരുടെ എണ്ണം 50 തികഞ്ഞിരിക്കുന്നു എങ്കിലും ഇവിടെ ലഭ്യമായ സൗകര്യങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തുവാൻ നമ്മുടെ സമുദായാംഗങ്ങളായ ഉദ്യോഗാർത്ഥികൾക്ക് കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം.

പാലാ സെന്റ് തോമസ് കോളജ് കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ സിറ്റി കാമ്പസ് തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ പള്ളിയങ്കണത്തിൽ തുറന്നിരിക്കുകയാണ്. ഹൈസ്കൂൾ, ഹയർസെക്കൻഡറി, ഡിഗ്രിതലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ഐ.എ.എസ്. പരീക്ഷകൾക്കുള്ള തയ്യാറെടുപ്പ് നടത്തുവാൻ സാധിക്കുന്ന ഫൗണ്ടേഷൻ കോഴ്സുകളും വാരാന്ത്യകോഴ്സുകളും ഈ വർഷം മുതൽ സിറ്റിക്യാമ്പസിലും ആരംഭിക്കുന്നു. ഹൈസ്കൂൾ, പ്ലസ് ടൂ വിദ്യാർത്ഥികൾക്കുള്ള ഫൗണ്ടേഷൻ കോഴ്സ് ജൂലൈ 16-നും ആർട്സ് & സയൻസ് കോളജുകളിലും പ്രൊഫഷണൽ കോളേജുകളിലും പഠിക്കുന്ന സമർത്ഥരും കഠിനാദ്ധ്വാനികളുമായ

വിദ്യാർത്ഥികൾക്കുള്ള ആഡ് ഓൺ കോഴ്സ് ജൂലൈ 23-നും തുടങ്ങുന്നതാണ്. ഈ കോഴ്സുകൾ കൂടാതെ ഡിഗ്രിയും പിജിയും പാസായവർക്കുവേണ്ടിയുള്ള 18 മാസത്തെ സിവിൽസർവ്വീസ് ഫുൾടൈം ക്ലാസ്സുകളും U.G.C/N.E.T/J.R.F/ S.E.T./M.A.T. പരീക്ഷകൾക്കും ബാങ്ക് ടെസ്റ്റുകൾക്കും പി.എസ്. സി. ടെസ്റ്റുകൾക്കുമുള്ള ഹ്രസ്വകാലകോഴ്സുകളും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പാലാ കാമ്പസിൽ നടത്തപ്പെടുന്നു.

നമ്മുടെ രാജ്യത്തെ ഭരണസംവിധാനത്തിന്റെ ഉന്നതശ്രേണികളിലേക്ക് പ്രവേശനം ഉറപ്പാക്കുന്ന ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ വിദ്യാർത്ഥികളും മാതാപിതാക്കളും ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

മെത്രാസനമന്ദിരം, പാലാ
15-06-2011

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

---

**N.B:** ഈ വിവരം ജൂലൈ 10-ാം തീയതി ഞായറാഴ്ച പള്ളിയിൽ അറിയിക്കേണ്ടതാണ്.



# യുവജനദിനം 2011

**ജൂലൈ 10 ഞായർ**

**കെ.സി.ബി.സി. യുവജനകമ്മീഷൻ**

**പുറപ്പെടുവിക്കുന്ന സർക്കുലർ**

വന്ദ്യവൈദികരേ, സന്യസ്തരേ, പ്രിയ സഹോദരരേ, വാത്സല്യമുള്ള യുവജനസുഹൃത്തുക്കളേ,

മാർതോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച-ഇക്കൊല്ലം ജൂലൈ 10-ന് ആണല്ലോ കേരളസഭ യുവജനദിനമായി ആചരിക്കുന്നത്. വിശ്വാസതീക്ഷ്ണതയിൽ വളരുന്നതിനും ആ വിശ്വാസം മറ്റുള്ളവരിലേക്ക്, പ്രത്യേകിച്ച്, സമപ്രായക്കാരിലേക്ക് കൈമാറുന്നതിനുമുള്ള ഉത്തരവാദിത്വം യുവജനങ്ങളിൽ ജനിപ്പിക്കുകയാണ് യുവജനദിനത്തിന്റെ ഒരു വലിയ ലക്ഷ്യം. ആഗോളസഭ നവസുവിശേവത്കരണത്തെക്കുറിച്ചു ഗൗരവപൂർവം ചിന്തിക്കുന്ന പശ്ചാത്തലത്തിൽ അതിനേറെ പ്രസക്തിയുണ്ട്.

ഈ ആഗസ്റ്റ് മാസത്തിൽ സ്പെയിനിലെ മാഡ്രിഡിൽ വച്ചുനടക്കുന്ന 26-ാം ലോകയുവജനദിനത്തിന്റെ മുഖ്യ വിഷയമായി പരിശുദ്ധ പിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ തിരഞ്ഞെടുത്തിരിക്കുന്നത് "യേശുക്രിസ്തുവിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്തപ്പെട്ടും നിങ്ങൾ സ്വീകരിച്ച വിശ്വാസത്തിൽ ദൃഢത പ്രാപിക്കുവിൻ" (കൊളോ. 2:7) എന്നതാണ്. ദൈവത്തിൽ ശരണപ്പെട്ട് ദൈവവചനത്തിൽ വീടുപണിത വിശുദ്ധരുടെ ജീവിത മാതൃക അനുകരിച്ച് ക്രിസ്തുവിൽ ആഴപ്പെടാൻ പരിശുദ്ധ പിതാവ് യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. ആഴത്തിൽ അടിത്തറയിട്ടാലേ ഉറപ്പുള്ള സൗധം പണിതുയർത്താനാകൂ എന്നതു സുവിദിതമാണല്ലോ. ദൈവത്തിന്റെ വിളികേട്ട് അതിനോട് പ്രത്യുത്തരിക്കുന്നതുവഴിയാണു നല്ല അടിത്തറ ഇടുന്നതും നന്നായി പണിയുന്നതുമെന്ന കാര്യം യുവജനങ്ങൾക്കു നല്ല ബോധ്യം ഉണ്ടായിരിക്കണം.

2012 ഒക്ടോബർ 7-28 വരെ റോമിൽ ചേരുന്ന മെത്രാന്മാരുടെ സിനഡിന്റെ വിഷയം 'ക്രൈസ്തവ വിശ്വാസകൈമാറ്റത്തിനു

നവസുവിശേഷവത്കരണം' എന്നതാണ് . ക്രൈസ്തവ സമൂഹത്തിലുണ്ടാകേണ്ട നവസുവിശേഷവത്കരണത്തെ സംബന്ധിച്ച് ആദ്യം പ്രതിപാദിച്ചത് യുവജനങ്ങളുടെ വലിയ സുഹൃത്തായ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പയായിരുന്നു (cf. അത്മായ വിശ്വാസികൾ-34). ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പയും 'നവസുവിശേഷവത്കരണ'ത്തിന് കൂടുതൽ പ്രാധാന്യം നല്കാൻ ആഗ്രഹിക്കുന്നു. 2010 സെപ്റ്റംബർ 21-ന് പുറത്തിറക്കിയ 'എല്ലായ്പ്പോഴും എല്ലായിടത്തും' എന്ന തിരുവെഴുത്തുവഴി നവസുവിശേഷവത്കരണത്തിനായി ഒരു പുതിയ പൊന്തിഫിക്കൽ കൗൺസിൽ മാർപാപ്പ രൂപീകരിക്കുകയുണ്ടായി. കൂടാതെ സിനഡിന്റെ ചർച്ചാ വിഷയവുമായി ബന്ധപ്പെട്ട്, പൊന്തിഫിക്കൽ കൗൺസിൽ 2011 ഫെബ്രുവരി 2-ന് പുറത്തിറക്കിയിരിക്കുന്ന മാർഗരേഖ സമകാലിക സമൂഹത്തിലെ സുവിശേഷവത്കരണപ്രക്രിയയെ സംബന്ധിച്ച് വിശദമായ ചർച്ചയ്ക്ക് വഴിയൊരുക്കുന്നതുമാണ്. യുവജനങ്ങൾ ഈ രേഖ പഠിക്കുകയും കേരളത്തിന്റെ പശ്ചാത്തലത്തിൽ എന്തു ചെയ്യാനാവുമെന്നു ചർച്ചചെയ്തു തീരുമാനങ്ങൾ എടുക്കുകയും അവ പ്രാവർത്തികമാക്കുകയും ചെയ്താൽ അതു വലിയ നന്മകൾ പുറപ്പെടുവിക്കും.

ക്രൈസ്തവ സമൂഹം തന്നെയാണ് നവസുവിശേഷവത്കരണത്തിന്റെ ലക്ഷ്യം. സുവിശേഷമൂല്യങ്ങൾക്കനുസരിച്ചുള്ള ജീവിതത്തിനു വന്നിരിക്കുന്ന ശോഷണം തിരുത്താനുള്ള ശ്രമമാണു മുഖ്യമായും നമുക്കുണ്ടാകേണ്ടത്. ആദിമ ചൈതന്യത്തിലേക്കുള്ള തിരിച്ചു പോകൽ അതിന് അത്യന്താപേക്ഷിതമാണ്. മാറിവരുന്ന സാഹചര്യങ്ങളോടും അവസ്ഥകളോടും പ്രത്യുത്തരിക്കാനും പുതിയ വഴികൾ വെട്ടിത്തുറക്കാനുമുള്ള ധീരതയും വേണം. ആത്മീയശക്തികൊണ്ട് നിറഞ്ഞ യുവജനങ്ങൾക്കതു സാധിക്കും. സുവിശേഷം വായിച്ച് അതു ജീവിതത്തിൽ പകർത്താൻ യുവജനങ്ങൾ സന്നദ്ധരാകണം. അങ്ങനെ സുവിശേഷത്തിനു ധീരമായി സാക്ഷ്യം നല്കാൻ പ്രിയ യുവസുഹൃത്തുക്കളേ, നിങ്ങൾക്കു കഴിയട്ടെ.



സമൂഹം, സംസ്കാരം, സാമ്പത്തികം, പൗരജീവിതം, രാഷ്ട്രീയം, മാധ്യമങ്ങൾ, ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ രംഗങ്ങളിൽ സുവിശേഷമൂല്യങ്ങൾ - അവ യഥാർത്ഥ മാനുഷികമൂല്യങ്ങൾ തന്നെയാണ് - സംക്രമിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കാൻ കഴിയുക ഇന്നു പ്രധാനപ്പെട്ട കാര്യമാണ്. സജീവവും ജീവദായകവുമായ സുവിശേഷ സന്ദേശങ്ങൾ എങ്ങും എത്തണം. മതവിരുദ്ധവും സഭാവിരുദ്ധവുമായ സന്ദേശങ്ങൾ വഴി മനുഷ്യന്റെ മനസ്സാക്ഷിയിൽ നിന്നു ദൈവത്തെ പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുവാൻ പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നു.

ആഗോളീകരണം നിരവധി നന്മകൾ മനുഷ്യസമൂഹത്തിന് നല്കിയിട്ടുണ്ട്. പക്ഷേ, അവയോടൊപ്പമോ അവയേക്കാളേറെയോ ദോഷങ്ങളും അതു വരുത്തിവയ്ക്കുന്നുണ്ട്. മനുഷ്യൻ കേവലം ഭൗതിക ജീവിയാണെന്നും ഉപഭോഗമാണ് മനുഷ്യജീവിതത്തിലെ ഏറ്റവും മഹത്തായ കാര്യമെന്നുമുള്ള വ്യാജമാണ് എങ്ങും പ്രചരിപ്പിക്കുന്നത്. മാധ്യമങ്ങൾ അതിനു വഹിക്കുന്ന പങ്കു വലുതാണ്. യുവജനങ്ങൾ വേഗം ഉപഭോഗസംസ്കാരത്തിന് അടിമപ്പെടുകയും ചെയ്യുന്നു. അത്യധികം ആഗ്രഹത്തോടെ അന്വേഷിക്കപ്പെടുന്ന ഭൗതിക ക്ഷേമവും സുഖാസ്വാദനവും അവരുടെ ജീവിതാദർശമായി ത്തീരുന്നു. അത് എങ്ങനെയും എന്തുവിലകൊടുത്തും നേടാൻ ശ്രമിക്കുന്നു. പരിത്യാഗം ആവശ്യപ്പെടുന്നതെന്തും ഒഴിവാക്കാൻ ഇടയാകുന്നു. ആദ്ധ്യാത്മികവും മതപരവുമായ മൂല്യങ്ങളുടെ അന്വേഷണത്തെയും പരിശീലനത്തെയും തള്ളിക്കളയാനും ഇടയാകുന്നു (മൂന്നാം സഹസ്രാബ്ദത്തിലേക്ക്-58). ഇവിടെയാണ് പരിശുദ്ധ പിതാവ് മുന്നോട്ടു വയ്ക്കുന്ന നവസുവിശേഷവത്കരണം കൂടുതൽ പ്രസക്തമായിരിക്കുന്നത്; യുവജനങ്ങളുടെ ശ്രദ്ധ ഇതിലേക്ക് തിരിയേണ്ടതിന്റെ പ്രാധാന്യവും ഇവിടെ വ്യക്തമാകുന്നുണ്ട്.

ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായിട്ടുള്ള വളർച്ചയും നാം ശ്രദ്ധിക്കണം. അതു മാനവരാശിക്ക് നല്കിയിട്ടുള്ള സംഭാവനകൾ വലുതാണ്. എന്നാൽ അവയുടെ ഫലങ്ങൾ ആനുപാതികമായി എല്ലാവർക്കും ലഭിക്കുന്നില്ല. സ്വത്തിന്റെ കേന്ദ്രീകരണം ചെറിയൊരു വിഭാഗം ആളുകളിൽ ഒതുങ്ങുന്നതു നല്ലതല്ല. ശാസ്ത്ര സാങ്കേ

തിക നേട്ടങ്ങളുടെ ഫലങ്ങൾ എല്ലാവർക്കും ഒന്നുപോലെ സംല ഭ്യമാകണം. ഒപ്പം, ശാസ്ത്രസാങ്കേതിക വിദ്യകൾ അധാർമ്മികമായി ഉപയോഗിക്കുന്നത് മനുഷ്യന് നാശമാകുമെന്ന കാര്യവും വിലയി രുത്തപ്പെടണം. ഭരണരംഗത്തും മറ്റു പല രംഗങ്ങളിലും അഴിമതി യുടെ അഴിഞ്ഞാട്ടം സംഭവിക്കുന്നു. സാധാരണക്കാരായ ജനങ്ങ ളാണ് പ്രത്യക്ഷമായും പരോക്ഷമായും പലപ്പോഴും ഇതിന് ഇരക ളാകുന്നത്. അതിനാൽ അഴിമതിയും അധാർമ്മികതയും ഇല്ലായ്മ ചെയ്യാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണം.

നവസുവിശേഷവത്കരണത്തിന് നേതൃത്വം നല്കേണ്ടത് യുവ ജനങ്ങൾ തന്നെയാണ്. യുവജനങ്ങളെ സഭയുടെ അജപാലന താത്പര്യത്തിന്റെ ഒരു വിഷയം മാത്രമായി കരുതിയാൽ പോരാ, മറിച്ച് അവരെ സഭയുടെ സുവിശേഷവത്കരണത്തിന്റെ നടുനാ യകരായും കരുതണം. അവർ സമൂഹനവീകരണത്തിൽ ഭാഗഭാ ക്കുകളാകണം (cf. അത്മായ വിശ്വാസികൾ-46). എല്ലാ മനുഷ്യ രുടെയും സമഗ്രവളർച്ച ലക്ഷ്യം വച്ച് പ്രവർത്തിക്കാനാണു യുവജ നങ്ങൾ മുന്നോട്ട് വരേണ്ടത്. ദാരിദ്ര്യനിർമ്മാർജ്ജനം, സകലർക്കും വിദ്യാഭ്യാസം, എല്ലാവർക്കും ആരോഗ്യരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കായി അവർ പ്രവർത്തിക്കണം. അനീതി, വിഭാഗീയചിന്ത, അക്രമം, വർഗീയത എന്നിവയ്ക്കെതിരെ പ്രതി രോധം തീർക്കേണ്ടതും യുവജനങ്ങളുടെ ദൗത്യം തന്നെയാണ്. ബഹുസ്വരതയുള്ള നമ്മുടെ നാട്ടിൽ മതങ്ങളും ജനസമൂഹങ്ങളും തമ്മിൽ സഹകരണവും സംഭാഷണവും മൈത്രിയും വളർത്താൻ കഴിയുന്നതും വിശാലവീക്ഷണം കൈമുതലായുള്ള കത്തോലിക്കാ യുവജനങ്ങൾക്കു തന്നെയാണ്.

മാതാപിതാക്കൾ നല്കുന്ന ആത്മീയ, ഭൗതിക സുരക്ഷിതത്വ ത്തിലും വിശ്വാസം പരിപോഷിപ്പിക്കപ്പെടുന്ന ഇടവക സംവിധാന ത്തിലും നിന്ന് നമ്മുടെ യുവജനങ്ങൾ പല സ്ഥലങ്ങളിലേക്ക് പഠ നത്തിനും ജോലിക്കുമായി പോകുമ്പോൾ അവിടെ അവർക്ക് വിശ്വാ സത്തിനും ധാർമ്മികതയ്ക്കും ചേർന്ന സാഹചര്യമുണ്ടെന്ന് മാതാ പിതാക്കൾ ഉറപ്പുവരുത്തണം. ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ മാസ്മ രികതയിലേക്കും ഇന്റർനെറ്റിലെ നല്ല അറിവിന്റെ പരിധികൾക്ക പ്പുറത്തുള്ള അനന്തസാദ്ധ്യതകളിലേക്കും അനേകം മറ്റു കൗതുക ങ്ങളിലേക്കും നിരീശ്വരപ്രസ്ഥാനങ്ങളിലേക്കും അധാർമ്മികപ്ര വർത്തനങ്ങളിലേക്കും മദ്യ-മയക്കുമരുന്നുകളിലേക്കും ആകൃഷ്ട രായി വിശ്വാസത്തിൽ ഇടർച്ചയുണ്ടാകാനും ജീവിതം താളം തെറ്റാ നുമുള്ള സാഹചര്യങ്ങൾ ഇന്ന് വളരെയേറെയുണ്ട്. അപ്പോൾ നമ്മുടെ യുവജനങ്ങളെ കത്തോലിക്കാവിശ്വാസസമൂഹവുമായി ബന്ധപ്പെടുത്തി നിറുത്താൻ ശ്രദ്ധിക്കുന്നതിന്റെ ആവശ്യകത കൂടു തൽ വ്യക്തമാകുകയാണ്.

സാമൂഹികമായ മാറ്റം ഉൾക്കൊണ്ടുകൊണ്ട് കത്തോലിക്കായുവ ജനസംഘടനകളുടെ പ്രവർത്തനം കൂടുതൽ സജ്ജീവമാക്കണം. സഭയുടെ ഔദ്യോഗിക യുവജനസംഘടനയായ കെ.സി.വൈ.എം. പോലുള്ള യുവജനസംഘടനകൾ ഓരോ ഇടവകയിലും എല്ലാ യുവജനങ്ങളെയും ഉൾക്കൊള്ളത്തക്കവിധം കൂടുതൽ പ്രവർത്ത നക്ഷമമാവുകയും വേണം. മാതാപിതാക്കൾ മക്കളെ നമ്മുടെ യുവ ജനപ്രസ്ഥാനങ്ങളിൽ അംഗങ്ങളാക്കുന്നതിൽ തത്പരരാകണം. ഇട വക, ഫൊറോന, രൂപത, സംസ്ഥാനതലത്തിൽ യുവജനങ്ങൾക്ക് അവധിക്കാല വിശ്വാസപരിശീലന ക്യാമ്പുകളും സംഗമങ്ങളും സംഘടിപ്പിക്കേണ്ടതാണ്. യുവജനങ്ങൾ തങ്ങളുടെ ബുദ്ധിയും സമ്പത്തും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പങ്കുവയ്ക്കാനുതകുന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. ഇടവകതലത്തിൽ യുവജനമതബോധനം, യുവജനധ്യാനങ്ങൾ, പ്രാർത്ഥനാസമ്മേള നങ്ങൾ എന്നിവ സംഘടിപ്പിക്കണം. കുമ്പസാരിക്കാനും ദിവ്യകാ രുണ്യം സ്വീകരിക്കാനും യുവജനങ്ങളെ പ്രോത്സാഹിപ്പിക്കണം. വഴിതെറ്റാതിരിക്കാനും ഇനി വഴിതെറ്റാനിടയായാൽ തിരിച്ചുവ രാനും അതു സഹായിക്കുമല്ലോ. വൈയക്തികവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും ആത്മീയവുമായ രൂപീകരണ ത്തിലൂടെ യുവജനങ്ങളുടെ ശക്തീകരണം നടക്കണം. യു.എൻ.ഒ. യുവജനവർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ യുവജനങ്ങൾ തങ്ങളെത്തന്നെയും തങ്ങളുടെ കഴിവുകളെയും അറിഞ്ഞ് പരി പോഷിപ്പിക്കാനും പക്വതയുള്ള വ്യക്തികളായി ഉത്തരവാദിത്വ

ത്തോടെ ജീവിക്കാനും വേണ്ടതൊക്കെ മുതിർന്ന തലമുറ അവർക്ക് ഒരുക്കിക്കൊടുക്കാൻ സന്നദ്ധരാകേണ്ടതുമാണ്.

സഭയിലെ യുവജനശുശ്രൂഷയിൽ പങ്കുകാരാകുവാൻ ഓരോരുത്തരെയും ഞങ്ങൾ ക്ഷണിക്കുന്നു. നമ്മുടെ യുവജനങ്ങൾ രൂപത, സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. യുവജനശുശ്രൂഷ ഫലപ്രദമായി നടക്കുവാൻ എല്ലാസഭാംഗങ്ങളും പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുമല്ലോ. യുവജനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന സമ്പത്ത് ഭാവിയിലേയ്ക്കുള്ള മുതൽക്കൂട്ടാണെന്ന് നാം അറിഞ്ഞിരിക്കണം. ഇടവകകളും രൂപതകളും സ്ഥാപനങ്ങളും യുവജനദിനം സമുചിതമായി ആചരിക്കണം. യുവജനദിനത്തിൽ എല്ലാ ഇടവകകളിലും യുവജനങ്ങൾക്കുവേണ്ടി പ്രത്യേകമായി ദിവ്യബലി അർപ്പിക്കുകയും യുവജനമുന്നേറ്റത്തിനു പ്രചോദനമേകുന്ന പരിപാടികൾ ക്രമീകരിക്കുകയും ചെയ്യുന്നത് ഉചിതമാണ്. യുവജനങ്ങളെ ആദരിക്കാനും അവരിലാണ് നമ്മുടെ പ്രതീക്ഷയെന്ന് അവരെ അറിയിക്കാനുമുള്ള ഏറ്റവും പറ്റിയ അവസരമാണിത്.

വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പ 1986 ഫെബ്രുവരി 10-ന് ബോംബെയിൽ വച്ച് ഇന്ത്യയിലെ യുവജനങ്ങൾക്ക് നല്കിയ സന്ദേശം ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിക്കാം." പ്രിയപ്പെട്ട യുവജനങ്ങളേ, ജീവിതത്തിന്റെ ലക്ഷ്യം വ്യക്തമാക്കികൊണ്ട് ലോകത്തിലെ പ്രശ്നങ്ങളെന്തെന്നറിയാൻ സഭ നിങ്ങളെ സഹായിക്കും. മനുഷ്യമഹത്ത്വത്തെ ഊന്നിപ്പറഞ്ഞുകൊണ്ടും മനുഷ്യവംശത്തെപ്പറ്റി സഭയ്ക്കുള്ള ധാരണ നിങ്ങളുമായി പങ്കുവച്ചുകൊണ്ടും അപ്രകാരം ചെയ്യും. ഓരോ ഘട്ടത്തിലും സഭ നിങ്ങളോടൊപ്പം നില്ക്കുകയും നിങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സർവ്വോപരി, ജീവിതപ്രശ്നങ്ങളെ നേരിടാനുള്ള മാർഗങ്ങൾ നിങ്ങൾക്കു നല്കും. മറ്റു വാക്കുകളിൽ പറഞ്ഞാൽ, സഭ നിങ്ങൾക്ക് ക്രിസ്തുവിനെ നല്കും. ക്രിസ്തുവിനോട് ഐക്യപ്പെട്ട് അവിടത്തെ സ്നേഹത്തിൽ നിലനില്ക്കാൻ സഭ നിങ്ങളെ നിർബന്ധിക്കും. ജീവിതത്തിലെ വിജയങ്ങളും പരാജയങ്ങളും അധിനിവേശങ്ങളും പ്രശാന്തതയോടെ നേരിടാൻ നിങ്ങളെ സജ്ജരാക്കും. നിങ്ങളുടെ ആവേശവും



സാമർത്ഥ്യവും ആദർശനിഷ്ഠയും നിങ്ങളുടെ അയൽക്കാരുടെയും ഭാരതത്തിന്റെയും ലോകത്തിന്റെയും ഉപകാരത്തിനായി ഉപയോഗിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ". യുവജനങ്ങൾക്കുവേണ്ടി സഭ ഇക്കാര്യമാണ് എന്നും ചെയ്യുന്നത്. യുവജനദിനാചരണം അതു ശക്തിപ്പെടുത്തുന്നതിനുള്ള ഉപാധിയുമാണ്.

യുവജനദിനത്തിന്റെ മംഗളങ്ങൾ നിങ്ങൾക്കു ഹൃദയപൂർവ്വം നേർന്നുകൊണ്ടും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ,**

കെ.സി.ബി.സി. യുവജനകമ്മീഷൻ ചെയർമാൻ

**ബിഷപ്പ് തോമസ് മാർ അന്തോനിയോസ്**

**ബിഷപ്പ് ഡോ. ജോസഫ് കരിയിൽ**

കെ.സി.ബി.സി. യുവജനകമ്മീഷൻ വൈസ് ചെയർമാൻ

---

**N.B.** 2011 ജൂലൈ 10-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്. ജൂലൈ 10-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ യുവജനദിന പിരിവ് നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക 31-ാം തീയതിക്കകം രൂപതാ കേന്ദ്രത്തിൽ ഏൽപിക്കേണ്ടതുമാണ്.

## കച്ചേരിക്കാര്യം

**സ്ഥലമാറ്റം, നിയമനം**

**Rev. Fathers**

| | |
|---|---|
| Kappiliparampil Kuriakose | - Vicar, Ayyampara |
| Kavumpurath George | - Asst. Rector, St.Alphonsa Shrine Church &Pilgrim Centre, Bharananganam |
| Thomas Puthukulangara | - Professor, G. S. Minor Seminary, Palai |
| Zacharias Thondamkulam | - German Ministry |
| Abraham Palckathadathil | - Study - Rome |

**ഫാ. ചാൻസലർ**

## ഇടവകസഹായഫണ്ട് (N.C.F. Fund)

**നമ്മുടെ രൂപതയിലെ ഇടവകസഹായഫണ്ടിൽ (Needy Church Fund) ഈ വർഷം സഹായം പ്രതീക്ഷിക്കുന്ന പള്ളികൾ ജൂലൈ 20-നകം കൺവീനർ N.C.F. കമ്മറ്റി, ബിഷപ്സ് ഹൗസ്, പാലാ, 686575 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.**



**ലേഖനം**

# പ്രതീക്ഷയുടെ പുതിയ കലാലയവർഷം

**മാർ ജോസഫ് കല്ലറങ്ങാട്ട്**

കേരളത്തിൽ വിദ്യാലയവർഷം ആരംഭിക്കുന്നത് ജൂൺമാസത്തിലാണല്ലോ. മൺസൂൺ മഴക്കാറിനും മഴക്കോളിനുമൊപ്പം വിദ്യാലയവർഷാരംഭത്തോടെ വിദ്യാഭ്യാസമേഖല എന്ന പ്രശ്നകലുഷിത അവസ്ഥയിലേക്കും കേരളം പ്രവേശിക്കുകയായി. ശാന്തമായ പഠന-കലാലയഅന്തരീക്ഷം നിലനിർത്തുന്നതിന് കഴിയാതെപോകുന്നതിന്റെ കാരണങ്ങൾ നാം വിശകലനവിധേയമാക്കേണ്ടതാണ്. മഹാത്മാഗാന്ധി 1937-ൽ എഴുതിയ നിരീക്ഷണം ഇന്നും കേരളത്തെ സംബന്ധിച്ച് ചില അപ്രിയസത്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തും. ഗാന്ധിജി എഴുതി: "തിരുവിതാംകൂറിലും മദിരാശിയിലുമുണ്ടായ എന്റെ അടുത്തകാലത്തെ പര്യടനത്തിനിടയിൽ എനിക്ക് അറിയാൻ കഴിഞ്ഞു, ഞാനുമായി ഇടപെടാൻ ഇടയായ മിക്ക വിദ്യാർത്ഥികളും ബുദ്ധിജീവികളും ബുദ്ധിവികാസത്തിന്റെയല്ല, ബുദ്ധിയുടെ ദുർവ്യയത്തിന്റെ ഉദാഹരണങ്ങളാണ് എന്ന്."

നമ്മുടെ വിദ്യാഭ്യാസമേഖലയിലെ സമസ്തപ്രശ്നങ്ങളുടെയും അടിസ്ഥാനകാരണം മഹാത്മാവ് ഇവിടെ കാണിച്ചുതരുന്നു -ബുദ്ധിയുടെ ദുർവ്യയം. പാഠപുസ്തകങ്ങൾ രചിക്കുന്നിടത്തും തിരഞ്ഞെടുക്കുന്നിടത്തും പാഠ്യപദ്ധതികൾ നടപ്പിൽ വരുത്തുന്നിടത്തും ബുദ്ധിയുടെ ദുർവ്യയം ദൃശ്യമാണ്. വിദ്യാർത്ഥികളെ ബൗദ്ധികശിക്ഷണത്തിൽ വളർത്തി സമൂഹത്തിനു പ്രയോജനമുള്ളവരാക്കുവാൻ നിയോഗിക്കപ്പെടുന്നവർ വക്രബുദ്ധിയോടെ ചിന്തിക്കുന്നവരും മനസ്സിനെ വഴിതെറ്റിക്കുന്നവരുമാണെങ്കിൽ, പ്രശ്നങ്ങൾക്കു പരിഹാരമാവേണ്ട സർവ്വകലാശാലകളും വിദ്യാഭ്യാസമേഖല മുഴുവനും പ്രശ്നകലുഷിതമാകും. അമേരിക്കൻ പ്രസിഡന്റായിരുന്ന ജെയിംസ് മാഡിസൺ പറയുമായിരുന്നു. "അറിവ് സ്വതന്ത്രമായി പ്രസരിപ്പിക്കുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യത്തിനുള്ള വഴി എന്ന്." കേരളത്തിൽ അറിവിന്റെ മേഖലയ്ക്ക് സ്വയം പ്രവർത്തിക്കാനും പ്രസരിക്കാനും വളരാനുമുള്ള സ്വാതന്ത്ര്യം നിഷേ

ധിക്കപ്പെടുന്നു. സർക്കാരുകൾ ഏറ്റവുമധികം ക്രൂശിക്കുന്നത് വിദ്യാഭ്യാസമേഖലയെ ആണ്. വിദ്യാർത്ഥികളെ ഭാവിയിലെ വോട്ടർമാരായും ഇന്നത്തെ സമരനിരകളിൽ സംഖ്യാബലം വർദ്ധിപ്പിക്കിന്നതിനുള്ള ഉപാധികളുമായിക്കാണുന്നവർ അറിവിന്റെ ശത്രുക്കളും നെറിവുകേടിന്റെ വഴിയെ സഞ്ചരിക്കുന്നവരുമാണ്. രാഷ്ട്രക്ഷേമത്തിനുവേണ്ടി രാഷ്ട്രീയപ്രവർത്തനം നടത്തുന്നവരാണ് ഇന്ന് നാടിന് ആവശ്യം. രാഷ്ട്രീയപാർട്ടികൾക്കുവേണ്ടിയും സ്വന്തം സ്ഥാപിതതാല്പര്യങ്ങൾക്കുവേണ്ടിയും പൊതുരംഗത്ത് വരുന്നവർ ജനപക്ഷത്തും ധർമ്മപക്ഷം നില്ക്കുവാൻ കെല്പു കാണിക്കുകയില്ല. അടുത്ത തിരഞ്ഞെടുപ്പിൽ സ്ഥാനം ഉറപ്പിക്കണം, മത്സരരംഗത്തുണ്ടാവണം എന്ന ഉദ്ദേശത്തോടെ പ്രവർത്തിക്കുന്നവർ കപടരാഷ്ട്രീയതന്ത്രങ്ങൾ മെനയാതിരിക്കുകയില്ല. മഹത്തുക്കളായ രാഷ്ട്രതന്ത്രജ്ഞർ നാട്ടിൽ ഉണ്ടാകുമ്പോഴേ നാടിന്റെ വിദ്യാധനവും വർദ്ധിക്കൂ. മഹാത്മാഗാന്ധിജിയും ഡോ. രാധാകൃഷ്ണനനും ജവഹർലാർ നെഹ്റുവുമൊക്കെ ഇക്കാര്യത്തിൽ എത്ര ശ്രേഷ്ഠമാതൃകകളാണ്.

വിദ്യാഭ്യാസമേഖലയിൽ ശമ്പളം നല്കുന്നത് സർക്കാരിന്റെ ഖജനാവിൽനിന്നാണ്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസമേഖലയിൽ സമ്പൂർണ്ണനിയന്ത്രണം തങ്ങൾക്കുവേണം എന്ന് സർക്കാരുകൾ ശഠിക്കുന്നത് രാഷ്ട്രീയപാപ്പരത്തമാണ്. ഭരണം നടത്തുന്നവർ നല്കുന്ന ആനുകൂല്യമല്ല നാട്ടിലെ വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും. അത് പൊതുജനങ്ങളുടെ പണമാണ്. ആ പണം ഉപയോഗിച്ചാണ് ജനസേവകർ ആഡംബരജീവിതം നയിക്കുന്നതും നാടുചുറ്റുന്നതും സ്വന്തം സ്ഥാനങ്ങൾ ഉറപ്പിക്കുന്നതും എന്ന വസ്തുത അവർ സൗകര്യപൂർവ്വം മറക്കുന്നു. കലാലയങ്ങളുടെ സ്വയംഭരണ അവകാശം, ആനുകൂല്യങ്ങൾ കൈയടക്കുവാനുള്ള ഉപാധിയല്ല, പഠനമികവ് ഉറപ്പുവരുത്തുവാനുള്ള അവശ്യവ്യവസ്ഥയാണ്. പൊതുമേഖലയും സ്വകാര്യമേഖലയും പരസ്പരപൂരകങ്ങളായി ആരോഗ്യകരമായ മത്സരബുദ്ധിയോടെ സഹകരിച്ചുപ്രവർത്തിക്കണം. അപ്പോൾ കലാലയങ്ങൾ ഇളംമനസ്സുകൾക്ക് സ്വതന്ത്രമായി ബുദ്ധിയുടെയും മനസ്സിന്റെയും ഹൃദയത്തിന്റെയും



ആത്മാവിന്റെയും ചിറകുകൾ വിടർത്തി പറക്കുവാനുള്ള വേദിയാകും. സർക്കാർ ചെയ്യേണ്ടത് ദർശനമികവും കാര്യക്ഷമതയും അച്ചടക്കവും പഠനനിലവാരവുമുള്ള നല്ല കലാലയങ്ങൾ നടത്തി പൊതുസമൂഹത്തിന് മാതൃക നല്കുകയാണ്, അല്ലാതെ നിയന്ത്രണങ്ങൾ അടിച്ചേല്പിച്ച് സ്ഥാപനങ്ങളെ ശരാശരിക്കു താഴേക്ക് വലിച്ചിടുകയല്ല വേണ്ടത്. ഗുരുക്കന്മാരുടെ നിലവാരത്തിനപ്പുറത്തേക്ക് സമൂഹം വളരില്ല, അതിനാൽ ഗുരുക്കന്മാരുടെ നിലവാരം സദാ ഉയർത്തുന്നതിനുള്ള ക്രിയാത്മകവും ഭാവാത്മകവുമായ കാര്യങ്ങൾ സർക്കാരുകൾ നിർവ്വഹിക്കണം.

കുറെ വർഷങ്ങളായി കേരളത്തിന്റെ വിദ്യാഭ്യാസമേഖലയെ തമസ്സിൽ ആക്കുന്ന ഒന്നാണ് പാഠപുസ്തകവിവാദങ്ങൾ. കലാലയങ്ങളിൽ സംഭവിക്കേണ്ടത് സത്യാന്വേഷണമാണ്, തമസ്കരണമല്ല. ചരിത്രസത്യങ്ങളെ ദുർവ്യാഖ്യാനം ചെയ്തും അവസരവാദപരമായി വളച്ചൊടിച്ചും വിദ്യാർത്ഥികളുടെ മുന്നിൽ അവതരിപ്പിക്കുന്നത് അധർമ്മമാണ്. ആശയസംവാദങ്ങൾക്ക് തുറന്നിട്ട അനേകം വേദികൾ ഉണ്ടായിരിക്കേണ്ട ഇളംമനസ്സുകൾക്ക് പരിശീലനം നല്കേണ്ട പാഠപുസ്തകങ്ങളിൽ വിവാദ പരാമർശങ്ങളും സത്യവിരുദ്ധവീക്ഷണങ്ങളും നിറയ്ക്കുന്നത് കപടരാഷ്ട്രീയവും ആത്മവഞ്ചനയും ഒപ്പം മാനവസംസ്കാരത്തോടുള്ള വെല്ലുവിളിയുമാണ്. ഇരുപതാംനൂറ്റാണ്ടിൽ മാത്രം രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ എത്രയോകോടി നിരപരാധികളെ നിർദ്ദയമായി കൊല ചെയ്തു. നരഹത്യക്കു നേതൃത്വം നല്കിയ വ്യക്തികളെ ആദർശപുരുഷന്മാരായി പൂവിട്ടു പൂജിക്കുന്നവർ സംസ്കാരത്തിന്റെ കാവൽഭടന്മാരാകുന്നത് എങ്ങനെ? ആത്മവിമർശനം നടത്തുവാൻ ധൈര്യമുള്ളവർ ഒരിക്കലും മറ്റുള്ളവരെ കുറ്റവാളികളാക്കുന്ന കപടഭാഷണങ്ങൾ നടത്തുകയില്ല.

ചിന്തയിൽ ശ്രേഷ്ഠവും കർമ്മത്തിൽ ഉത്കൃഷ്ടവും എഴുത്തിൽ മികവുറ്റവയുമാണ് പാഠപുസ്തകങ്ങളിലൂടെ ഇളംമനസ്സുകളിൽ എത്തേണ്ടത്. ഇതിനുള്ള സാധ്യതകൾ ഇന്ന് അനന്തമാണ്. പക്ഷേ, പലപ്പോഴും നേരെമറിച്ചാണ് സംഭവിക്കുന്നത്. വിവാദ പാഠഭാഗങ്ങളിലൂടെ, അത് അടിച്ചേല്പിക്കുന്നവർ ഉപദേശിക്കുന്നത്

സമാധാനമാവില്ല; വിവാദങ്ങൾ സൃഷ്ടിക്കുക, സാമൂഹ്യജീവിതത്തിന്റെ ഭദ്രത തകർക്കുക, ജനവിഭാഗങ്ങളോട് സ്പർദ്ധ സൃഷ്ടിക്കുക, അതിനിടയിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ നടക്കുന്നത് തടയുക, അങ്ങനെ ചരിത്രത്തെ പിന്നോട്ട് നയിക്കുക, ആത്യന്തികമായി സാമ്പത്തികദാരിദ്ര്യവും ബൗദ്ധിക അടിമത്തവും നിലനിർത്തുക തുടങ്ങിയവയാണ്. ഈ ഗൂഢലക്ഷ്യങ്ങൾ തിരിച്ചറിയുന്നവർക്ക് ഈ അവിവേകം കണ്ട് മൗനമായിരിക്കുവാൻ കഴിയുകയില്ല. പുതിയ അധ്യയനവർഷവും വിവാദ പാഠഭാഗങ്ങളുമായി വിദ്യാഭ്യാസവകുപ്പ് രംഗത്തുവന്നിരിക്കുന്നു എന്നത് ശോചനീയമാണ്.

സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ പലരുടെയും ദൃഷ്ടിയിൽ കരടുകളാണ്. സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിൽ എന്താണ് സ്വകാര്യമായി ഉള്ളത്? ആരുടെ സ്വകാര്യസ്വത്താണ് അവ? വളരെ തെറ്റിദ്ധാരണകൾ ജനിപ്പിക്കുന്ന പദമാണ് “സ്വകാര്യം” എന്നത്. വാസ്തവത്തിൽ ഈ സ്ഥാപനങ്ങൾ ഒന്നും സ്വകാര്യങ്ങളല്ല, പൊതുവാണ്. ഏതെങ്കിലും സ്വകാര്യവ്യക്തിയുടെ താല്പര്യസംരക്ഷണമോ, ധനസമ്പാദനമോ, പ്രശസ്തിയോ കത്തോലിക്കാവിദ്യാലയങ്ങളുടെ നിയോഗമല്ല. മതപരിവർത്തന ഉപാധികളായി അവ ഒരിക്കലും വർത്തിക്കുന്നുമില്ല. ഏതു മാനുഷികപ്രസ്ഥാനങ്ങൾക്കും സംഭവിക്കുന്ന പരിമിതകളും മാനുഷിക പിഴവുകളും ഇവയ്ക്കും സംഭവിക്കാം. തിരുത്തപ്പെടേണ്ടതായി ഉള്ള യാതൊന്നിനെയും കത്തോലിക്കാവിദ്യാഭ്യാസസ്ഥാപനങ്ങൾ ന്യായീകരിക്കുകയില്ല. ചിലരുടെ പ്രസ്താവനകളും പ്രതികരണങ്ങളും കാണുമ്പോൾ, കേരളത്തിന് അപ്പുറത്തേക്കു ദൃഷ്ടികൾ ഓടിക്കുവാൻപോലും ഉള്ള ഹൃദയവിശാലത അവർക്കില്ലല്ലോ എന്നു തോന്നും. ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾ അതീവ സുഗമമായി പ്രവർത്തിക്കുന്നു! കേരളംമാത്രം വളരാൻ പാടില്ല! ലോകനിലവാരത്തിലേക്ക് കേരളത്തിലെ വിദ്യാർത്ഥികളെയും എല്ലാവിധത്തിലും വളർത്തുകയാണ് കത്തോലിക്കാവിദ്യാലയങ്ങളുടെ ലക്ഷ്യം. കാലത്തിനുമുമ്പേ സഞ്ചരിക്കുന്നവരെ മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും കഴിവില്ലാത്തവർ, കാലപ്രവാഹത്തിൽ കാലഹരണപ്പെട്ടവരായി പിന്തള്ളപ്പെടും. ജോൺ ക്വിൻസി ആഡംസ് പറഞ്ഞു: “ഏറ്റവും സൗഖ്യം നല്കുന്ന ഔഷധവും അശ്രദ്ധയോടെ ഉപയോഗിച്ചാൽ മാരകവിഷമാകും എന്ന്.” വിദ്യാഭ്യാസം ദിവ്യ ഔഷധമാണ്. എത്ര അശ്രദ്ധയോടെയും ലാഘവ ബുദ്ധിയോടെയുമാണ് ഈ ദിവ്യ ഔഷധം ഇന്ന് കൈകാര്യം ചെയ്യപ്പെടുന്നത്. അതിനാൽ വിദ്യാസമ്പന്നർ എന്ന് വിശേഷിപ്പിക്കുന്നവരുടെ ഇടയിലും സംസ്കാരസമ്പന്നരുടെ എണ്ണം വിരളമായിവരുന്നു. ഏറ്റവും കൂടുതൽ മാർക്കുവാങ്ങി പഠനത്തിൽ എത്തുന്ന മെഡിക്കൽ കോളജുകളിലെ കുട്ടികളുടെ ഇടയിലല്ലോ ഏറ്റവും ലജ്ജാവഹമായ റാഗിംഗ് അരങ്ങേറുന്നത്. സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങൾ വിദ്യാഭ്യാസം എന്ന ഔഷധത്തെ അതീവ ശ്രദ്ധയോടെ കൈമാറുന്നതു കുറ്റകരമായിക്കാണുന്നത് വിരോധാഭാസമാണ്. പഠനത്തെ ഗൗരവമായിക്കാണുന്നവർക്കും പഠനം ആജീവനാന്തപ്രക്രിയയായി വീക്ഷിക്കുന്നവർക്കും മനസ്സുള്ളവർ പഠിക്കട്ടെ, ഭാഗ്യമുള്ളവർ വിജയിക്കട്ടെ, ഇതു രണ്ടും ഇല്ലാത്തവർ മോഡറേഷനിലൂടെ വിജയിക്കട്ടെ എന്നൊന്നും ചിന്തിക്കുവാനാവില്ല. മത്സരരംഗങ്ങളിൽ ഒരിടത്തുമില്ലാത്ത ഔദാര്യവും അയഞ്ഞ മനോഭാവവുമാണ് വിദ്യാഭ്യാസരംഗത്തു ചിലർ പുലർത്തുന്നത്. അജ്ഞതയുടെ ഇരുട്ടിൽക്കഴിയുന്നവന് വിജ്ഞാനി എന്നു സർട്ടിഫിക്കറ്റു നല്കുന്നത് ആദരവാണോ? ഫുട്ബോൾമത്സരത്തിൽ തോറ്റ ടീമിനെ മോഡറേഷൻ നൽകി ജയിപ്പിക്കുന്നത് അപഹാസ്യമല്ലേ? സ്വകാര്യമെന്നു പറയുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ കത്തോലിക്കർ നടത്തുമ്പോൾ ആരുടെയും ഇവ്വിധ സ്വകാര്യതാല്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയില്ല. അർഹിക്കാത്തവർക്കു മാർക്കു നല്കി വിജയശതമാനം വർദ്ധിപ്പിക്കുന്നത് നന്മയല്ല, നിലവാരത്തകർച്ചയാണ്. പുതിയ അദ്ധ്യയനവർഷം, പഠിക്കുന്നവർക്കു വിജയവും പഠിപ്പിക്കുന്നവർക്കു അംഗീകാരവും നൽകുന്ന ഒന്നായിരിക്കട്ടെ.

എല്ലാ വിദ്യാഭ്യാസ പ്രശ്നങ്ങൾക്കും പിന്നിൽ സാമ്പത്തിക പ്രശ്നങ്ങളുടെ വേരോട്ടം ഉണ്ട്. മഹാത്മാഗാന്ധി എഴുതി: “സാക്ഷാൽ ധർമ്മശാസ്ത്രമെല്ലാം നല്ല ധനശാസ്ത്രവുംകൂടി ആയിരിക്കണമെന്നതുപോലെതന്നെ സമ്പദ്വ്യവസ്ഥ ഒരിക്കലും

അത്യുന്നതമായ ധാർമ്മികമാനദണ്ഡത്തിന് എതിരായിരിക്കുകയുമില്ല." കത്തോലിക്കാദർശനത്തിൽ എല്ലാ സാമ്പത്തികപ്രശ്നങ്ങളും ആത്മീയപ്രശ്നങ്ങൾകൂടിയാണ്. തെറ്റായ മാർഗ്ഗത്തിലൂടെ സമാഹരിക്കുന്നതും സാമൂഹ്യപ്രതിബദ്ധതയില്ലാതെ ചിലവിടുന്നതും, സുതാര്യതയില്ലാതെ പ്രവർത്തിക്കുന്നതും അധാർമ്മികതയാണ്. ആത്മീയതയുടെ സംശുദ്ധമായ അന്തരീക്ഷത്തിൽ, ആത്മാവിന്റെ പ്രചോദനങ്ങൾക്കനുസരിച്ച്, എതിരാളികളിൽ ആർക്കും വിമർശിക്കാൻ ഇടനല്കാത്തവിധം സംശുദ്ധമായിരിക്കണം നമ്മുടെ പ്രവർത്തനശൈലിയും ജീവിതവും. ഇതിന് കലാലയരംഗത്തു പ്രവർത്തിക്കുന്നവരുടെ ജീവിതങ്ങൾ രണ്ടുദിശകളിലേയ്ക്ക് ഒരുപോലെ തുറവിയുള്ളതായിരിക്കണം, ക്രിസ്തുവിന്റെ സുവിശേഷത്തോടും ഒപ്പം ലോകത്തിന്റെ ആവശ്യങ്ങളോടും. വിമർശനങ്ങളിലൂടെ സ്വയം തിരുത്തുന്നതിനും സുവിശേഷ ശക്തി സ്വീകരിച്ച് ബലം ആർജ്ജിക്കുന്നതിനും ഇതു സഹായിക്കും. സമ്പത്തിനെ ആരാധിക്കുന്ന ലോകം സാമ്പത്തിക ഇടപാടുകളിലെല്ലാം ധനലാഭമാണ് പ്രധാനം എന്നു ചിന്തിക്കുക സ്വാഭാവികമാണ്. കത്തോലിക്കാസ്ഥാപനങ്ങളിൽ ഒരിക്കലും ധനം യജമാനനല്ല, കാര്യപ്രാപ്തിയുള്ള ദാസൻ മാത്രം. ഇതിനപ്പുറവും ഇപ്പുറവും ക്രിസ്തീയതയല്ല.

നൂറുമേനിവിളഞ്ഞ സ്കൂളുകളെപ്പറ്റി എല്ലാവർക്കും അഭിമാനമാണ്. ബൗദ്ധികരംഗത്തുമാത്രം പോരാ നൂറുമേനി. സമഗ്രവ്യക്തിത്വവികസനം നമ്മുടെ ലക്ഷ്യമാവണം. രാഷ്ട്രപിതാവിന്റെ വാക്കുകൾ നമുക്കു വഴികാട്ടിയാണ്. ''വിദ്യാർത്ഥികൾക്ക് കർമ്മൗൽസുക്യം വേണം. അവർ വെറും അനുകർത്താക്കളാകുന്നതു നിർത്തണം. സ്വയം ചിന്തിക്കാനും പ്രവർത്തിക്കാനും അതേസമയം തികച്ചും അച്ചടക്കത്തോടും അനുസരണത്തോടുംകൂടിയ വരാകുവാനും അവർ പഠിക്കണം." കലാലയങ്ങളുടെ ശാന്തിയും ഭദ്രതയും നശിപ്പിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നാടിനു നന്മ ചെയ്യില്ല. കലാലയങ്ങൾ സാമൂഹിക ജീവിതത്തിന്റെ കൂടി പാഠശാലകളാണ്. തരഭേദങ്ങളില്ലാതെ ഒരേ ബഞ്ചിലിരുന്നു പഠിക്കുന്ന സമ്പന്നനും ദരിദ്രനും, സമർത്ഥനും ശരാശരിക്കാരനും, കൃഷ്ണഭക്തനും ശ്രീനാരായണീയനും യേശുഅനുയായിയും കലാലയങ്ങൾക്കു പുറത്തേക്കു വരുമ്പോൾ ചേരിതിരിഞ്ഞു പോർവിളിക്കുന്നത് എന്തുകൊണ്ട്? പരിശീലനരംഗത്തെ ശിക്ഷണരാഹിത്യമാണ് പ്രധാനകാരണം. അക്ഷരങ്ങളെ സ്നേഹിക്കുവാനും പുസ്തകങ്ങളെ മാനിക്കുവാനും ഉദാത്ത ചിന്തകൾകൊണ്ടു മനസ്സിനെ നിറയ്ക്കുവാനും ഹൃദയവിശാലതയുടെ അതിർവരമ്പുകൾ അനുദിനം വികസിതമാക്കുവാനും പുതിയ കലാലയവർഷം സഹായകമാകട്ടെ.


## ജീവനും പുനരുത്ഥാനവും

പരേതരായവർക്കുവേണ്ടി വീടുകളിൽ അത്മായർ നടത്തുന്ന പ്രാർത്ഥനാശുശ്രൂഷയായ "ജീവനും പുനരുത്ഥാനവും" പ്രസിദ്ധീകരിച്ചിരിക്കുന്നു. പുതിയ പതിപ്പിൽ കൂടുതൽ ഗാനങ്ങളും വായനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. കോപ്പികൾ രൂപതാവിശ്വാസപരിശീലനകേന്ദ്രത്തിൽ ലഭ്യമാണ്. വില: 15 രൂപ.

## കുർബാനപുസ്തകം

ജനങ്ങളുടെ ഉപയോഗത്തിന് വിശ്വാസപരിശീലനലക്ഷ്യത്തോടെ പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രോപ്രിയ അടങ്ങിയ പുതിയ കുർബാനപ്പുസ്തകം വിശ്വാസപരിശീലനകേന്ദ്രത്തിൽ ലഭ്യമാണ്. വില: 25 രൂപ.

ലേഖനം

# മാർ ജോർജ് ആലഞ്ചേരി സഭയുടെ പൈതൃകസമ്പത്ത്

**മാർ ജോസഫ് കല്ലറങ്ങാട്ട്**

ഈശോയുടെ ശിരസിൽ പൂശാൻ നാർദ്ദീൻ തൈലം നിറച്ചു വച്ച വെൺകൽഭരണി തുറന്നപ്പോൾ ഭവനം മുഴുവനും സുഗന്ധം പരന്നു. പ്രാർത്ഥനയ്ക്കും കാത്തിരിപ്പിനും ശേഷം മാർ ജോർജ് ആലഞ്ചേരിയെ വലിയ ഇടയനായി ലഭിച്ചപ്പോൾ സീറോ മലബാർ സഭയാകുന്ന കൂട്ടുകുടുംബത്തിന് വലിയ സന്തോഷമായി.

പൗരസ്ത്യസഭകളിലെ മെത്രാന്മാരുടെ സമ്മേളനത്തിന് പരിശുദ്ധ സൂനഹദോസ് (സിനഡ്) എന്നാണല്ലോ പറയുന്നത്. സിനഡ് ഒരു ആഘോഷമാണ് (celebration). വെറുമൊരു ആഘോഷമല്ല ഒരു സമൂഹ-ആഘോഷമാണ് (Con-celebration). അഭിവന്ദ്യ ആലഞ്ചേരി പിതാവിനു ലഭിച്ചത് ദൈവവിളിക്കുള്ളിലെ ദൈവവിളിയാണ്. ദൈവവിളി (Vocation) കേവലം ഒരു വിളിയല്ല. അതും ഒരു സൂഹവിളി (Convocation) ആണെന്ന് നാമെല്ലാവരും മനസ്സിലാക്കി. പരി. സൂനഹദോസിൽ പങ്കെടുക്കുന്ന മെത്രാന്മാർ അവരുടെ രൂപതയിലെ എല്ലാവരുടെയും പ്രതിനിധിയാണ്. വിശ്വാസികളുടെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടവനല്ല. മെത്രാൻ സംഘത്തിലും ആരും ഒറ്റപ്പെട്ട വ്യക്തിയല്ല. പരസ്പരം സജീവബന്ധത്തിൽ കഴിയുന്ന ഒറ്റ ശരീരമാണത്. ഈ ബന്ധത്തിൽ നിന്നുകൊണ്ടാണ് അഭിവന്ദ്യ ആലഞ്ചേരി പിതാവിനെ ശ്രേഷ്ഠഇടയനായി പരി. സിനഡ് തിരഞ്ഞെടുത്തത്.

തക്കലയ്ക്ക് നഷ്ടം സംഭവിച്ചപ്പോൾ സീറോ-മലബാർ സഭയ്ക്ക് നേട്ടമായി. ഒരു ശ്രേഷ്ഠമെത്രാപ്പോലീത്തായെ ജനിപ്പിക്കാൻ സാധിച്ചതിൽ തക്കലയ്ക്ക് സന്തോഷിക്കാം. തക്കലക്കാരെ നേടാൻ അദ്ദേഹം തക്കലക്കാരനെപ്പോലെ ആയിത്തീർന്നതിനാൽ ഈ ജനിപ്പിക്കലിൽ തക്കലയ്ക്ക് കടുത്ത ഈറ്റുനോവ് അനുഭവിക്കേണ്ടി വന്നില്ല. ഒരു ആൺകുട്ടിയെ ജനിപ്പിച്ച സന്തോഷത്തിലാണവർ. അഭിവന്ദ്യ ആലഞ്ചേരിപ്പിതാവിന്റെ മാമ്മോദീസാപ്പേര് ഗീവർഗീസ് എന്നാണ്. പുരാതനമായ ആ സുറിയാനി പദം രണ്ടു ഗ്രീക്ക് വാക്കുകളിൽനിന്നു രൂപമെടുത്തതാണ്. ജിയോ=ഭൂമി, അർഗെയ്ൻ=അധ്വാനിക്കുക. ഭൂമിയിൽ അധ്വാനിക്കുന്നവൻ എന്നാണ് ഗീവർഗിസിന്റെ അർത്ഥം. ജോർജ്, വർക്കി എന്നുള്ളത് ഇംഗ്ലീഷിലും മലയാളത്തിലുമുള്ള രൂപങ്ങളാണ്. മാർ ജോർജ് ആലഞ്ചേരി ഏറെ അധ്വാനിച്ച ഒരു വ്യക്തിയാണ്. എല്ലാം മിശിഹായുടെ സഭയ്ക്കുവേണ്ടി. ആദിമസഭയിലെ പ്രഗല്ഭനായ ഒരു ഗ്രന്ഥകാരനും വിശുദ്ധനും പണ്ഡിതനുമായിരുന്നു ലിയോൺസിലെ ഇരണേവൂസ്. ആ പേര് അർത്ഥമാക്കുന്നതുപോലെ തന്റെ പേരുകൊണ്ടും തന്റെ സ്വഭാവംകൊണ്ടും സ്നേഹം സൃഷ്ടിച്ചവനും, നൽകിയവനുമായിരുന്നു ഇരണേവൂസ്. എറണാകുളത്തുള്ള പി.ഒ.സി. യുടെ ഡയറക്ടർ, വടവാതൂർ പൗരസ്ത്യവിദ്യാപീഠം അധ്യാപകൻ, ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾ, തക്കല രൂപതാദ്ധ്യക്ഷൻ എന്നീ നിലകളിലെല്ലാം കഠിനാദ്ധ്വാനം ചെയ്ത ഒരു വ്യക്തിയാണ് മാർ ആലഞ്ചേരി. മറ്റാരേയുംകാൾ അദ്ദേഹം അദ്ധ്വാനിച്ചു എന്ന് വി. പൗലോസിന്റെ മനസ്സിനോടു ചേർന്ന് നമുക്കു പറയാം.

ശിഷ്യന്മാരിൽനിന്ന് കർത്താവ് മേജറാക്കിയത് പത്രോസിനെയായിരുന്നു. മറ്റാരേയുംകാൾ പത്രോസ് ഈശോയെ സ്നേഹിക്കുന്നു എന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് ഈ നിയമനം നടത്തിയത്. സഹോദരങ്ങളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു ഇത്. സീറോ മലബാർ സഭയിലെ ഓരോ മെത്രാനും ഓരോ വൈദികനും, ഓരോ അത്മായനും, ഓരോ സമർപ്പിതനും, സമർപ്പിതയും ശ്രദ്ധിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും തിരുത്തലുകൾക്കു വിധേയമാക്കപ്പെടുകയും ചെയ്യുമ്പോഴാണ് ഈ ശക്തിപ്പെടുത്തൽ നടക്കുക. അറിവും ആദ്ധ്യാത്മികതയും വിവേകവും ലാളിത്യവും കൊണ്ട് വിളക്കിച്ചേർക്കപ്പെട്ട ഒരു വ്യക്തിത്വമാണ് വലിയ ഇടയനായ മാർ ജോർജ് ആലഞ്ചേരിയുടേത്. ദൈവത്തിന്റെജനത്തെ ദൈവത്തിലേക്കു നയിക്കാൻ അദ്ദേഹത്തിനു കഴിയും. ഒരു സാത്വികന്റെ മൂല്യശ്രേണി കൈമുതലായുള്ള അദ്ദേഹം 'നന്മ ചെയ്തുകൊണ്ട് കടന്നുപോവുകയായിരുന്നു'.

ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം കരസ്ഥമാക്കിയ മാർ ജോർജ് ആലഞ്ചേരി ഒരു ഒന്നാംകിട ദൈവശാസ്ത്രജ്ഞനും വചനപ്രഘോഷകനുമാണ്. നർമ്മരസികനും കർമ്മധീരനുമായ ശ്രേഷ്ഠ ഇടയൻ പൗരാണികപ്രാധാന്യമുള്ള ആലഞ്ചേരി തറവാടിന്റെയും, ചങ്ങനാശേരി അതിരൂപതയുടെയും, തക്കല രൂപതയുടെയും വിശ്വാസ-സാംസ്കാരികപൈതൃകങ്ങളിൽ വളർത്തപ്പെട്ടവനും പരിപോഷിപ്പിക്കപ്പെട്ടവനുമാണ്. സാർവ്വത്രിക സഭയുടെ പ്രബോധനങ്ങളിലും, പൗരസ്ത്യസഭകളുടെ മുഖ്യദൈവശാസ്ത്രസരണികളിലും, സീറോ-മലബാർ സഭയുടെ തനിമയുള്ള ദൈവശാസ്ത്ര-ആധ്യാത്മികപൈതൃകത്തിലും മാർ ജോർജ് ആലഞ്ചേരി സഭാതനയരെ ആഴപ്പെടുത്തും എന്നത് തീർച്ചയാണ്. സീറോ-മലബാർ സഭാംഗങ്ങളായ നമുക്ക് ഇത്തരം പഠനങ്ങൾ ഏറെ ആവശ്യമായിരിക്കുന്ന ഒരു കാലഘട്ടമാണിത്. ശ്രേഷ്ഠഇടയൻ നമ്മെ എല്ലാവരെയും ദൈവത്തെക്കുറിച്ചും സഭയെക്കുറിച്ചും പഠിപ്പിക്കാതിരിക്കില്ല.

ഇന്ന് ലോകത്തിൽ ഒരുപാട് സ്വരങ്ങൾ കേൾക്കുന്നുണ്ട്. ദൈവത്തിന്റെ സ്വരം കേൾക്കാൻ പ്രയാസമാണ്. ശ്രേഷ്ഠഇടയൻ അദ്ദേഹത്തിന്റെ പ്രബോധനങ്ങളിലൂടെ നമ്മെ എല്ലാവരേയും ദൈവത്തിന്റെ സ്വരം കേൾപ്പിക്കും. അത് സുവിശേഷത്തിന്റെ വേരുകളിലേക്കും, ആരാധനക്രമത്തിന്റെ ആഴങ്ങളിലേക്കും, ദേശസ്നേഹത്തിന്റെ മാഹാത്മ്യത്തിലേക്കും മതമൈത്രിയുടെ ആവശ്യകതയിലേക്കും ആധുനികലോകത്തിൽ സഭയ്ക്കുള്ള പ്രസക്തിയിലേക്കും എല്ലാം എത്തിക്കുന്ന വിധത്തിൽ ഉറവിടങ്ങളിൽ അധിഷ്ഠിതവും ഭാവിയെ ലക്ഷ്യം വച്ച് ഉള്ളതുമായിരിക്കും എന്ന് അദ്ദേഹത്തിന്റെ ആദ്യത്തെ "ഊർബി ഏത്ത് ഓർബി" 'പട്ടണത്തിലും ലോകത്തിന്റെ അതിർത്തികളിലും, സ്ഥാനാരോഹണ ശുശ്രൂഷയിലെ സന്ദേശം' ത്തിൽ നിന്ന് വ്യക്തമാണ്. വി. പത്രോസിന്റെ ആദ്യത്തെ ഊർബി ഏത്ത് ഓർബിയിൽ തന്നെ, ആദ്യത്തെ പ്രസംഗത്തിൽ തന്നെ, മൂവായിരം പേർ ദൈവവചനം സ്വീകരിച്ചു. ദൈവത്തിന്റെ സ്വരം കേൾക്കുവാനും പ്രത്യുത്തരിക്കുവാനും ആധുനികസമൂഹത്തെ ഒരുക്കുക എന്ന കർത്തവ്യമാണ് മാർ ആലഞ്ചേരിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഈ ദൈവികസ്വരം ശ്രവിക്കുന്നതിലൂടെ വേണം നാമെല്ലാവരും ത്രിയേക ദൈവത്തിന്റെ കൂട്ടായ്മയിൽ ആഴപ്പെടാൻ. പിതാവ് തന്റെ ശ്ലൈഹികശുശ്രൂഷയിൽ ഈ ദൈവികസ്വരം കേൾക്കുകയും ത്രിതൈക കൂട്ടായ്മ അനുഭവിച്ചറിയുകയും ചെയ്തതുകൊണ്ടാണ് 'നന്മ ചെയ്തുകൊണ്ടു കടന്നുപോകാൻ' സാധിച്ചത്. ഇപ്പോൾ ദൈവം അഭിവന്ദ്യ പിതാവിനെ നിയോഗിച്ചിരിക്കുന്നത് സീറോ-മലബാർ സഭയെ ഒറ്റക്കെട്ടായി നിലനിർത്തുവാനും, അതുവഴി ഭാരതത്തിലെ വിവിധ ക്രൈസ്തവസഭകളെ ശക്തിപ്പെടുത്തുവാനുമാണല്ലോ. വ്യക്തിപരമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും അത് കാത്തുസൂക്ഷിക്കുന്നതിനും അഭിവന്ദ്യ ആലഞ്ചേരിപ്പിതാവ് ഇതിനോടകം നടത്തിയ ശ്രമങ്ങൾ ഏറെ വിജയകരമായിരുന്നു എന്ന് സഭാമക്കൾക്ക് എല്ലാവർക്കും തന്നെ അറിവുള്ളതാണ്. വൈദികവിദ്യാർത്ഥികളോട് ഇതിനോടകം അദ്ദേഹം കാണിച്ചിട്ടുള്ള കരുതൽ എടുത്തു പറയേണ്ടതു തന്നെയാണ്.

അഭിവന്ദ്യ ശ്രേഷ്ഠമെത്രാപ്പോലീത്താ ലോകം മുഴുവനിലുമുള്ള സീറോ-മലബാർസഭാംഗങ്ങളുടെ തലവനും പിതാവുമാണ്. സഭാതലവന്മാർ സഭയിലെ വിശുദ്ധരെപ്പോലെയാണ്. സാർവ്വത്രികസഭയുടെ പൊതുസ്വത്താണ്. വി. കൊച്ചുത്രേസ്യായേക്കാൾ തനിമയുള്ള ഫ്രഞ്ചുകാരി കാണില്ല. വി. തോമസ് മൂറിനെക്കാൾ പ്രത്യേകതയുള്ള ഇംഗ്ലീഷുകാരൻ കാണില്ല, ഫ്രാൻസീസ് അസ്സീസിയെക്കാൾ വലിയ ഇറ്റലിക്കാരൻ കാണില്ല. അൽഫോൻസാമ്മയെക്കാൾ നല്ല ഇന്ത്യാക്കാരി കാണില്ല. എന്നാൽ അവരാരും അവരുടെ രാജ്യത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല. അവർ സഭയുടെ പൊതു പൈതൃകത്തിന്റെ ഭാഗമാണ്. കത്തോലിക്കാസഭയിലെ വിവിധ വ്യക്തി സഭകളുടെ തലവന്മാർക്കും ഈ സാർവ്വത്രികമാനം കൂടിയുണ്ട്. അവരിലൂടെയാണ് വിശ്വാസികൾ പരി. സിംഹാസനത്തോടുള്ള ബന്ധം ഉറപ്പിക്കുന്നതും. ശ്രേഷ്ഠ ഇടയനായ പിതാവിന്റെ സഭാശുശ്രൂഷയ്ക്ക് ദൈവകൃപ സമൃദ്ധമായി ലഭിക്കട്ടേയെന്നു പ്രാർത്ഥിക്കുന്നു.

## BENJAMINS OF G.S.M. SEMINARY, PALAI

| NO. | HOUSE NAME | NAME | PARISH |
|---|---|---|---|
| 1 | ANDASSERY | JAMES | KURAVILANGADU |
| 2 | CHERIPURAM | SEBASTIAN | KANJIRAMATTAM |
| 3 | KADALIKALAYIL | JOSEPH VARGESE | VALACHIRA |
| 4 | KALAPPURACKAL | THOMAS | ARUVITHURA |
| 5 | KALAPPURAKAL | THOMAS | NEELOOR |
| 6 | KIZHAKEKARA | THOMAS | VELLIYAMATTAM |
| 7 | KURIATH | JOSEPH | CHITTAR |
| 8 | MADHURAPPUZHA | THOMAS | ELANJI |
| 9 | MAMALASSERIL | TOM | ALPHONSAPURAM |
| 10 | MANANKAL | JOHN PAUL | KUDAKKACHIRA |
| 11 | MECHERIL | AUGUSTINE | ARUVITHURA |
| 12 | MRALAYIL | JOSEPH | MELUKAVUMATTAM |
| 13 | NADUTHADAM | JOHN | MANNACKANADU |
| 14 | NANGAPARAMPIL | ANTONY | THIDANADU |
| 15 | NEDUNILAM | JOSEPH | JAIGIRI |
| 16 | PURAYIDATHIL | SEBASTIAN | MELUKAVUMATTAM |
| 17 | PADINJAREMURIYIL | THOMAS | POOVARANY (Thodanal) |
| 18 | PAMPADATHU | ANTONY | VELLIKULAM |
| 19 | PANANGATTU | MATHEW | ARUVITHURA |
| 20 | PARAMPUKATTIL | ISSAC | KANJIRAMATTAM |
| 21 | PARIYARATH | THOMAS | VELLIYAMATTAM |
| 22 | PEZHATHUMKAL | SEBASTIAN | ADIVARAM |
| 23 | PLAKUZHIYIL | VINCENT | KANJIRAMATTAM |
| 24 | PYNAPPILLIL | SIMON | KURAVILANGADU |
| 25 | THAIMALAYIL | MATHEW | KADAPLAMATTAM |
| 26 | THENGUPALLI | PHILIP | VEZHANGANAM |
| 27 | VALLOOTHADATHIL | JOSEPH | ELANJI |
| 28 | VELIKKAKATH | JOSEPH | ARUVITHURA |
| 29 | VICHATTU | JOSEPH | THUDANGANADU |






# നിത്യപുരോഹിതന്റെ അന്ത്യനിമിഷങ്ങൾ

**(തിരുവചനഭാഗം: യോഹ 19,28-37)**

ഈശോമിശിഹായുടെ മരണത്തിനു തൊട്ടുമുമ്പും പിമ്പും സംഭവിച്ച കാര്യങ്ങളാണ് ഈ തിരുവചനഭാഗം അവതരിപ്പിക്കുക. ദൈവമായ മനുഷ്യനും മനുഷ്യനായ ദൈവവും എന്ന നിലയിൽ നിത്യപുരോഹിതനായ ഈശോയുടെ അന്തിമനിമിഷങ്ങൾ പുരോഹിതർക്ക് വിലപ്പെട്ട സന്ദേശങ്ങൾ നല്കുന്നവയാണ്. ഈശോയുടെ ദാഹം, ഹിസോപ്പുചെടിയുടെ തണ്ടിൽ ചുണ്ടോടടുപ്പിച്ച നീർപ്പഞ്ഞി, ആത്മാവിനെ സമർപ്പിക്കൽ, പാർശ്വം പിളർക്കപ്പെടൽ, രക്തവും വെള്ളവും പുറപ്പെടൽ തുടങ്ങിയ എല്ലാ സംഭവങ്ങളും മിശിഹായുടെ പുരോഹിതദൗത്യവുമായി ബന്ധപ്പെട്ട യാഥാർത്ഥ്യങ്ങളെ ദൈവശാസ്ത്രപരമായും പ്രതീകാത്മകമായും അവതരിപ്പിക്കുന്നവയാണ്.

**1. പുരോഹിതൻ: ഈശോയുടെ ദാഹമുള്ളവൻ**

*"അനന്തരം എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടി ഈശോ പറഞ്ഞു: എനിക്കു ദാഹിക്കുന്നു"* (വാക്യം 28).

മരണത്തോടടുത്തപ്പോൾ ഈശോയ്ക്ക് ശാരീരികമായി ദാഹമുണ്ടായി എന്നത് സ്വാഭാവികമാണ്. എന്നാൽ, 'തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടി' "എനിക്കു ദാഹിക്കുന്നു" എന്ന് ഈശോ പറഞ്ഞെങ്കിൽ, അത് വെറും ശാരീരികദാഹമല്ല എന്നത് വ്യക്തമാണ്. അതുപോലെതന്നെ, "എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് ഈശോ പറഞ്ഞു" എന്നുപറയുമ്പോൾ അതും ദൈവശാസ്ത്രപരമായ അർത്ഥത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. 'എല്ലാം നിറവേറിക്കഴിഞ്ഞു' എന്നത് ഈശോയുടെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണമാണ്. തന്റെ പുരോഹിതപ്രാർത്ഥനയിൽ ഈശോ ഇങ്ങനെ പറയുന്നു: "അവിടുന്ന് എന്നെ ഏല്പ്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്ത്വപ്പെടുത്തി" (യോഹ 17,4). പിതാവായ ദൈവം ഈശോയെ ഏല്പ്പിച്ച ജോലി അവിടുത്തെ മരണത്തോടുകൂടി പൂർത്തിയാവുകയാണ്. "ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവിടുന്ന് സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു" (യോഹ 13,1). പിതാവു നല്കിയ പാനപാത്രം അവിടുന്ന് കുടിച്ചു (യോഹ 18,11). "തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടി" എന്ന് സുവിശേഷകൻ പറയുന്നത് നീതിമാന്റെ സഹനത്തെക്കുറിച്ച് സങ്കീർത്തനങ്ങൾ പറയുന്നത് മുന്നിൽ കണ്ടുകൊണ്ടാവാം: "എന്റെ അണ്ണാക്ക് ഓടിന്റെ കഷണംപോലെ വരണ്ടിരിക്കുന്നു. എന്റെ നാവ് അണ്ണാക്കിൽ ഒട്ടിയിരിക്കുന്നു" (സങ്കീ 22,15). "ഭക്ഷണമായി അവർ എനിക്കു വിഷം തന്നു; ദാഹത്തിന് അവർ എനിക്കു വിനാഗരി തന്നു" (സങ്കീ 69,21). ഈ സങ്കീർത്തനങ്ങളുടെ വെളിച്ചത്തിലാണ് ആദിമസഭ മിശിഹായുടെ പീഡാനുഭവത്തെ മനസ്സിലാക്കിയത്. അതുകൊണ്ട് ഇത് ഈശോയുടെ രക്ഷാകരദാഹത്തിലേക്കാണ് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നത്.

ഈശോ ദൈവവും മനുഷ്യനുമായതുകൊണ്ട് രണ്ടു ദാഹങ്ങൾ ഇവിടെ സൂചിപ്പിക്കപ്പെടുന്നുണ്ട്: ദൈവത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ദാഹവും മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ദാഹവും. നിത്യപുരോഹിതനെന്ന നിലയിൽ ഈ രണ്ടു ദാഹങ്ങളും ഈശോയിൽ സംഗമിക്കുകയാണ്. ദൈവത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ദാഹം വി. ലിഖിതങ്ങൾ അനുസ്മരിപ്പിക്കുന്നുണ്ട്:



"നീർച്ചാൽതേടുന്ന മാൻപേടയെപ്പോലെ ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു" (സങ്കീ 42, 1-2). ഏശയ്യാപ്രവാചകന്റെ ഗ്രന്ഥത്തിൽ ദൈവം മനുഷ്യനെ ക്ഷണിക്കുന്നതായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ദാഹാർത്തരേ, ജലാശയത്തിലേക്കു വരുവിൻ... എന്റെ അടുക്കൽ വന്ന് എന്റെ വാക്കു കേൾക്കുവിൻ. നിങ്ങൾ ജീവിക്കും" (55,1-3). യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ, കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ "ഈശോ എഴുന്നേറ്റുനിന്ന് ശബ്ദമുയർത്തി പറഞ്ഞു. ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ, അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ... വിശുദ്ധലിഖിതം പ്രഖ്യാപിക്കുന്നതുപോലെ, അവന്റെ ഹൃദയത്തിൽനിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7,37-38). മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ദാഹമാണ് "അവനിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16) എന്ന പ്രസ്താവനയിൽ സൂചിപ്പിക്കുക. ഈ രണ്ടു ദാഹങ്ങളും ദൈവമനുഷ്യനായ മിശിഹായുടെ ദാഹത്തിൽ സംഗമിക്കുന്നു. ഈ ദാഹം ശമിപ്പിക്കുവാനുതകുന്ന ദൈവത്തിന്റെ രക്ഷാകരപ്രവർത്തനമാണ് മിശിഹായിലൂടെ പരിസമാപ്തിയിലെത്തുന്നത്. പുരോഹിതൻ ഈശോയുടെ ഈ ദാഹമുള്ളവനാകണം. ഈ ദാഹമാണ് പുരോഹിതന്റെ ശുശ്രൂഷകൾക്കെല്ലാം തീക്ഷ്ണത നല്കേണ്ടത്.

**2. പുരോഹിതൻ: പാപം നീക്കിക്കളയുന്നവൻ**

*"ഒരുപാത്രം നിറയെ വിനാഗിരി അവിടെ ഉണ്ടായിരുന്നു. അവർ വിനാഗിരിയിൽ കുതിർന്ന ഒരു നീർപ്പഞ്ഞി ഹിസോപ്പുചെടിയുടെ തണ്ടിൽവച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു"* (വാക്യം 29).

"എനിക്കു ദാഹിക്കുന്നു" എന്ന ഈശോയുടെ വാക്കുകൾ കേട്ടപ്പോൾ പടയാളികൾ ദാഹശമനിയെന്നവണ്ണം വിനാഗിരി കൊടുത്തതായും അത് ഈശോ സ്വീകരിച്ചതായുമാണ് യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നത്. എന്നാൽ വി. മർക്കോസിന്റെ അവതരണത്തിൽ 'മീറാ കലർത്തിയ വീഞ്ഞ് അവർ അവനു കൊടുത്തു' എന്നും 'അവൻ അത് കുടിച്ചില്ല' എന്നും പറയുന്നു.

ഇവിടെ വീണ്ടും ചരിത്രത്തെക്കാൾ പ്രാധാന്യം ദൈവശാസ്ത്രത്തിനാണ്. ഹിസോപ്പുചെടിയുടെ തണ്ട് അതാണ് സൂചിപ്പിക്കുന്നത്. പുറപ്പാടുപുസ്തകത്തിൽ ആദ്യപെസഹാവിവരണത്തിൽ പെസഹാക്കുഞ്ഞാടിന്റെ രക്തത്തിൽ ഹിസോപ്പുകമ്പ് മുക്കി രണ്ടു കട്ടിളക്കാലുകളിലും മേൽപ്പടിയിലും തളിക്കുവാൻ നിർദ്ദേശമുണ്ട് (പുറ 12,22). ഇസ്രായേലിനെ ദൈവം രക്ഷിച്ചത് പെസഹാക്കുഞ്ഞാടിന്റെ ഈ രക്തംമൂലമാണ്. അതുകൊണ്ട് യോഹന്നാൻശ്ലീഹാ ഇവിടെ ഈശോയെ പെസഹാക്കുഞ്ഞാടായി അവതരിപ്പിക്കുകയാണ്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ഈശോയെ പെസഹാക്കുഞ്ഞാടായിട്ടാണ് അവതരിപ്പിക്കുന്നത്. ജറുസലേം ദേവാലയത്തിൽ പെസഹാക്കുഞ്ഞാടുകൾ കൊല്ലപ്പെടുന്ന സമയത്ത് ഈശോ മരിക്കുന്നതായാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. പാർശ്വം പിളർക്കപ്പെടുന്ന സംഭവത്തിൽ " അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടിയാണ് ഇതു സംഭവിച്ചത്" (വാക്യം 36) എന്നു പറയുന്നത് ഈശോയെ പെസഹാക്കുഞ്ഞാടായി ചിത്രീകരിക്കുവാനാണ്. അവിടുന്ന് പരസ്യജീവിതം ആരംഭിച്ച സന്ദർഭത്തിൽ യോഹന്നാൻസ്നാപകൻ ഈശോയ്ക്ക് സാക്ഷ്യംവഹിച്ചത്, "ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് (യോഹ 1,29). പെസഹാക്കുഞ്ഞാടായ മിശിഹായുടെ രക്തംമൂലമാണ് മനുഷ്യകുലം പാപത്തിൽനിന്നും രക്ഷിക്കപ്പെട്ടത് എന്ന് ഈ സംഭവം സൂചിപ്പിക്കുന്നു.

പുരോഹിതന്റെ ഏറ്റം പ്രധാനദൗത്യം പാപവിമോചനമാണ്. ഉത്ഥാനത്തിനുശേഷം ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞ വാക്കുകളും ചെയ്ത പ്രവൃത്തികളും ഇത് വ്യക്തമാക്കുന്നുണ്ട്: "ഈശോ അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതുപറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,21-23). ശിഷ്യസമൂഹം പ്രതിനിധീകരിക്കുന്ന സഭയിൽ ദൈവത്തിന്റെ കുഞ്ഞാടായ മിശിഹാ, ആത്മാവിൽ വസിച്ചുകൊണ്ട് പാപം നീക്കിക്കളയുന്ന തന്റെ ജോലി തുടരുകയാണ്. ഈ ജോലി പ്രധാനമായും നിർവ്വഹിക്കപ്പെടുന്നത് സഭയിലെ പുരോഹിതശുശ്രൂഷയിലൂടെയാണ്. അതുകൊണ്ട് സഭയിൽ പുരോഹിതൻ നിർവ്വഹിക്കുന്ന ഏറ്റം വലിയ ശുശ്രൂഷ പാപവിമോചകശുശ്രൂഷതന്നെയാണ്. ലോകത്തിന്റെ പാപം നീക്കിക്കളയുക എന്നത് തന്റെ ഏറ്റം വലിയ ശുശ്രൂഷയായി ഓരോ പുരോഹിതനും കരുതണം.

**3. പുരോഹിതൻ: അരൂപിയുടെ ശുശ്രൂഷകൻ**

*"ഈശോ വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തലചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു"* (വാക്യം 30).

ഈശോ അവിടുത്തെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണം ഇവിടെ പ്രഖ്യാപിക്കുകയാണ്. "എല്ലാം പൂർത്തിയായിരിക്കുന്നു" എന്നത് യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ കുരിശിൽനിന്നുള്ള ഈശോയുടെ അന്തിമവചസ്സുകളാണ്. പിതാവു തന്നെ ഏല്പിച്ച ജോലി, തന്റെ മഹത്ത്വീകരണത്തിലൂടെ, ഈശോ പൂർത്തിയാക്കി. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവിടുന്ന് അവസാനംവരെ സ്നേഹിച്ചു (യോഹ. 13,1). തീവ്രമായ സഹനങ്ങളുടെ മദ്ധ്യേ, സ്നേഹത്തിൽനിന്നും പിന്തിരിയാതെ ഈശോ തന്റെ ദൗത്യം പൂർത്തിയാക്കി. തന്റെ മഹത്ത്വീകരണത്തിലൂടെ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം പരിസമാപ്തിയിലെത്തിച്ചു. "അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു" എന്നു യോഹന്നാൻശ്ലീഹാ പറയുന്നത് ഈശോയുടെ മഹത്ത്വീകരണത്തിലൂടെ പരിശുദ്ധാത്മാവിനെ മനുഷ്യകുലത്തിന് സംലഭ്യമാക്കി എന്ന സൂചന നല്കുന്ന ഒരു പ്രസ്താവനയാണ്. ഈശോയുടെ മരണത്തെയാണ് അത് അവതരിപ്പിക്കുന്നത്. എന്നാൽ മറ്റ് സുവിശേഷകന്മാർ അവതരിപ്പിക്കുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായിട്ടാണ് യോഹന്നാൻശ്ലീഹാ അത് അവതരിപ്പിക്കുന്നത്. ലൂക്കാ സുവിശേഷകൻ ഈശോയുടെ മരണത്തെ അവതരിപ്പിക്കുന്നത് ഇങ്ങ

നെയാണ്: "ഈശോ ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു: പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതുപറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു" (23,46). "ഈശോ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ജീവൻ വെടിഞ്ഞു" എന്നു മാത്രമേ മത്തായി-മർക്കോസ് സുവിശേഷകന്മാർ പറയുന്നുള്ളു (മത്താ 27,50; മർക്കോ 15,37). യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ പിതാവിന്റെ തൃക്കരങ്ങളിലല്ല ഈശോ ആത്മാവിനെ സമർപ്പിക്കുന്നത്. "ഈശോ ആത്മാവിനെ സമർപ്പിച്ചു" എന്നേ പറയുന്നുള്ളു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ മരണത്തിലൂടെ ഈശോ മഹത്ത്വീകരിക്കപ്പെടുകയും അതിന്റെ ഫലമായി പാപത്തിലൂടെ മനുഷ്യകുലത്തിന് നഷ്ടപ്പെട്ട പരിശുദ്ധാത്മാവ് വീണ്ടും മനുഷ്യകുലത്തിന് സംലഭ്യമാകുകയും ചെയ്തു.

വി. യോഹന്നാന്റെ സുവിശേഷപ്രകാരം അരൂപി നല്കപ്പെടുന്നത് ഈശോയുടെ മഹത്ത്വീകരണത്തിന്റെ ഫലമായിട്ടാണ്. "അവൻ ഇതു പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെ ആത്മാവു നല്കപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ ഈശോ അതുവരെയും മഹത്ത്വീകരിക്കപ്പെട്ടിരുന്നില്ല" (യോഹ 7,39). കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ പറഞ്ഞ ഈ പ്രസ്താവന ഈശോയുടെ കുരിശുമരണത്തിൽ അന്വർത്ഥമാകുകയാണ്. ഈശോ മഹത്ത്വീകരിക്കപ്പെട്ടതുവഴി ആത്മാവ് മനുഷ്യകുലത്തിന് നല്കപ്പെട്ടു.

പുരോഹിതൻ പരിശുദ്ധാത്മാവിന്റെ മനുഷ്യനാണ്. പൗരോഹിത്യപദവികൾ നല്കപ്പെടുന്നത് പരിശുദ്ധാത്മാവിന്റെ കൃപാവരത്താലാണ്. പരിശുദ്ധാത്മാവിനടുത്ത ശുശ്രൂഷ നിർവ്വഹിക്കുന്നതിനാണ് ഒരാൾക്ക് പൗരോഹിത്യപദവി നല്കപ്പെടുന്നത്. സീറോ മലബാർ കുർബാനയിലെ കൈവയ്പ്പു പ്രാർത്ഥനയിൽ ഇക്കാര്യം വ്യക്തമായി പറയുന്നുണ്ട്: "ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിന് പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകുവാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി". ഇവിടെ 'ആത്മീയ ശുശ്രൂഷ' എന്നു വിശേഷിപ്പിക്കുന്നത് 'പരിശുദ്ധാത്മാവിനടുത്ത ശുശ്രൂഷ'യാണ്. പുരോഹിതന്റെ ശുശ്രൂഷകളെല്ലാം പരിശുദ്ധാത്മാവിന്റെ ശുശ്രൂഷകളാണ്. പുരോഹിതൻ അരൂപിയെ സ്വർഗ്ഗത്തിൽനിന്നും വിളിച്ചിറക്കുന്നവനും മനുഷ്യർക്ക് അരൂപിയുടെ ശുശ്രൂഷകൾ നിർവഹിക്കുന്നവനുമാണ്. അതുകൊണ്ട് അരൂപിയുടെ നിറവിൽ ജീവിച്ച് തന്റെ ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ പുരോഹിതൻ നിരന്തരം ശ്രമിക്കണം.

**4. പുരോഹിതൻ: കൂദാശകൾ പരികർമ്മം ചെയ്യുന്നവൻ**

*"എന്നാൽ പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു"* (വാക്യം 34).

രണ്ടു കള്ളന്മാരുടെ കാലുകൾ തകർത്തപ്പോൾ ഈശോയുടെ കാലുകൾ തകർത്തില്ല. അത് ഈശോ മരിച്ചുകഴിഞ്ഞു എന്നതിന്റെ പേരിലായിരുന്നു. എങ്കിലും "അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടിയാണ് ഇതു സംഭവിച്ചത്" എന്ന് സുവിശേഷകൻ പറയുന്നു (വാക്യം 36). "ആടിന്റെ അസ്ഥിയൊന്നും ഒടിക്കരുത്" (പുറ 12,46) എന്ന് പെസഹാക്കുഞ്ഞാടിനെപ്പറ്റി പറയുന്ന തിരുവചനഭാഗമായിരിക്കാം ഇവിടെ സൂചിപ്പിക്കുക. ഏതായാലും ഈശോ പെസഹാക്കുഞ്ഞാടായിട്ടാണ് മരിക്കുന്നത് എന്ന് യോഹന്നാൻശ്ലീഹാ വ്യക്തമാക്കുന്നുണ്ട്.

അതേസമയം, ഈശോയുടെ പാർശ്വം പിളർക്കപ്പെടുകയും അവിടെനിന്നു രക്തവും വെള്ളവും പുറപ്പെടുകയും ചെയ്തത് യോഹന്നാൻശ്ലീഹാ പ്രത്യേകം സാക്ഷ്യപ്പെടുത്തുന്ന ഒരു സംഭവമാണ്: "അതുകണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു" (വാക്യം 35). ബൈബിൾവ്യാഖ്യാതാക്കൾ ഇത് പ്രതീകാത്മകമായിട്ടാണ് വിശദീകരിക്കുന്നത്. രക്തം ഈശോയുടെ രക്ഷാകരപ്രവർത്തനത്തെയും, വെള്ളം പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കു

ന്നു. ഈശോയുടെ രക്ഷാകരപ്രവർത്തനം പൂർത്തിയായതിലൂടെ പരിശുദ്ധാത്മാവ് സഭയ്ക്കും മനുഷ്യകുലത്തിനും സംലഭ്യമായിരിക്കുന്നു എന്ന യാഥാർത്ഥ്യം ഇവിടെ പ്രതീകാത്മകമായി അവതരിപ്പിക്കുകയാണ്.

സഭാപിതാക്കന്മാർ ഈ സംഭവത്തിന് കൂദാശാപരമായ ഒരു വ്യാഖ്യാനമാണ് നല്കുന്നത്. മണവാളനായ മിശിഹായുടെ പാർശ്വത്തിൽനിന്നും അവിടുത്തെ മണവാട്ടിയായ സഭയും സഭയുടെ കൂദാശകളും ആവിർഭവിക്കുന്നതായി ഇത് സൂചിപ്പിക്കുന്നു. പാപത്തിൽ മനുഷ്യകുലത്തിന്റെ മാതാവായ ഒന്നാം ഹവ്വ ഒന്നാം ആദത്തിന്റെ പാർശ്വത്തിൽനിന്നും പുറപ്പെട്ടു (ഉൽപ 2,21-22). അതുപോലെ രക്ഷാകരപ്രവർത്തനത്തിൽ മനുഷ്യകുലത്തിന്റെ മാതാവായ സഭ - രണ്ടാം ഹവ്വ - രണ്ടാം ആദമായ മിശിഹായുടെ പാർശ്വത്തിൽനിന്നും പുറപ്പെടുന്നു. സഭതന്നെ മിശിഹായുടെ കൂദാശയാണ്. കൂദാശകളിലൂടെയാണ് സഭയാകുന്ന അമ്മ മക്കളെ അരൂപിയിൽ ജനിപ്പിച്ച് വളർത്തുന്നത്. രക്തവും വെള്ളവും പരി. കുർബാനയെയും മാമ്മോദീസായെയും യഥാക്രമം സൂചിപ്പിക്കുന്നു. മാമ്മോദീസായിലൂടെ മക്കളെ അരൂപിയിൽ ജനിപ്പിച്ച് പരി. കുർബാനയിലൂടെ മക്കളെ അരൂപിയിൽ വളർത്തുന്ന സഭ മിശിഹായുടെ പാർശ്വത്തിൽനിന്നും പുറപ്പെടുന്നു എന്ന് ഈ സംഭവം സൂചിപ്പിക്കുന്നു. പുരോഹിതന്റെ അരൂപിയ്ക്കടുത്ത ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നത് സഭയിലൂടെയും സഭയുടെ കൂദാശകളിലൂടെയുമാണ്. അതുകൊണ്ട് പുരോഹിതൻ സഭയുടെ മനുഷ്യനാണ്. അരൂപിയിലുള്ള വളർച്ചയ്ക്ക് ഉപകരിക്കത്തക്കവിധം സഭയിൽ കൂദാശകൾ പരികർമ്മം ചെയ്യുവാൻ പുരോഹിതൻ പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുന്നു.

**5. പുരോഹിതൻ: മിശിഹായിലേക്ക് എല്ലാവരെയും ആകർഷിക്കുന്നവൻ**

"*മറ്റൊരു തിരുവെഴുത്തു പറയുന്നു തങ്ങൾ കുത്തിമുറിവേല്പ്പിച്ചവനെ അവർ നോക്കിനില്ക്കും*" (വാക്യം 37).

ഇവിടെ അനുസ്മരിക്കുന്ന തിരുവെഴുത്ത് സഖ 12,10 ആകാനാണ് സാദ്ധ്യത: "ഞാൻ ദാവീദുഭവനത്തിന്റെയും ജറുസലേം നിവാസികളുടെയുംമേൽ കൃപയുടെയും പ്രാർത്ഥനയുടെയും ചൈതന്യം പകരും. അപ്പോൾ തങ്ങൾ കുത്തിമുറിവേല്പ്പിച്ചവനെ നോക്കി ഏകജാതനെപ്രതിയെന്നപോലെ അവർ കരയും. ആദ്യജാതനെപ്രതിയെന്നപോലെ ദുഃഖത്തോടെ വിലപിക്കും". കുരിശിലുള്ള ഉയർത്തപ്പെടൽ മഹത്ത്വത്തിലുള്ള ഉയർത്തപ്പെടലിന്റെ മുന്നോടിയാണ്. രണ്ടും ഒരേ സംഭവത്തിന്റെ - മഹത്ത്വീകരണത്തിന്റെ - രണ്ടു വശങ്ങളാണ്. ഈശോയുടെ മഹത്ത്വീകരണം രക്ഷയ്ക്കും ശിക്ഷയ്ക്കും കാരണമാകും എന്ന സൂചന ഇവിടെയുണ്ട്. മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനും ഉയർത്തപ്പെടണമെന്നും അവനിൽ വിശ്വസിക്കുന്നവർ ജീവൻ കണ്ടെത്തുമെന്നും യോഹ 3,14 ൽ പറയുമ്പോൾ, 'വിശ്വസിക്കാത്തവനോ, ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കായ്കമൂലം നേരത്തെതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു എന്ന് യോഹ 3,18 ൽ പറയുന്നു. ഇങ്ങനെ, ഈശോയുടെ ഉയർത്തപ്പെടൽ വിശ്വാസത്തെയും വിശ്വാസമില്ലായ്മയെയും ആധാരമാക്കിയുള്ള രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണ്ണായകമായിത്തീരുന്നു എന്ന് ഈ സംഭവം വ്യക്തമാക്കുന്നുണ്ട്. അന്ത്യാത്മകവിധിയുടെ ഒരു സൂചനയും ഇതിൽ കാണാം. വെളിപാടുപുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "ഇതാ, അവൻ മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നു. ഓരോ മിഴിയും അവിടുത്തെ കാണും. അവനെ കുത്തിമുറിവേല്പ്പിച്ചവരും അവനെപ്രതി മാറത്തടിച്ചു വിലപിക്കുന്ന ഭൂമിയിലെ സർവ്വഗോത്രങ്ങളും അവനെ ദർശിക്കും" (1,7). ഈശോയുടെ മഹത്ത്വീകരണം മനുഷ്യകുലത്തിന്റെ രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണ്ണായകമായിത്തീർന്നിരിക്കുന്നു എന്ന് ഇതെല്ലാം സൂചിപ്പിക്കുന്നു.

സുവിശേഷത്തിലെ മറ്റൊരു സംഭവവും ഇവിടെ അനുസ്മരിക്കുന്നുണ്ട്. പരസ്യജീവിതത്തിന്റെ അവസാനഘട്ടത്തിൽ ഈശോ തന്റെ മഹത്ത്വീകരണത്തെപ്പറ്റിയും ഉയർത്തപ്പെടലിനെപ്പറ്റിയും പരാമർശിക്കുന്ന സന്ദർഭമാണത്. തന്റെ മഹത്ത്വീകരത്തെപ്പറ്റിയുള്ള സ്മരണ ഈശോയുടെ ആത്മാവിനെ അസ്വസ്ഥമാക്കിയപ്പോൾ അവിടുന്ന് പിതാവിനോട് പ്രാർത്ഥിക്കുകയും പിതാവ് മഹത്ത്വീകരണത്തെ ഉറപ്പിച്ചുകൊണ്ട് പ്രത്യുത്തരിക്കുകയും ചെയ്തു. അപ്പോൾ ഈശോ പറഞ്ഞു: "ഇപ്പോഴാണ് ഈ ലോകത്തിന്റെ ന്യായവിധി.

ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും. ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" (യോഹ 12,31-32). ഈശോയുടെ മഹത്ത്വീകരണം രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണ്ണായകമാകുന്നതോടൊപ്പം, അതിലൂടെ എല്ലാ മനുഷ്യരെയും അവിടുത്തെ പക്കലേക്ക് ആകർഷിക്കുകയും ചെയ്യും. ദൈവത്തിന്റെ രക്ഷാകരസ്നേഹം ഈശോയുടെ ഉയർത്തപ്പെടലിൽ ലോകത്തിന് വെളിപ്പെടുന്നതുകൊണ്ട്, എല്ലാ മനുഷ്യരും ഈ സ്നേഹത്താൽ ആകർഷിക്കപ്പെടുമെന്നും ഇത് സൂചിപ്പിക്കുന്നു. മനുഷ്യരക്ഷയ്ക്ക് നിർണ്ണായകമായ മിശിഹായുടെ ഉത്ഥാനത്തിന് സാക്ഷിയാണല്ലോ പുരോഹിതൻ. പുരോഹിതശുശ്രൂഷ എല്ലാ മനുഷ്യരെയും ഉത്ഥിതനായ മിശിഹായിലേക്ക് ആകർഷിക്കുന്ന ഒരു ശുശ്രൂഷയായിത്തീരണം.

**ജീവിതസൂചിക**

1. എന്റെ അജപാലനശുശ്രൂഷയിൽ ഈശോയുടെ ദാഹത്തിന്റെ തീക്ഷ്ണത ഞാൻ എത്രമാത്രം ഉൾക്കൊള്ളുന്നുണ്ട്?
2. പുരോഹിതനടുത്ത പാപവിമോചകദൗത്യത്തിന് എന്റെ അജപാലനശുശ്രൂഷയിൽ ഞാൻ എത്രമാത്രം പ്രാധാന്യം നല്കുന്നുണ്ട്?
3. അരൂപിയിൽ മറ്റുള്ളവരെ വളർത്തുന്ന ശുശ്രൂഷകനായി വർത്തിക്കുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?
4. യോഗ്യമായവിധം കൂദാശകൾ പരികർമ്മം ചെയ്യുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. മിശിഹായിലേക്ക് എല്ലാവരെയും ആകർഷിക്കുവാൻ എന്റെ പുരോഹിതശുശ്രൂഷ എങ്ങനെ ഉപകരിക്കുന്നു?




## പാലാ കമ്മ്യൂണിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ 'കാഴ്ച – 2011' ഷോർട്ട് ഫിലിം മത്സരം

കേരളത്തിലെ പ്രമുഖ കലാ-സാംസ്കാരിക പ്രസ്ഥാനമായ പാലാ കമ്മ്യൂണിക്കേഷൻസ് ഉത്തമമൂല്യങ്ങളും സനാതന സന്ദേശങ്ങളും ഉൾക്കൊള്ളുന്ന മികച്ച കലാസൃഷ്ടികളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 'കാഴ്ച-2011' ഷോർട്ട്ഫിലിം മത്സരം സംഘടിപ്പിക്കുന്നു. ഏറ്റവും മികച്ച ഷോർട്ട്ഫിലിമുകൾക്കും സംവിധായകർക്കും തിരക്കഥാകൃത്തുക്കൾക്കും അവാർഡു നല്കുന്നതാണ്.

**നിബന്ധനകൾ**

1. ധാർമ്മികതയിൽ ഊന്നിയ സന്ദേശങ്ങൾ, ഉത്തമമൂല്യങ്ങൾ എന്നിവ പ്രചരിപ്പിക്കുന്നതും സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതും, ഉത്തമ കുടുംബജീവിതം, സാംസ്കാരിക ഉന്നമനം എന്നിവ ലക്ഷ്യമാക്കുന്നതുമായ ഷോർട്ട്ഫിലിമുകൾ, ഡോക്യു-ഫിക്ഷൻ തുടങ്ങിയവ മത്സരത്തിനയയ്ക്കാവുന്നതാണ്.
2. ഷോർട്ട്ഫിലിമിന്റെ ദൈർഘ്യം അരമണിക്കൂറിൽ കൂടാനോ 10 മിനിറ്റിൽ കുറയാനോ പാടില്ല.
3. ഷോർട്ട്ഫിലിം മലയാളം, ഇംഗ്ലീഷ് ഉൾപ്പെടെ ഏതു ഭാഷയിലുമാകാം.
4. വീഡിയോ ക്യാമറ, ഹാൻഡികൃാം, മൊബൈൽ ഫോൺ എന്നിവ ചിത്രീകരണത്തിന് ഉപയോഗിക്കാവുന്നതാണ്.
5. ഷോർട്ട്ഫിലിമിന്റെ DVD/VCD ഫോർമാറ്റിൽ 3 കോപ്പി അയയ്ക്കേണ്ടതാണ്.
6. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മത-സാംസ്കാരിക പ്രസ്ഥാനങ്ങൾ, ഇടവകകൾ, സൺഡേസ്കൂൾ, വ്യക്തികൾ എന്നിവർക്ക് എൻട്രികൾ അയയ്ക്കാം. ഷോർട്ട്ഫിലിമിന്റെ നിർമ്മാതാവ്, സംവിധായകൻ, തിരക്കഥാകൃത്ത് എന്നിവ സംബന്ധിച്ച് സ്ഥാപനാധികാരിയുടെയോ നിർമ്മാതാവിന്റെയോ സാക്ഷ്യപത്രം കോപ്പിയോടൊപ്പം അയയ്ക്കേണ്ടതാണ്.

7. മാധ്യമരംഗത്തു പ്രവർത്തിക്കുന്ന പ്രമുഖരുടെ ഒരു പാനൽ വിധിനിർണ്ണയം നടത്തുന്നതാണ്.
8. പാലായിൽ 2011 സെപ്റ്റംബറിൽ നടക്കുന്ന അഖിലകേരള പ്രൊഫഷണൽ നാടകമേളയുടെ സമാപനത്തിൽ അവാർഡ് വിതരണം ചെയ്യുന്നതാണ്.
9. ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ് എന്നിവ അടങ്ങിയതാണ് അവാർഡ്.
10. എൻട്രികൾ 2011 ഓഗസ്റ്റ് 15-നു മുമ്പായി താഴെക്കാണുന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

കാഴ്ച-2011, C/o പാലാ കമ്മ്യൂണിക്കേഷൻസ്, ഷലോം പാസ്റ്ററൽ സെന്റർ, പാലാ - 686 575, Ph: 04822 - 210812, 201039

**ബാബു കുരുവിള** | **ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ**
**കോ-ഓർഡിനേറ്റർ** | **9048306071**

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

നമ്മുടെ രൂപതയിൽ നിന്നും നേഴ്സിംഗ് പഠനത്തിനായി കേരളത്തിനു വെളിയിലുള്ള സ്ഥാപനങ്ങളിലേക്ക് പോകുന്ന പെൺകുട്ടികൾക്കായി ജൂലൈ 22, 23, 24 തീയതികളിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഒരു ധ്യാനം നടത്തപ്പെടുന്നു. ബഹു. ജോസ് അഞ്ചാനിക്കലച്ചനും ബഹു. ജോസഫ് അരിമറ്റത്തിലച്ചനുമാണ് പ്രസ്തുത ഓറിയന്റേഷൻ പ്രോഗ്രാം നടത്തുക. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഫാമിലിസെന്റർ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫീസ് 200 രൂപാ, ഫോൺ: 210049**

**ഫാ. ജോൺസൺ പുള്ളീറ്റ്**
**ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്**






# വിശ്വാസപരിശീലനരംഗം

### 1. പഠനവർഷം

ആത്മീയതയ്ക്കും പഠനത്തിനും പ്രേഷിതതീക്ഷ്ണതയ്ക്കും ഊന്നൽ നൽകിക്കൊണ്ടുള്ള വിശ്വാസപരിശീലനവർഷം ആരംഭിച്ചു. 178 സ്ഥലങ്ങളിലാണ് ഈ വർഷം നമ്മുടെ രൂപതയിൽ വിശ്വാസപരിശീലനം നടത്തുന്നത്. പഠനത്തിന് ഒന്നര മണിക്കൂർ ലഭിക്കത്തക്കതുപോലെ അനുബന്ധപരിപാടികളും മീറ്റിംഗുകളും നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓരോ ഞായറാഴ്ചയും നടത്തുന്ന ബൈബിൾ ക്വിസ് മത്സരത്തിന്റെ കൂടെ അന്നത്തെ നമസ്കാരവും പഠിച്ചെഴുതുവാൻ ശ്രദ്ധിക്കുക. അഞ്ചാംക്ലാസുമുതലുള്ള എല്ലാ കുട്ടികൾക്കും ജപമാലയും നമസ്കാരങ്ങളും മന:പാഠമായി അറിയാമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 2. ദുക്റാനത്തിരുനാൾ

രൂപതാവിശ്വാസപരിശീലനദിനമായ ജൂലൈ 3 സമുചിതമായി ആചരിക്കുക. വാർഷികം നടത്താത്തവർക്ക് അന്നു നടത്താവുന്നതാണ്. മറ്റു സ്ഥലങ്ങളിൽ പ്രത്യേകമീറ്റിംഗ് നടത്തി പ്രേഷിതത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനുതകുന്ന അവസരം ക്രമീകരിക്കുക.

### 3. അൽഫോൻസാ തീർത്ഥാടനം

ജൂലൈ 17-ാം തീയതി ചെറുപുഷ്പമിഷൻലീഗിന്റെയും സൺഡേ സ്കൂളിന്റെയും ആഭിമുഖ്യത്തിൽ അൽഫോൻസാ തീർത്ഥാടനം നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽ നിന്നും സാധിക്കുന്നത്ര ഒരുങ്ങി തീർത്ഥാടകർ എത്തിച്ചേരുവാൻ ശ്രദ്ധിക്കുക. ഇടപ്പാടി കുരിശുപള്ളി ജംഗ്ഷൻ മേലമ്പാറ ദീപ്തി സെമിനാരി എന്നിവിടങ്ങളിൽനിന്നാണ് തീർത്ഥാടനം ആരംഭിക്കുന്നത്. തിരക്കൊഴിവാക്കി പ്രാർത്ഥനാപൂർവ്വം തീർത്ഥാടനം നടത്തുവാൻ കൃത്യസമയത്ത് ഓരോ ഫൊറോനായിൽനിന്നുമുള്ളവർ എത്തിച്ചേരുക. താഴെ പറയുന്ന വിധമാണ് സമയക്രമീകരണം.

**ഇടപ്പാടി -** പാലാ 12.15, ചേർപ്പുങ്കൽ 12.30, രാമപുരം 12.45, ഇലഞ്ഞി 1.00, കോതനല്ലൂർ 1.15, മുട്ടുചിറ 1.30, കുറവിലങ്ങാട് 1.45

**മേലമ്പാറ -** ഭരണങ്ങാനം 12.15, തുടങ്ങനാട് 12.30, തീക്കോയി 12.45, മൂലമറ്റം 1.00, പൂഞ്ഞാർ 1.15, അരുവിത്തുറ 1.30.

അലങ്കാരം, പ്രാർത്ഥനാചൈതന്യം, ആനുപാതികമായി കുട്ടികളുടെ എണ്ണം എന്നിവ മുൻനിർത്തി എ, ബി, സി വിഭാഗങ്ങൾക്ക് തീർത്ഥാടനത്തിൽ നന്നായി പങ്കെടുക്കുന്നതിന് പ്രത്യേക സമ്മാനം നൽകുന്നതാണ്.

### 4. സി.റ്റി.പി.

പഠനവർഷമായതിനാൽ അദ്ധ്യാപകരുടെ പരിശീലനത്തിനും ഈ വർഷം പ്രത്യേകപ്രാധാന്യമുണ്ട്. മതാദ്ധ്യാപകരെല്ലാം വിശ്വാസവിഷയങ്ങളിൽ അറിവുള്ളവരായിരിക്കണമെന്നതിനാൽ ഇതുവരെ സി.റ്റി.പി. പാസാകാത്തവരെല്ലാം ഈ വർഷത്തെ സി.റ്റി.പി. കോഴ്സിൽ നിർബന്ധമായും പങ്കെടുക്കണം. ഓഗസ്റ്റ് 30-ാം തീയതിയാണ് ഈ വർഷത്തെ കോഴ്സ് ആരംഭിക്കുന്നത്. 24 ക്ലാസ്സുകൾ ഉണ്ട്. സാധാരണ ഭരണങ്ങാനം മാതൃഭവനിൽ വച്ചായിരിക്കും ക്ലാസ്. ഫീസ് 1500 രൂപാ. പൂരിപ്പിച്ച അപേക്ഷാഫോറവും ഫീസും സഹിതം ആഗസ്റ്റ് 20-നു മുമ്പ് പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്.

### 5. സന്ദർശനം

ജൂലൈ അവസാന ഞായറാഴ്ച മുതൽ പ്രൊമോട്ടേഴ്സ് സൺഡേ സ്കൂൾ സന്ദർശിക്കുന്നതാണ്.

### 6. മിഷൻലീഗ്

മിഷൻലീഗിന്റെ പ്രവർത്തനോദ്ഘാടനം ജൂൺ 18 ശനിയാഴ്ച റവ. മോൺ. ജോസഫ് കൊല്ലംപറമ്പിൽ നിർവ്വഹിച്ചു. പ്രേഷിതദൗത്യം നന്നായി നിർവ്വഹിക്കുവാൻ ജനറാളച്ചൻ ആഹ്വാനം ചെയ്തു. തുടർന്ന് നടത്തപ്പെട്ട വൈസ് ഡയറക്ടർമാരുടെ സമ്മേളനത്തിൽ എല്ലാ ഇടവകകളിൽ നിന്നുമുള്ളവർ പങ്കെടുത്തു. റവ. ഫാ. ജോസഫ് കൊച്ചൊട്ടൊന്നിൽ എം.എസ്.ടി. മിഷൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ ക്ലാസ്സെടുത്തു.

### 7. തിരുബാലസഖ്യം

തിരുബാലസഖ്യം ആനിമേറ്റർമാരുടെ സമ്മേളനത്തിൽ വച്ച് ഈ വർഷത്തെ കർമ്മപരിപാടികളുടെ ഉദ്ഘാടനം റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ നിർവ്വഹിച്ചു. ബൈബിളിലെ ചിത്രങ്ങൾ ചേർത്ത് ആൽബം നിർമ്മിക്കുന്ന മത്സരത്തിൽ താഴെപ്പറയുന്നവർ വിജയികളായി.

I ജൂലിയാന പ്രമോദ് കാനാട്ട്, മുണ്ടാങ്കൽ R.N. 4452

II ബ്രിജിറ്റ് മേരി ഇഗ്നേഷ്യസ് കൂട്ടിയാനിയിൽ, ളാലം പുത്തൻ R.N. 925

II റയ്മി മൈക്കിൾ തെക്കേയറ്റത്ത്, വേഴാങ്ങാനം R.N. 1118

III ലയോണ ജോർജ് പൊന്നോടത്തുകുഴിയിൽ, കരൂർ R.N. 5709

**പ്രോത്സാഹനസമ്മാനങ്ങൾ**

1. ലിസ് പയസ് വലിയ കുന്നേൽ, മാനത്തൂർ R.N. 4957
2. അന്ന ഗണപതിപ്ലാക്കൽ, ഉരുളികുന്നം R.N. 6362
3. കീർത്തനാ ബേബി പനയ്ക്കത്തോട്ടം, ചേർപ്പുങ്കൽ R.N. 7991

കൂടാതെ 50-ൽ കൂടുതൽ ചിത്രങ്ങൾ സമാഹരിച്ച 348 പേർക്കും സമ്മാനങ്ങൾ



നൽകുന്നതാണ്. ജൂലൈ 3-ന് അംഗത്വസ്വീകരണവും നവീകരണവും ജൂലൈ 9-ന് സംഗീതമത്സരവും നടത്തും. ഓഗസ്റ്റ് 13-ന് 'വിശുദ്ധർ നമ്മുടെ കൂട്ടുകാർ ക്വിസ് മത്സരം ഇടവകതലത്തിലും സെപ്റ്റംബർ 10-ന് രൂപതാതലത്തിലും നടത്തും.

വിശുദ്ധരുടെ തിരുവചനങ്ങൾ ചേർത്തുണ്ടാക്കുന്ന ഡയറി നിർമ്മാണമത്സരത്തിൽ അംഗങ്ങൾക്കു പങ്കുചേരാം. 2012 ജനുവരി 1-ന് ഡയറി പൂർത്തിയാക്കണം.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**

## ഫാമിലി അപ്പസ്തോലേറ്റ്

### 1. വിവാഹഒരുക്ക സെമിനാർ

കഴിഞ്ഞ ജൂൺ 13-15; 27-30 തീയതികളിലായി നടന്ന വിവാഹഒരുക്ക സെമിനാറിൽ 265 പേർ സംബന്ധിച്ചു സർട്ടിഫിക്കറ്റ് നേടി.

ജൂലൈ ആദ്യ ആഴ്ചകളിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ബഹു. വൈദികരുടെ ധ്യാനം നടക്കുന്നതിനാൽ ജൂലൈയിലെ 11-13 തീയതിയിലെ വിവാഹഒരുക്കസെമിനാർ ഉണ്ടായിരിക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ജൂലൈ 25-27 തീയതികളിലുള്ള കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

ആഗസ്റ്റ് 8-10; 22-24 തീയതികളിലായി നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു.

### 2. നേഴ്സിംഗ് അഡ്മിഷൻ

മുൻകൂട്ടി അറിയിച്ചിരുന്നതനുസരിച്ച് ജൂൺ 16-18 തീയതികളിലായി സെന്റ് ആൻസ് വാറംഗലിലേക്കും ജൂൺ 20-22 തീയികളിലായി ഐക്കൺ നഴ്സിംഗ് കോളജിലേയ്ക്കുമുള്ള കുട്ടികളുടെ സ്പോട്ട് അഡ്മിഷൻ പാലാ രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റിൽ വച്ച് നടക്കുകയുണ്ടായി.

### 3. ഓറിയന്റേഷൻ പ്രോഗ്രാം

നമ്മുടെ രൂപതയിൽ നിന്നും കേരളത്തിനു വെളിയിലുള്ള വിവിധ സ്ഥാപനങ്ങളിലേക്ക് നേഴ്സിംഗ് പഠനത്തിനായി പോകുന്ന പെൺകുട്ടികൾക്കായി അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ജൂലൈ 22 - 24 തീയതികളിലായി ധ്യാനം നടക്കുന്നതാണ്. ധ്യാനം നയിക്കുന്നവർ ഫാ. ജോസഫ് അഞ്ചാനിക്കൽ, ഫാ. ജോസഫ് അരിമറ്റത്തിലുമാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ധ്യാനത്തിൽ സംബന്ധിക്കാനാഗ്രഹിക്കുന്നവർ പാലാ രൂപതാ ഫാമിലി സെന്ററുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 04822-210049.

# മാതൃജ്യോതി

## 1. രൂപതാ എക്സിക്യൂട്ടീവ്

ജൂൺ 7-ാം തീയതി ഷലോമിൽവച്ച് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുമിച്ചുചേർന്ന് മാതൃദിനാഘോഷപരിപാടികൾ വിലയിരുത്തുകയും ജോ-ഡയറക്ടേഴ്സ് മീറ്റിനെക്കുറിച്ചും, അൽഫോൻസാ തീർത്ഥാടനത്തെക്കുറിച്ചും ചർച്ചകൾ നടത്തുകയും ചെയ്തു.

## 2. രൂപതാ സമിതി

ജൂൺ 18-ാം തീയതി ഷലോമിൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും മേഖലാപ്രസിഡന്റുമാരും ഡയറക്ടർ ഫാ. ജോൺസൺ പുള്ളീറ്റിന്റെ നേതൃത്വത്തിൽ ഒരുമിച്ചുചേർന്ന് ഭാവിപരിപാടികളെക്കുറിച്ച് ചർച്ചകൾ നടത്തി തീരുമാനങ്ങളെടുത്തു. വിവിധ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തണമെന്നും പുതിയ യൂണിറ്റുകൾ തുടങ്ങാൻ ഉത്സാഹിക്കണമെന്നും ബഹു. ഡയറക്റച്ചൻ ആഹ്വാനം ചെയ്തു.

## 3. ജോ-ഡയറക്ടേഴ്സ് മീറ്റ്

ജൂലൈ 25-ാം തീയതി ഷലോമിൽവച്ച് ജോ-ഡയറക്ടേഴ്സ് മീറ്റ് നടന്നു. ഒരു നല്ല ആനിമേഷന് പ്രചോദനം നൽകുന്ന വിധമുള്ള ക്ലാസ്സും ഒപ്പം സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## 4. വിദ്യാലയപ്രവേശനോത്സവം

എൽ.പി.; നേഴ്സറി വിഭാഗം കുട്ടികൾ മാതാക്കൾക്കൊപ്പം പള്ളിയിൽ എത്തിച്ചേരുകയും കുട്ടികൾക്കായി വി. കുർബാനയും അനുഗ്രഹപ്രഭാഷണവും വിവിധ മേഖലകളിലും യൂണിറ്റുകളിലും നടത്തപ്പെട്ടു.

## 5. ലൈബ്രറി സ്ഥാപനം

കോതനല്ലൂർ മേഖലയിൽ മാതാക്കളുടെ വായനാശീലത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ലൈബ്രറി സ്ഥാപിച്ചു. പുന്നത്തുറ പള്ളിയിലെ റവ. ഫാ. എബ്രാഹം തകിടിയേൽ അതിന്റെ ഉദ്ഘാടനകർമ്മം നടത്തി. മാതാക്കൾ ഒന്നുചേർന്ന് മാതൃജ്യോതി പതാക ഉയർത്തുകയും തുടർന്ന് അതിരമ്പുഴ സ്കൂൾ അധ്യാപിക സി. ലിസി ക്ലാസ് നയിക്കുകയും ചെയ്തു. സ്നേഹവിരുന്നോടുകൂടി പരിപാടികൾക്ക് സമാപനം കുറിച്ചു.

## 6. അനാഥാലയ സന്ദർശനം

തുടങ്ങനാട് മേഖലയിൽനിന്നും 12-ാം തീയതി കുന്നത്താനം വികലാംഗരുടെ അനാഥാലയം സന്ദർശിച്ച് വസ്ത്രങ്ങളും ധനസഹായവും നൽകി. ചെമ്മലമറ്റം യൂണിറ്റിൽ നിന്നും വസ്ത്രങ്ങൾ ശേഖരിച്ച് 4 അനാഥമന്ദിരങ്ങളിൽ വിതരണം ചെയ്തു.



## 7. ലേഖനമത്സരവിജയികൾക്ക് സമ്മാനദാനം നടത്തി

രൂപതയിൽവച്ച് നടത്തിയ ലേഖനമത്സരത്തിൽ ഒന്നാംസമ്മാനം നേടിയ സെല്ലി അഗസ്റ്റിൻ തോണിക്കുഴിക്കും (കടപ്ലാമറ്റം യൂണിറ്റ്) രണ്ടാം സമ്മാനം നേടിയ മേരിക്കുട്ടി ജോസ് ഓടയ്ക്കലിനും (പെരിങ്ങുളം) മൂന്നാം സമ്മാനം നേടിയ സിൽവി ജോർജ് കാഞ്ഞിരത്തുംകുന്നേലിനും (കയ്യൂർ) മാതൃദിനാഘോഷവേദിയിൽ വച്ച് റവ. ഫാ. ജോസ് കോട്ടയിൽ സമ്മാനങ്ങൾ നൽകി.

## 8. വൃദ്ധരെയും രോഗികളെയും സന്ദർശിക്കൽ

ചേർപ്പുങ്കൽ മേഖലയിലെ മാതൃജ്യോതി അംഗങ്ങൾ പ്രസിഡന്റിന്റെയും ജോ. ഡയറക്ടർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ എല്ലാ ഭവനങ്ങളിലെയും രോഗികളെയും വൃദ്ധരെയും സന്ദർശിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

## 9. യൂണിറ്റ് സെമിനാർ

കുറിഞ്ഞി യൂണിറ്റിൽ വച്ച് 8-ാം തീയതി സി. ജോലന്റാ മാതാക്കൾക്കായി സെമിനാർ നടത്തി. ഇളംതോട്ടം യൂണിറ്റിൽ രൂപതാ ജോ. ഡയറക്ടർ സി. ജോസി മരിയ തോലാനിക്കൽ ക്ലാസ് നയിച്ചു.

## 10. മേഖലാ - യൂണിറ്റ് സന്ദർശനം

കഴിഞ്ഞ 6 മാസത്തെ റിപ്പോർട്ടിന്റെ വിലയിരുത്തലിന്റെ ഭാഗമായി നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ച മേഖലകളും യൂണിറ്റുകളും രൂപതാഭാരവാഹികൾ സന്ദർശനം നടത്തുവാൻ ആരംഭിച്ചു.

# ഹോംമിഷൻ

## 1. കാഞ്ഞിരമറ്റം ഇടവക

2011 മെയ് 1-ന് ആരംഭിച്ച ഹോംമിഷൻ 22-ാം തീയതി സമാപിച്ചു.

## 2. ഷലോം സമ്മേളനം

ജൂൺ 23-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 ന് ഹോംമിഷൻ ടീമംഗങ്ങൾ ബഹു. ഡയറക്ടറച്ചൻ റവ. ഫാ. ജോൺസൺ പുള്ളീറ്റ് അച്ചന്റെ നേതൃത്വത്തിൽ സമ്മേളിച്ചു. പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. പിന്നീട് ജപമാല ചൊല്ലി. ബഹു. അച്ചൻ വചനഭാഗം വായിച്ച് സന്ദേശം നൽകി.

## 3. പുതിയ അംഗങ്ങൾക്ക് സ്വാഗതം

പുതിയതായി ഹോംമിഷൻ ടീമിലേയ്ക്ക് കടന്നുവന്ന സിസ്റ്റേഴ്സിനെ ബഹു. ഡയറക്ടറച്ചൻ സ്വാഗതം ചെയ്തു.

## 4. ധ്യാനപ്രോഗ്രാം

ജൂലൈ 4, 5, 6 തീയതികളിൽ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ടീമംഗങ്ങൾക്ക് ധ്യാനപ്രോഗ്രാം നടക്കുന്ന വിവരം ബഹു. അച്ചൻ അനുസ്മരിപ്പിച്ചു.

**5. പാലക്കാട്ടുമല ഇടവക**

ജൂലൈ 10 മുതൽ ഈ ഇടവകയിൽ ഹോംമിഷൻ ആരംഭിക്കണമെന്നുള്ള വിവരം ബഹു. ഡയറക്ടറച്ചൻ അറിയിച്ചു.

## പ്രോ-ലൈഫ്

**1. രൂപതാ എക്സിക്യൂട്ടീവ്**

ജൂൺ 11-ാം തീയതി രൂപതാഭാരവാഹികൾ ഡയറക്ടർ റവ. ഫാ. ജോൺസൺ പുള്ളീറ്റിന്റെ നേതൃത്വത്തിൽ ഒരുമിച്ചുചേർന്ന് അടുത്ത ആറു മാസത്തെ കർമ്മപരിപാടികളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്തു.

**2. കുട്ടികൾ കുടുംബത്തിന് അനുഗ്രഹം**

ഈ വർഷത്തെ പ്രോ-ലൈഫ് സന്ദേശവാക്യമായ "കുട്ടികൾ കുടുംബത്തിന് അനുഗ്രഹം" എന്ന വിഷയം ആസ്പദമാക്കിയായിരിക്കും ഈ വർഷത്തെ പ്രോ-ലൈഫ് സെമിനാറുകൾ നടത്തുക.

**3. മാതൃകാകുടുംബസംഗമം**

പാലാ രൂപതയിലെ എല്ലാ ഇടവകകളിൽനിന്നും തിരഞ്ഞെടുക്കുന്ന പ്രോലൈഫ് കുടുംബങ്ങളുടെ ഒരു സംഗമം നടത്താനുള്ള കർമ്മപരിപാടികൾ നടന്നുവരുന്നു.

**4. ഇരട്ടവിശുദ്ധരുടെ തിരുനാൾ ആഘോഷം**

കോതനല്ലൂർ ഫൊറോന കന്തീശങ്ങളുടെ തിരുനാൾ ആഘോഷത്തിൽ പങ്കുചേരുവാനും "കുട്ടികൾ കുടുംബത്തിന് അനുഗ്രഹം" എന്ന ആദർശത്തിൽ മുന്നേറുന്ന ഈ വർഷം "ഇരട്ടകുട്ടികൾ കുടുംബത്തിന് ഇരട്ടി അനുഗ്രഹം" എന്ന ആദർശവാക്യവുമായി ഈ തിരുനാളിനെ അർത്ഥവത്താക്കാനും എല്ലാ പ്രോലൈഫ് പ്രവർത്തകരേയും സ്വാഗതം ചെയ്യുന്നു.

**ഫാ. ജോൺസൺ പുള്ളീറ്റ് (ഡയറക്ടർ)**

## കെ.സി.എസ്.എൽ.

**1. പ്രവേശനോത്സവം**

ജൂൺ ഒന്നാം തീയതി ഭരണങ്ങാനം സേക്രട്ട് ഹാർട്ട് ഗേൾസ് സ്കൂളിൽവച്ചു നടത്തിയ പ്രവേശനോത്സവത്തിൽ ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്തിലും, ബ്ര. ജിജോ വെണ്ണായിപ്പിള്ളിലും പങ്കെടുത്തു.

**2. ക്ലാസ് നടത്തി**

മറ്റക്കര സ്കൂളിലെ 10-ാം ക്ലാസ് കുട്ടികൾക്കുവേണ്ടി ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ക്ലാസ് നടത്തി.



**3. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂൺ 5-ാം തീയതി ഞായറാഴ്ച ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മീറ്റിംഗിന് ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്തിൽ നേതൃത്വം നല്കി. 2-11-2012 അധ്യയനവർഷത്തിൽ കൂടുതൽ ഊർജ്ജസ്വലതയോടും തീക്ഷ്ണതയോടുംകൂടി പ്രവർത്തനങ്ങൾ ക്രമീകരിക്കാനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തു. രൂപതയിലെ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും മീറ്റിംഗിൽ സംബന്ധിച്ചു. 4.30 നോടുകൂടി യോഗം സമാപിച്ചു.

**4. സി.സി. മീറ്റിംഗ് - പി.ഒ.സി.**

ജൂൺ 10, 11 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ വച്ചു നടത്തപ്പെട്ട സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ രൂപതയിൽ നിന്നും ഡയറക്ടറച്ചൻ, ബ്രദർ, കെ.സി.എസ്.എൽ. രൂപതാ പ്രസിഡന്റ് എന്നിവർ പങ്കെടുത്തു.

**5. കളരി വിതരണം, സ്കൂൾ സന്ദർശനം**

കളരി ഒന്നാം ലക്കം വിതരണം സ്കൂളുകളിൽ നടത്തി. അതോടൊപ്പം ഡയറക്ടറച്ചൻ സ്കൂളുകൾ സന്ദർശിച്ച് എല്ലാ ആനിമേറ്റേഴ്സിനെയും, കുട്ടികളെയും കാണുകയും ചെയ്തു.

**6. ആനിമേറ്റേഴ്സ് കോൺഫ്രൻസ്**

ജൂൺ 25-ാം തീയതി ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ആദ്യത്തെ ആനിമേറ്റേഴ്സ് കോൺഫ്രൻസ് നടത്താൻ തീരുമാനിച്ചു.

**ഫാ. ജോസഫ് അരിമറ്റത്തിൽ (ഡയറക്ടർ)**

## കെ.സി.വൈ.എം.

**1. YATP 19 th Batch**

സഭയ്ക്കും സമൂഹത്തിനുംവേണ്ടി കർമ്മോന്മുഖമായ യുവനിരയെ വാർത്തെടുക്കുന്നതിനുള്ള പരിശീലനകളരിയായ യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം 19-ാം ബാച്ച് ഉദ്ഘാടനം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് നിർവ്വഹിച്ചു. പ്രസ്തുത യോഗത്തിൽ പ്രസിഡന്റ് സിജു കണ്ണംതറപ്പിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി അസി. ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പള്ളി സംസ്ഥാന സെക്രട്ടറി ഡാനി പാറയിൽ, വൈസ് പ്രസിഡന്റ് ശില്പ വെട്ടത്ത് എന്നിവർ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി ജോസൻ പേഴുംകാട്ടിൽ, വൈസ് പ്രസിഡന്റ് പ്രദീഷ് നിലോത്തുമുക്കിൽ, അഖിൽ കുമാരമംഗലം, ആശ മച്ചിയിൽ, ജോസ്മി വാഴേക്കാട്ട്, സോണിയ വെട്ടുകാട്ടിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഫാ. മാത്യു ചന്ദ്രൻകുന്നേൽ പ്രസംഗകലയെക്കുറിച്ചും, ശ്രീ. സാജു അലക്സ് തെങ്ങുംപള്ളിക്കുന്നേൽ കെ.സി.വൈ.എമ്മിനെക്കുറിച്ചുള്ള ക്ലാസ്സുകൾ നയിച്ചു.

**2. തണൽ 2011**

വർദ്ധിച്ചുവരുന്ന ആഗോളതാപനത്തിന് എതിരെ കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന തണൽ 2011 ന്റെ ഉദ്ഘാടനം മരങ്ങാട്ടുപിള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വൃക്ഷതൈ നട്ടുകൊണ്ട് പരിസ്ഥിതി ദിനമായ ജൂൺ 5-ാം തീയതി നിർവ്വഹിച്ചു.

**3. കരിയർ ഗൈഡൻസ് സെമിനാർ**

വിദ്യാർത്ഥികളിൽ വ്യക്തമായ ലക്ഷ്യബോധവും അതിലൂടെ ശോഭനമായ ഒരു നല്ല ഭാവിയും വാർത്തെടുക്കുന്നതിനായി പാലാ രൂപതയുടെയും മൊണാർക്കിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യകരിയർ ഗൈഡൻസ് സെമിനാർ ജൂൺ 26-ാം തീയതി പാലാ ളാലം പള്ളി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു.

**4. കർമ്മവീഥി പ്രകാശനം**

കെ.സി.വൈ.എം. കർമ്മവീഥിയായ 'യുവതരംഗം 2011' ന്റെ പ്രകാശനം അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് നിർവ്വഹിച്ചു.

**5. സ്വാഗതം**

കെ.സി.വൈ.എം. പാലാ രൂപതയുടെ പുതിയ ജോയിന്റ് ഡയറക്ടറായി ചാർജെടുത്ത സിസ്റ്റർ ധന്യ കൊച്ചുകരൂർ ഡി.എസ്.ടി. യേയും പുതിയ ഓഫീസ് സെക്രട്ടറിയായി ചാർജെടുത്ത സി. ജാസ്മിൻ തറപ്പേൽ എഫ്.സി.സി. യേയും കെ.സി.വൈ.എം. കുടുംബത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

**6. മേഖലാ ഡയറക്ടേഴ്സ് മീറ്റ്**

കെ.സി.വൈ.എം. പാലാ രൂപതയിലെ മേഖലാ, യൂണിറ്റുകളുടെ, പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി മേഖലാ ഡയറക്ടേഴ്സ് മീറ്റ് ബിഷപ് ഹൗസിൽ വച്ച് നടന്നു. ചർച്ചകൾക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, പാസ്റ്ററൽ കോ. ഓർഡിനേറ്റർ റവ. ഫാ. ജേക്കബ് മുരിക്കൻ എന്നിവർ നേതൃത്വം നൽകി.

**7. ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

രൂപതയിലെ 'ബി' യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കാനും "ബി" യൂണിറ്റ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനുമായി യൂണിറ്റ് ജോ. ഡയറക്ടർമാരുടെ യോഗം ജൂൺ 18-ന് നടന്നു. പ്രസ്തുത യോഗത്തിൽ രൂപതാ ജോയിന്റ് ഡയറക്ടർ സി. ധന്യ കൊച്ചുകരൂർ ഡി.എസ്.ടി., വൈസ് പ്രസിഡന്റ് ശില്പ വെട്ടത്ത് എന്നിവർ സന്ദേശം നൽകി. ഫാ. ജോസഫ് ആലഞ്ചേരി, സി. ജാസ്മിൻ തറപ്പേൽ, ബ്ര. ജോർജ് കൊട്ടാരം, സിജു കണ്ണംതറപ്പിൽ, ജോസൻ പേഴുംകാട്ടിൽ, ജോസ്മി വാഴേകാട്ട്, സോണിയ വെട്ടുകാട്ടിൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നല്കി.

**8. പാലാ മേഖലാ ക്യാമ്പ്**

പാലാ മേഖലയിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ മേയ് 22-ാം തീയതി ഏകദിനക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പ് ശ്രീ. ജിജോ ചിറ്റടി നയിച്ചു. ക്യാമ്പിന് മേഖലാഡയറക്ടർ ഫാ. തോമസ് പുതുകുളങ്ങര, പ്രസിഡന്റ് സാജു തെക്കേ അറയ്ക്കൽ, യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ മറ്റമുണ്ടയിൽ, മേഖലാ യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**9. മൂലമറ്റം മേഖലാക്യാമ്പ്**

കെ.സി.വൈ.എം. മൂലമറ്റം മേഖല ശക്തിപ്പെടുത്തുന്നതിനായി മേഖലാതല അർദ്ധദിനസെമിനാർ സംഘടിപ്പിച്ചു. ക്ലാസ്സുകൾ മുൻസംസ്ഥാനജനറൽ സെക്രട്ടറി സന്തോഷ് അറയ്ക്കൽ നയിച്ചു. മേഖലാ ഡയറക്ടർ ഫാ. കുര്യാക്കോസ് പാത്തിക്കൻ പുത്തൻപുരയിൽ, മേഖലാപ്രസിഡന്റ് റോബിൻ പനന്താനത്ത്, രൂപതാ വൈസ് പ്രസിഡന്റ് ശില്പ വെട്ടത്ത്, മേഖലാ യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി.

**10. മൂലമറ്റം മേഖലാ സന്ദർശനം**

മൂലമറ്റം മേഖലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരിയും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും കൂടി മൂലമറ്റം മേഖല സന്ദർശിച്ചു. ഭാവിപരിപാടികൾ ചർച്ച ചെയ്തു.

**11. തീക്കോയി മേഖലാ സന്ദർശനം**

മേഖലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, ശക്തിപ്പെടുത്തുന്നതിനുമായി രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി തീക്കോയി മേഖല സന്ദർശിച്ചു. ഭാവി പരിപാടികൾ ചർച്ച ചെയ്തു.

**12. അഥേന മേഖലാ കൺവെൻഷൻ (കുറവിലങ്ങാട്)**

മേഖലയിലെ വനിതകളെ ഒരുമിച്ച് കൂട്ടുന്നതിനും പ്രവർത്തനങ്ങളെ കൂടുതൽ ഏകോപിപ്പിക്കുന്നതിനുമായി അഥേന 2011 എന്ന പേരിൽ വനിതാകൺവൻഷൻ രത്നഗിരി യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. മേഖലാ വൈസ് പ്രസിഡന്റ് എലിസബത്ത് ആറുതൊട്ടിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖലാ ജോയിന്റ് ഡയറക്ടർ സി. വിൻസി സി.എം.സി. ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. തോമസ് വെടിക്കുന്നേൽ, മേഖലാഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി, യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് പള്ളക്കൽ, രൂപതാ പ്രസിഡന്റ് സിജു കണ്ണംതറപ്പിൽ, യൂണിറ്റ് പ്രസിഡന്റ് ബിനോയി പാലംവേലിൽ, അബിതാ പുല്ലാട്ട് എന്നിവർ പ്രസംഗിച്ചു. മേഖലാ പ്രസിഡന്റ് ബിജുമോൻ മൂന്നുതൊട്ടിയിൽ, അജോ ജോസ് അറയ്ക്കൽ, മേഖലായൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി.

**13. പുസ്തകവിതരണം (കുറവിലങ്ങാട് മേഖല)**

പാവപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിന് സഹായമായി കുറവിലങ്ങാട് മേഖല പുസ്തകവിതരണം നടത്തി. പരിപാടികളുടെ ഉദ്ഘാടനം മേഖല രക്ഷാധികാരി റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ ഗേൾസ് എൽ.പി. സ്കൂളിൽ വച്ച് വിദ്യാർത്ഥികൾക്ക് പാഠപുസ്തകം വിതരണം ചെയ്ത് നിർവ്വഹിച്ചു. മേഖലാ ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി, മേഖലാപ്രസിഡന്റ് ബിജുമോൻ മൂന്നുതൊട്ടി,

മേഖലാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഏകദേശം 75 ഓളം വിദ്യാർത്ഥികൾക്ക് പാഠപുസ്തകവിതരണം നടത്തി. മേഖലയുടെ കീഴിൽ ഉള്ള എല്ലാ കെ.സി.വൈ.എം. യൂണിറ്റുകളിലും പാഠപുസ്തകവിതരണം നടത്തി.

**14. യൂണിറ്റ് ആരംഭം**

രൂപതയുടെ കീഴിലുള്ള കുറിച്ചിത്താനം, അമ്പാറനിരപ്പേൽ എന്നീ ഇടവകകളിൽ കെ.സി.വൈ.എം. പുതിയ യൂണിറ്റുകൾ ആരംഭിച്ചു.

**15. യാത്രാമംഗളങ്ങൾ**

കെ.സി.വൈ.എം. മേഖലാഡയറക്ടറായി പ്രവർത്തിച്ച് അയ്യമ്പാറ പള്ളി വികാരിയായി പോകുന്ന ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിലിന് കെ.സി.വൈ.എം. കുറവിലങ്ങാട് മേഖലയുടെ യാത്രാമംഗളങ്ങൾ.

**ഫാ. ജോസഫ് ആലഞ്ചേരിൽ (ഡയറക്ടർ)**
**ഫാ. ജോസഫ് വാട്ടപ്പിള്ളിൽ (അസി. ഡയറക്ടർ)**

# കരിസ്മാറ്റിക് പ്രോഗ്രാമുകൾ

**1. ഒരുക്കധ്യാനം**

ജൂൺ 6-ാം തീയതി ആദ്യശനിയാഴ്ച കെ.എസ്.ടി. യുടെ ആഭിമുഖ്യത്തിൽ ദമ്പതീകൂട്ടായ്മാ ഒരുക്കധ്യാനം ശാലോം പാസ്റ്ററൽ സെന്ററിൽവച്ച് ബ്രദർ റോബിൻ കാഞ്ഞിരപ്പള്ളിയുടെ നേതൃത്വത്തിൽ നടത്തി.

**2. പന്തക്കുസ്താധ്യാനം**

11, 12 തീയതികളിൽ പന്തക്കുസ്താഒരുക്കധ്യാനം അസ്സീസി ധ്യാനമന്ദിരത്തിൽ വച്ച് നടത്തി. ഈ ധ്യാനത്തിന് ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. കുര്യൻ മറ്റം, ഫാ. ഇസഡോർ ഒ.എഫ്.എം., ബ്രദർ ഔതച്ചൻ, സോണൽ കോർഡിനേറ്റർ ബാബു ജോർജ് തട്ടാംപറമ്പിൽ, സണ്ണി വാഴയിൽ, സാബു കോഴിക്കോട്ട് എന്നിവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥപ്രാർത്ഥനാ പുനസംഘടന**

ശാലോമിൽ വച്ച് നടക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥനാമിനിസ്ട്രിയുടെ പുനസംഘടന 13-ാം തീയതി ബുധനാഴ്ച നടത്തുകയുണ്ടായി. ജോയി നെല്ലിക്കുന്നേലിനെ കോർഡിനേറ്ററായി തിരഞ്ഞെടുത്തു.

**4. ഫൊറോനാതല പ്രാർത്ഥനാഗ്രൂപ്പ് പുന:സംഘടന**

15-ാം തീയതി അരുവിത്തുറ, ഭരണങ്ങാനം, 19-ാം തീയതി പാലായിലും 20-ാം തീയതി മുട്ടുചിറ, കുറവിലങ്ങാട്, 21-ാം തീയതി ഇലഞ്ഞി, രാമപുരം, 22-ാം തീയതി തുടങ്ങനാട്, 25-ാം തീയതി കോതനല്ലൂർ, ചേർപ്പുങ്കൽ, 27-ാം തീയതി തീക്കോയി, പൂഞ്ഞാർ, 29-ന് മൂലമറ്റം എന്നിവിടങ്ങളിൽ നടത്തുകയുണ്ടായി.



**5. രാത്രി ആരാധന**

25-ാം തീയതി വൈകിട്ട് 6 മുതൽ 26-ാം തീയതി രാവിലെ വരെ രാത്രി ആരാധന നടത്തി. ബ്രദർ ബേബി ജോൺ കലയന്താനി, വചനപ്രഘോഷണം നടത്തി. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബാബു തട്ടാംപറമ്പിൽ, ടോമി ആട്ടപ്പാട്ട്, ബേബിച്ചൻ വാഴചാരിക്കൽ, സാബു കോഴിക്കോട്ട്, മാത്യു കല്ലേപ്പാക്കൽ എന്നിവർ നയിച്ചു.

**6. വചനദീപ്തി തുടർച്ചാധ്യാനങ്ങൾ**

**കവീക്കുന്ന് പള്ളി**

ഈ മാസം 3-ാം തീയതി വെള്ളിയാഴ്ച 2.30 മുതൽ 5.30 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോ അപ് നടത്തി. ജാൻസ് കക്കാട്ടിൽ നയിച്ചു.

**ഇടമറുക്**

ജൂൺ 3-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകുന്നേരം 5.30 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോ അപ് നടത്തി. ബെന്നി പാളിയിൽ നയിച്ചു.

**ഉള്ളനാട്**

ജൂൺ മാസം 4-ാം തീയതി ശനിയാഴ്ച 2.30 മുതൽ 5.30 വരെ ഫോളോ അപ് ധ്യാനം നടത്തി. സാബു കോഴിക്കോട്ട് നയിച്ചു.

**വേഴങ്ങാനം**

ജൂൺ മാസം 8-ാം തീയതി ബുധനാഴ്ച 5.00 മുതൽ8.00 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോ അപ് നടത്തി. സാബു കോഴിക്കോട്ട് നയിച്ചു.

**ചൂണ്ടച്ചേരി**

ജൂൺ മാസം 12-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ 2.00 മുതൽ വൈകുന്നേരം 4 വരെ വചനീദീപ്തിയുടെ ഫോളോ അപ് നടത്തി അഗസ്റ്റിൻ പൂവക്കുളം നയിച്ചു.

**വേലനിലം**

ജൂൺ മാസം 9-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ വൈകുന്നേരം 4.00 വരെ വചനദീപ്തിയുടെ ഫോളോ അപ് നടത്തി. ജോൺസൺ നയിച്ചു.

**മാനത്തൂർ**

ജൂൺമാസം 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ വൈകുന്നേരം 4.00 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോ അപ് നടത്തി. ചാക്കോച്ചൻ ശൗര്യാംകുഴി നയിച്ചു.

**മേവിട**

ജൂൺ മാസം 28-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3.00 മുതൽ വൈകുന്നേരം 5.00 വരെ ഫോളോ അപ് നടത്തി. ബാബു തട്ടാംപറമ്പിൽ നയിച്ചു.

# സുവിശേഷവത്കരണം

### 1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന

ജൂലൈ മാസം 3, 10 തീയതികളിൽ കത്തീഡ്രലിൽ വച്ച് രാവിലെ 9 മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ. ഫാ. തോമസ് വാഴചാരിക്കൽ, ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാൻജലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നയിച്ചു.

### 2. കുടുംബകൂട്ടായ്മ റിസോഴ്സ് ടീം

രൂപതയിലെ കുടുംബകൂട്ടായ്മ റിസോഴ്സ് ടീം ഈ മാസം 6-ാം തീയതിയും 13-ാം തീയതിയും ഷലോമിൽ കൂടി ഈ മാസം 24-ാം തീയതി നടക്കുന്ന കുടുംബ കൂട്ടായ്മ സംഗമത്തിന്റെ വിജയത്തിനുവേണ്ടിയുള്ള കാര്യങ്ങൾ പ്ലാൻ ചെയ്യുകയും നടപ്പിൽ വരുത്തുകയും ചെയ്തു. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, തോമസ് വടക്കേൽ, ഇ.എം. ദേവസ്യാ ഈരൂരിക്കൽ, ടി.കെ. ജോസഫ്, കെ.പി. ജോസഫ്, സെബാസ്റ്റ്യൻ പൈലി തുടങ്ങിയവർ നേതൃത്വം നൽകി.

### 3. ഇവാൻജലൈസേഷൻ ടീം കൂട്ടായ്മ

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രി തുടങ്ങിയവയിൽ പ്രവർത്തിക്കുന്നവർ ഈ മാസം 18-ാം തീയതി രാവിലെ 8.30 മുതൽ വൈകുന്നേരം 4 മണി വരെ കോട്ടയം നവജീവൻ സന്ദർശിക്കുകയും വിവിധ തരം ശുശ്രൂഷകൾ നടത്തുകയും ചെയ്തു. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ടി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

### 4. ജയിൽ മിനിസ്ട്രി

പാലാ ഇവാൻജലൈസേഷൻ അഡാർട്ടുമായി ചേർന്ന് ഈ മാസം 19-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 വരെ പാലാ സബ്ജയിൽ സന്ദർശിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഫാ. കുര്യൻ മറ്റം വചനം പങ്കുവയ്ക്കുകയും, ജോജോ വയലിൽ കളപ്പുര ശ്രുതിമധുരമായ ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, സി. ലിസ്യൂ റോസ് തുടങ്ങിയവർ നേതൃത്വം നൽകി.

### 5. അഖണ്ഡബൈബിൾ പാരായണം

പാലാ രൂപതാ ഇവാൻജലൈസേഷന്റേയും ബൈബിൾ അപ്പോസ്തലേറ്റിന്റെയും ആഭിമുഖ്യത്തിൽ, പാലാ കത്തീഡ്രൽ പള്ളിയിൽ വച്ച് 100 മണിക്കൂർ നീണ്ടുനില്ക്കുന്ന അഖണ്ഡ ബൈബിൾ പാരായണം നടത്തി. അഭിവന്ദ്യ കല്ലറങ്ങാട്ടുപിതാവ് വെള്ളിയാഴ്ച 10 മണിക്ക് ഉദ്ഘാടനം ചെയ്ത ബൈബിൾ പാരായണം ഉൽപത്തി 1-ാം അദ്ധ്യായം തുടങ്ങിയതും വെളിപാട് 22-ാം അദ്ധ്യായം അവസാനിപ്പിച്ചതും അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവായിരുന്നു. 72 വൈദികരും, 459 സിസ്റ്റേഴ്സും 975 അത്മായരും വചനപ്രഘോഷണം നടത്തി. മോൺ. ജോർജ് ചൂരക്കാട്ട്, മോൺ. ഫിലിപ്പ് ഞരളക്കാട്ട്, മോൺ ജോസഫ് കുഴിഞ്ഞാലിൽ, മോൺ. ജോസഫ് കൊല്ലംപറമ്പിൽ, ഫാ. ജേക്കബ് മുരിക്കൻ, ഫാ. അലക്സ് കോഴിക്കോട്ട്, ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. അഗസ്റ്റിൻ കൂട്ടിയാനി, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോസഫ് മേയിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.



### 6. കുടുംബകൂട്ടായ്മാ സംഗമം

രൂപതയുടെ 6-മത് കുടുംബകൂട്ടായ്മാ സംഗമം 2011 ജൂൺ 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.15 മുതൽ 1.30 വരെ പാലാ ളാലം പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. പാസ്റ്ററൽ കോർഡിനേറ്റർ റവ. ഫാ. ജേക്കബ് മുരിക്കൻ മുഖ്യപ്രഭാഷണം നടത്തി. മോൺ ജോർജ് ചൂരക്കാട്ട് ദിവ്യബലി അർപ്പിച്ചു. മോൺ ജോസഫ് കുഴിഞ്ഞാലിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇ.എം. ദേവസ്യാ ഈരൂരിക്കൽ, തോമസ് വടക്കേൽ, ടി.കെ. ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി. ഈ സമ്മേളനത്തിൽവച്ച് അന്തരിച്ച മുൻ ഡയറക്ടറെ അനുസ്മരിച്ചു. തദവസരത്തിൽ 28-ാമത് ബൈബിൾ കൺവൻഷനിൽ സംഭാവന പിരിച്ചുതന്നവർക്ക് സമ്മാനം നൽകി.

**ഫാ. ജോസഫ് ശ്രാമ്പിക്കൽ (ഡയറക്ടർ)**

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (അസി. ഡയറക്ടർ)**

# ജീസ്സസ് യൂത്ത്

### 1. പുതിയ ഭാരവാഹികൾ

ഏപ്രിൽ മാസം 16-ാം തീയതി ജീസസ് യൂത്തിലേക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

ജോബി, ക്രിസ്റ്റൊ, ജിസ്മി, ബിൻസിമോൾ ഇവരെയാണ് തിരഞ്ഞെടുത്തത്. ജോബിയാണ് കോർഡിനേറ്റർ.

ഏപ്രിൽ മാസം 19-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് പ്രാർത്ഥനാകൂട്ടായ്മ നടത്തി.

### 2. സംഗമം

മെയ് ഒന്നിന് ചൈൽഡ് സപ്പോർട്ട് വഴി സഹായം ലഭിച്ച കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും ഒരു സംഗമം അൽഫോൻസാ കോളജിൽ വച്ചു നടത്തി. 120 കുടുംബങ്ങൾ പങ്കെടുത്തു. റവ. ഫാ. കുര്യൻ മറ്റം, സി. സെസിൽ, ജാക്സൺ, ജോബി കീലത്ത്, ബിൻസിമോൾ, ക്രിസ്റ്റൊ, ജെസ്‌ലി തുടങ്ങിയവർ നയിച്ചു.

മെയ് 13, 14 തീയതികളിൽ അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് ക്യാംപസ് എന്റർ ഗാതറിംഗ് നടത്തി.

ജൂൺ 11-ാം തീയതി സെന്റ് തോമസ് കോളജിൽ വച്ച് പന്തക്കുസ്താ ഒരുക്ക ധ്യാനം നടത്തി. ഫാ. കുര്യൻ മറ്റം, ജോബി കീലത്ത്, ബിൻസിമോൾ എന്നിവർ ധ്യാനം നയിച്ചു.

ജീസസ് യൂത്തിന്റെ ഫുൾ ടൈമർ ആയി ബോണി തൃശൂരിൽ നിന്നും വന്നിട്ടുണ്ട്.

**ഫാ. കുര്യൻ മറ്റം (ഡയറക്ടർ)**

# ബൈബിൾ അപ്പസ്തോലേറ്റ്

### 1. ദ്വിവത്സര ബൈബിൾ കോഴ്സ്

അമ്മായർക്കായുള്ള ബൈബിൾ കോഴ്സ് 2011 ആഗസ്റ്റുമാസം ആരംഭിക്കുന്നു. എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്ന ഈ കോഴ്സിന് ഫീസ് 2600 രൂപാ ആണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ആഗസ്റ്റ് 8-നു മുമ്പായി ഷലോമിലുള്ള ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

### 2. ലോഗോസ് ക്വിസ് - 2011

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ 2011 ജൂലൈ 31-ന് അവസാനിക്കുന്നതാണ്.

### 3. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗത്വം

കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗത്വം എടുക്കുന്നതിനുള്ള സൗകര്യം ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ ലഭ്യമാണ്.

### 4. വിശുദ്ധനാട് തീർത്ഥാടനം

ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ 2011 മെയ് 1 മുതൽ 11 വരെ വിശുദ്ധനാട് തീർത്ഥാടനം നടന്നു. 45 പേർ പങ്കെടുത്തു.

**ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിൽ (ഡയറക്ടർ)**

# ADARRT അഡാർട്ട്

### 1. ബോധവത്കരണ ക്ലാസ്സുകൾ

തടിയംപാട് (മെയ് - 10), ഉള്ളനാട് (മെയ് - 15), മാതൃഭവൻ (മെയ് - 15), മരങ്ങാട്ടുപിള്ളി (മെയ്-18), കട്ടപ്പന - പുളിയൻമല (മെയ് 21-22), മാതൃഭവൻ (മെയ് - 22), പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് (മെയ് - 22), മരങ്ങാട്ടുപിള്ളി (ജൂൺ -5), തുടങ്ങനാട് (ജൂൺ -10), മാതൃഭവൻ, ഭരണങ്ങാനം (ജൂൺ -12), മരങ്ങാട്ടുപിള്ളി (ജൂൺ-19, ജൂൺ -26).



### 2. ക്രിസ്റ്റീൻ ധ്യാനം

മെയ് 23-25, 26-28 തീയതികളിൽ അഡാർട്ടിൽവച്ച് ക്രിസ്റ്റീൻധ്യാനം നടത്തുകയുണ്ടായി. രണ്ടു ബാച്ചുകളിലായി 140 കുട്ടികൾ പങ്കെടുത്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ & ടീം ധ്യാനത്തിന് നേതൃത്വം കൊടുത്തു.

### 3. ജീവിതനവീകരണധ്യാനം

മെയ് 15 - 19, ജൂൺ 19-23 തീയതികളിൽ അഡാർട്ടിൽ വച്ച് മദ്യവിമുക്തരായവർക്കുവേണ്ടി മരിയൻ ധ്യാനം നടത്തുകയുണ്ടായി. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ & ടീം ധ്യാനത്തിന് നേതൃത്വം കൊടുത്തു.

### 4. ലോകപുകയില വിരുദ്ധദിനാചരണം

ലോകപുകയില വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി മെയ് 31-ാം തീയതി കോട്ടയം ജില്ലയിലെ പാലാ, ചേർപ്പുങ്കൽ, കിടങ്ങൂർ, ഏറ്റുമാനൂർ, കാരിത്താസ്, തെള്ളകം, അയർക്കുന്നം, മണർകാട്, കോട്ടയം ടൗൺ എന്നിവിടങ്ങളിൽ ടാബ്ലോ പ്രദർശനവും ബോധവത്കരണപരിപാടികളും നടത്തി.

### 5. റിസോഴ്സ് ടീം പരിശീലനപരിപാടി

ജൂൺ 18-ാം തീയതി രാവിലെ 10 മുതൽ അഡാർട്ടിൽ വച്ച് റിസോഴ്സ് ടീമിന് പരിശീലനപരിപാടി നടത്തി. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. 50 പേർ പങ്കെടുത്തു.

### 6. ലോകലഹരി വിരുദ്ധദിനാചരണം

ലോകലഹരിവിരുദ്ധദിനമായ ജൂൺ 26-ന് ഉച്ചകഴിഞ്ഞ് രണ്ടിന് അഡാർട്ടിൽ വച്ച് പൊതുയോഗം നടത്തുകയുണ്ടായി. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അദ്ധ്യക്ഷത വഹിച്ചു. എ.എ., അൽ-അനോൺ, അൽ-അറ്റീൻ അംഗങ്ങൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു.

### 7. അഡാർട്ട് ക്ലബ് ഡയറക്ടേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം

ജൂൺ 28-ാം തീയതി അഡാർട്ട് ക്ലബ് ഡയറക്ടർമാരായ അദ്ധ്യാപകർക്കായി ഏകദിന പരിശീലനപരിപാടി നടത്തി. പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ചൂരക്കാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അദ്ധ്യക്ഷത വഹിച്ചു. അഡാർട്ട് ടീമംഗങ്ങൾ ക്ലാസ്സുകൾ നയിച്ചു.

### 8. ടെലിഫിലിം

സ്കൂൾതല ലഹരിവിരുദ്ധപ്രവർത്തനങ്ങളുടെ ഭാഗമായി ഈ അദ്ധ്യയനവർഷത്തിൽ ടെലിഫിലിം പ്രോഗ്രാം സംഘടിപ്പിക്കുന്നതാണ്. ജൂലൈ മാസം മുതൽ ടെലിഫിലിം കോപ്പികൾ അഡാർട്ടിൽ നിന്നും ലഭിക്കുന്നതാണ്.

### 9. വിജയ്ദർശൻ ക്യാമ്പുകൾ

മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും പത്താംക്ലാസിലെ കുട്ടികൾക്കായി വിജയ്ദർശൻ ക്ലാസ്സുകൾ നടത്തുന്നതായിരിക്കും. ജൂലൈ മാസം മുതൽ ക്യാമ്പുകൾ ആരംഭിക്കാവുന്നവിധം ക്രമീകരണങ്ങൾ പുരോഗമിക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഡയറക്ടർ)**

# ഫ്രാൻസിസ്കൻ അത്മായസഭ

## 1. രൂപതാസെമിനാറും തീർത്ഥാടനവും

ഫ്രാൻസിസ്കൻ അല്മായസഭ രൂപതാ ഏകദിനസെമിനാറും, വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേയ്ക്കുള്ള തീർത്ഥാടനവും 2011 ജൂലൈ 16 ശനിയാഴ്ച ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ നടത്തപ്പെടുന്നു.

അന്നേദിവസം രാവിലെ 9.30 ന് ജപമാല, 9.30 ന് ഫ്രാൻസിസ്കൻ പ്രാർത്ഥന, 10-ന് ക്ലാസ്. നയിക്കുന്നത് റവ. ഫാ. ജോർജുകുട്ടി തോട്ടുവായിൽ കപ്പൂച്ചിൻ (കപ്പൂച്ചിൻ വിദ്യാഭവൻ തെള്ളകം). 12.30 ന് ചർച്ച.

ഒന്നിന് സ്നേഹവിരുന്ന്, 1.30 ന് വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിലേയ്ക്ക് തീർത്ഥാടനം (ജപമാല റാലി), 2.30-ന് അൽഫോൻസാ ചാപ്പലിൽ വിശുദ്ധകുർബാന.

## 2. വിവാഹസഹായ കമ്മറ്റി

വിവാഹസഹായകമ്മിറ്റിയുടെ അടുത്ത യോഗം 2011 ജൂലൈ 12-ന് ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3-ന് ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ കൂടുന്നതാണ്.

**റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ (ഡയറക്ടർ)**

# സോഷ്യൽ വെൽഫെയർ സൊസൈറ്റി

## 1. സോളാർ ലാമ്പ് വിതരണം

പി.എസ്.ഡബ്ല്യു.എസിന്റെ പാരമ്പര്യേതര ഊർജ്ജസംരക്ഷണവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സോളാർ ലാമ്പ് വിതരണം ആരംഭിച്ചിരിക്കുന്നു. ആവശ്യാനുസരണം കൊണ്ടു നടക്കാൻ സാധിക്കുന്ന ലാമ്പുകൾ കുറഞ്ഞ നിരക്കിൽ പി.എസ്.ഡബ്ല്യു.എസ്. ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്.

## 2. ചുരിദാർ ബ്ലൗസ് കട്ടിംഗ് പരിശീലനം

പി.എസ്.ഡബ്ല്യു.എസ്. 'സ്കിൽ ഏൺ' പ്രോജക്ടിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പാലാ റീജിയണിന്റെ ആഭിമുഖ്യത്തിൽ വനിതകൾക്കായി ചുരിദാർ, ബ്ലൗസ് കട്ടിംഗ് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു.

## 3. ക്ഷീരസമൃദ്ധി - 2011

പി.എസ്.ഡബ്ല്യു.എസ്. 'ക്ഷീരസമൃദ്ധി 2011' എന്ന പേരിൽ പശുവളർത്തൽ ആരംഭിക്കാൻ 30000 രൂപാ ലോൺ നൽകുന്നു. അരുവിത്തുറ, വേലനിലം, ഭരണങ്ങാനം എന്നീ സോണുകളിലെ 30 പേർക്കാണ് അവസരം.

## 4. SAFP-DEEP വിധവാ സഹായപദ്ധതി

സേവ് എ ഫാമിലി പ്ലാൻ വിധവകൾക്കായി ആവിഷ്കരിച്ചിരിക്കുന്ന DEEP



പലിശരഹിത വായ്പ ആവശ്യമുള്ള ഏതാനും അംഗങ്ങൾക്കുകൂടി അവസരം ഉണ്ട്. മൂലമറ്റം സോണലിന്റെയും പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, കൂട്ടിക്കൽ പഞ്ചായത്തുകളിൽപ്പെട്ട 50 വയസിൽ താഴെപ്രായമുള്ള വിധവകൾക്ക് അപേക്ഷിക്കാവുന്നതാണ്.

## 5. ശബ്ദതാരാവലി

സൊസൈറ്റി ഡി.സി. ബുക്ക്സുമായി സഹകരിച്ച് മലയാളഭാഷയിലെ ഏറ്റവും നല്ല നിഘണ്ടുവായ ശ്രീകണ്ഠേശരത്തിന്റെ ശബ്ദതാരാവലിയുടെ വിതരണം ആരംഭിച്ചിരിക്കുന്നു. 2000 ൽപരം പേജുകളുള്ള നിഘണ്ടു 50 ശതമാനം സബ്സിഡി നിരക്കിൽ പി.എസ്.ഡബ്ല്യു.എസ്. ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്.

## 6. വിശ്വസാഹിത്യതാരാവലി

കാലം നമിക്കുന്ന 100 ക്ലാസ്സിക്കുകൾ ഉൾക്കൊള്ളുന്ന ഡി.സി. ബുക്ക്സിന്റെ വിശ്വസാഹിത്യതാരാവലി പി.എസ്.ഡബ്ല്യു.എസ്. ഓഫീസിൽ വിതരണം ചെയ്തു വരുന്നു. 6000 രൂപാ വില വരുന്ന 12 പുസ്തകങ്ങൾ അടങ്ങിയ ഗ്രന്ഥസമാഹാരം 2800 രൂപാ നിരക്കിൽ ഓഫീസിൽ ലഭ്യമാണ്.

## 7. പലിശരഹിത വായ്പ

പി.എസ്.ഡബ്ല്യു.എസ്. സ്വയം തൊഴിൽ സംരംഭകർക്കായി നൽകിവരുന്ന പലിശരഹിത വായ്പകൾ പാലാ റീജിയണിൽ വിതരണം ചെയ്യുന്നു. ചേർപ്പുങ്കൽ, രാമപുരം, പാലാ എന്നീ സോണുകളിലെ എസ്.എച്ച്.ജി. കൾക്ക് അപേക്ഷിക്കാവുന്നതാണ്.

## 8. ജെ.എൽ.ജി. രൂപീകരണം

നബാർഡിന്റെ ആഭിമുഖ്യത്തിൽ പി.എസ്.ഡബ്ല്യു.എസ്. ഇടവകതലത്തിൽ തൊഴിൽ സംരംഭകർക്കായി ആരംഭിക്കുന്ന ജെ.എൽ.ജി. കളുടെ രൂപീകരണനടപടികൾക്ക് തുടക്കമായി. വായ്പകൾ എടുത്ത് സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## 9. സ്വാശ്രയസംഘം വാർഷികങ്ങൾ

കടനാട്, കുറിഞ്ഞി, വേലനിലം, വാരിയാനിക്കാട്, മലയിഞ്ചിപ്പാറ, കോതനല്ലൂർ എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം നടത്തി.

## 10. ധനസഹായം വിതരണം ചെയ്തു

പി.എസ്.ഡബ്ല്യു.എസിന്റെ വിവിധ എസ്.എച്ച്.ജി. കൾ കഴിഞ്ഞ മാസം ചികിത്സാസഹായമായി 18500 രൂപയും വിവാഹസഹായമായി 3000 രൂപയും ഇതര ധനസഹായമായി 103700 രൂപയും വിതരണം ചെയ്തു.

## 11. ക്ഷയരോഗ നിയന്ത്രണപ്രോഗ്രാം

പരിഷ്കരിച്ച ദേശീയക്ഷയരോഗ നിയന്ത്രണപ്രോഗ്രാമിന്റെ ഭാഗമായി കരിമ്പാനി, മണലുങ്കൽ, ചേർപ്പുങ്കൽ എന്നീ സ്ഥലങ്ങളിൽ വച്ച് ആരോഗ്യസെമിനാർ നടത്തി.

### 12. മെഡിക്കൽ ക്യാമ്പ് നടത്തി

ചേർപ്പുങ്കൽ, ഇടാട്, ഇലപ്പള്ളി എന്നീ സ്വാശ്രയസംഘങ്ങളുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി.

### 13. പുകയില വിരുദ്ധദിനാചരണം

പി.എസ്.ഡബ്ല്യു.എസ്. പുകയില വിരുദ്ധദിനാചരണപരിപാടിയുടെ ഭാഗമായി പാലാ ടൗണിൽ പുകയിലവിരുദ്ധ പോസ്റ്റർ രചന നടത്തി.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**

## ഏ.കെ.സി.സി.

### 1. നേതൃസംഗമം

എ.കെ.സി.സി. പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ രൂപതാതലനേതൃസംഗമം ജൂൺ 6–ന് വൈകുന്നേരം 6 മണി മുതൽ മുണ്ടാങ്കൽ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മാർ ജോസഫ് പള്ളിക്കാപറമ്പിൽ നേതൃസംഗമം ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, രാജീവ് ജോസഫ്, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

### 2. രൂപതാ സെക്രട്ടറിമാർ

**എ.കെ.സി.സി. പാലാ രൂപതാ സെക്രട്ടറിമാരായി തിരഞ്ഞെടുക്കപ്പെട്ടവർ**

തോമസ് മാഞ്ഞൂരാൻ (മുട്ടുചിറ), ബേബി ആലുങ്കൽ (കൂത്താട്ടുകുളം), സാബു പൂണ്ടിക്കുളം (മലയിഞ്ചിപ്പാറ), ബേബിച്ചൻ അഴിയത്ത് (കൊഴുവനാൽ), ഇമ്മാനുവേൽ ജോൺ നിധീരി (കുറവിലങ്ങാട്) എന്നിവരെ തിരഞ്ഞെടുത്തു.

**എ.കെ.സി.സി. യുടെ വിവിധ വേദികളുടെ കൺവീനർമാരായി തിരഞ്ഞെടുക്കപ്പെട്ടവർ:**

വിദ്യാഭ്യാസം – ഡോ. റെജി മേക്കാടൻ (അരുവിത്തുറ), നിയമം – അഡ്വ. തോമസ് തണ്ണിപ്പാറ (മുത്തോലി), കർഷകവേദി – ജോർജ് ഓടയ്ക്കൽ (മുണ്ടാങ്കൽ), സാഹിത്യം – ജോയി മുത്തോലി (മുത്തോലി), വനിത – മാഗി ജോസ് മേനാംപറമ്പിൽ (കത്തീഡ്രൽ) എന്നിവരെ തിരഞ്ഞെടുത്തു.

### 3. മേഖലാ തിരഞ്ഞെടുപ്പ്

ജൂൺ 5 മുതലുള്ള ഞായറാഴ്ചകളിൽ എല്ലാ മേഖലകളിലും മേഖലാസമിതി തിരഞ്ഞെടുപ്പ് നടത്തുന്നു. ജൂൺ 5–ാം തീയതി കത്തീഡ്രലിൽ വച്ച് പാലാ മേഖലാ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. മേഖലാ പ്രസിഡന്റായി ശ്രീ. ഡാന്റീസ് കൂനാനിക്കൽ, സെക്രട്ടറിയായി അഡ്വ. തോമസ് തണ്ണിപ്പാറ എന്നിവരെ തിരഞ്ഞെടുത്തു.



### 4. സെമിനാറുകൾ

ചേർപ്പുങ്കൽ, മഞ്ഞാമറ്റം, നീലൂർ, മേവിട, ളാലം യൂണിറ്റുകളിൽ വിവിധ സെമിനാറുകൾ നടത്തപ്പെട്ടു. നീലൂരിൽ നടന്ന 'വികസനസെമിനാറിൽ' മലപ്പുറം മുൻസിപ്പാലിറ്റി സെക്രട്ടറി ശ്രീ. കെ.ടി. ജയിംസ് കാവുംപുറം ക്ലാസ് നയിച്ചു.

### 5. പ്രോജക്ട് – കർമ്മപദ്ധതി

എ.കെ.സി.സി. പാലാ രൂപത പുതിയ പ്രവർത്തനവർഷത്തിൽ കർമ്മപരിപാടികൾക്ക് ഏകീകരണവും ദിശാബോധവും നൽകുന്നതിനുവേണ്ടി ഒരു പ്രത്യേക വിഷയം പ്രോജക്ട് ആയി തിരഞ്ഞെടുത്ത് യൂണിറ്റ്/മേഖല/രൂപതാ തലത്തിൽ നടപ്പിലാക്കുന്നു. 'സാമൂഹികനീതി സേവനത്തിലൂടെ' എന്നതാണ് പുതിയ പ്രോജക്ട്.

### 6. അഭിവന്ദ്യ പിതാവിനെ സന്ദർശനം – നേതൃസംഗമം

എ.കെ.സി.സി. യുടെ പുതിയ രൂപതാഭാരവാഹികളും സംസ്ഥാനപ്രതിനിധിസഭാംഗങ്ങളും ചേർന്ന് ജൂൺ 17–ാം തീയതി 6 മണിക്ക് ബിഷപ്സ് ഹൗസിലെത്തി മാർ. ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ചു. 'സാമൂഹികനീതി സേവനത്തിലൂടെ' എന്ന പ്രോജക്ടിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ മേഖലകൾ വിശദീകരിക്കുകയുണ്ടായി. പ്രോജക്ടിനെക്കുറിച്ചും ഇടവകകളിൽ എ.കെ.സി.സി. സജീവമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അഭിവന്ദ്യ പിതാവ് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഒരു മണിക്കൂർ നീണ്ടുനിന്ന മീറ്റിംഗിൽ 41 ഭാരവാഹികൾ പങ്കെടുക്കുകയുണ്ടായി.

**രാജീവ് ജോസഫ് കൊച്ചുപറമ്പിൽ (ജന. സെക്രട്ടറി)**

## ഡി.സി.എം.എസ്.

### 1. റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പ്

ഡി.സി.എം.എസ്. സംഘടന യുവജനങ്ങൾക്കായി നടത്തുന്ന റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പ് 2011 ജൂൺ മാസം 10, 11, 12 തീയതികളിൽ നടത്തപ്പെട്ടു. 25 യുവജനങ്ങൾ ഈ ക്യാമ്പിൽ പങ്കെടുത്തു.

### 2. ലീഡേഴ്സ് ക്യാമ്പ്

മാതാപിതാക്കൾക്കായി സംഘടന നടത്തുന്ന ലീഡേഴ്സ് ക്യാമ്പ് ജൂൺ 18, 19 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. പാലാ, രാമപുരം, ചേർപ്പുങ്കൽ, അരുവിത്തുറ തുടങ്ങിയ മേഖലകളിൽ നിന്നും 15 മാതാപിതാക്കൾ ഈ ക്യാമ്പിൽ പങ്കെടുത്തു.

ജൂൺ 25, 26 തീയതികളിൽ മുട്ടുചിറ, ഇലഞ്ഞി, കുറവിലങ്ങാട്, തുടങ്ങനാട് മേഖലകളിൽ നിന്നുള്ള മാതാപിതാക്കൾക്കായി ക്യാമ്പ് നടത്തപ്പെടും.

### 3. എസ്.എച്ച്.ജി. കൺവീനിയേഴ്സ് മീറ്റിംഗ്

ജൂൺ മാസം 10-ാം തീയതി എസ്.എച്ച്.ജി. കൺവീനിയേഴ്സ് മീറ്റിംഗ് കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ജൂലൈ മാസത്തെ ക്യാമ്പുകൾ:**

റിസോഴ്സ് ടീം ക്യാമ്പ് : ജൂലൈ 8, 9, 10
ലീഡേഴ്സ് ക്യാമ്പ് : ജൂലൈ 16, 17, 23, 24

**ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ (ഡയറക്ടർ)**

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

### 1. രൂപതാ കമ്മറ്റി യോഗം

മേയ് 6-ാം തീയതി സമിതി ഓഫീസിൽ വച്ച് രൂപതാ കമ്മിറ്റി യോഗം ചേർന്നു.

### 2. ജപമാല

ഉള്ളനാട്, മണ്ണയ്ക്കനാട്, ചേർപ്പുങ്കൽ, കൊഴുവനാൽ ഇടവകകളിൽ മദ്യവിമുക്ത ഇടവകയ്ക്കും കുടുംബങ്ങൾക്കുംവേണ്ടി ജപമാല ചൊല്ലി.

### 3. ദിവ്യകാരുണ്യആരാധന

കൊഴുവനാൽ, ചെമ്മലമറ്റം ഇടവകകളിൽ ദിവ്യകാരുണ്യആരാധന നടത്തുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു. മംഗളഗിരി, പറത്താനം, ഉള്ളനാട് ഇടവകകളിൽ ആരാധന നടത്തി. ഇലഞ്ഞി മേഖലാതല ആരാധന നടത്തി. ചൊവ്വാഴ്ച അഡാർട്ടിൽ വച്ച് രൂപതാതല ആരാധന നടന്നു.

### 4. സായാഹ്ന കൺവൻഷൻ

മെയ് 4, 5, 6 തീയതികളിൽ കൊഴുവനാൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തമ്പലക്കാട് പെനുവേൽ ഇമ്മാനുവേൽ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെച്ചൂക്കരോട്ടിന്റെ നേതൃത്വത്തിൽ ഒരു സായാഹ്ന കൺവൻഷൻ നടത്തി. പവർപോയിന്റ് പ്രസന്റേഷനോടുകൂടിയുള്ള ലഹരിവിരുദ്ധബോധവത്കരണക്ലാസും നടത്തി.

### 5. മെയ് 31-പുകയിലവിരുദ്ധ ദിനാചരണം

ലഹരിവസ്തുക്കൾക്കെതിരെയുള്ള സന്ദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് പാലാ മുതൽ കോട്ടയം വരെ ഒരു റോഡ് ഷോ നടത്തി.

### 6. പുതിയ യൂണിറ്റുകൾ

കരിമ്പാനി, ചെമ്പിളാവ് ഇടവകകളിൽ പുതിയ യൂണിറ്റുകൾ തുടങ്ങി.

### 7. കുരിശിന്റെ വഴി

മുട്ടുചിറ മേഖലയുടെ ആഭിമുഖ്യത്തിൽ അറുന്നൂറ്റിമംഗലം കുരിശുമലയിലേക്ക് കുരിശിന്റെ വഴി നടത്തി.

**റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഡയറക്ടർ)**



## പാലാ കമ്മ്യൂണിക്കേഷൻസ്

### 1. ക്രിസ്ത്യൻ മൂവി ലൈബ്രറി ഉദ്ഘാടനം ചെയ്തു

പാലാ കമ്മ്യൂണിക്കേഷൻസിന്റെ ഏറ്റവും പുതിയ സംരംഭമായ ക്രിസ്ത്യൻ മൂവി ലൈബ്രറി ഉദ്ഘാടനം ചെയ്യപ്പെട്ടു. ജൂൺ 11-ാം തീയതി അൽഫോൻസാ കോളജ് ഓഡിറ്റോറിയത്തിൽ വച്ച് ബഹു. പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിൽ തോടനാൽ പള്ളി വികാരി കിഴക്കേഅരഞ്ഞാണിയിലച്ചന് ഡി.വി.ഡി. കിറ്റ് നൽകിയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്.

### 2. പുതിയ നാടകം 'ഒരു നിറകൺചിരി'

പാലാ കമ്മ്യൂണിക്കേഷൻസിന്റെ ഈ വർഷത്തെ രണ്ടാമത്തെ പുതിയ സാമൂഹികനാടകമായ 'ഒരു നിറകൺചിരി' ആഗസ്റ്റ് ആദ്യവാരത്തോടെ അരങ്ങിലെത്തുന്നു. രചന: ഫ്രാൻസീസ് ടി. മാവേലിക്കര, സംവിധാനം: വിൽസൺ നിസരി.

### 3. നാടകമേള സെപ്തംബറിൽ

പാലാ കമ്മ്യൂണിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന അഖിലകേരള പ്രൊഫഷണൽ നാടകമേളയും നിധീരിക്കൽ മാണിക്കത്തനാർ സ്മാരകപ്രഭാഷണപരമ്പരയും 12-ന് പാലാ മുനിസിപ്പിൽ ടൗൺ ഹാളിൽ ആരംഭിക്കുന്നതാണ്.

### 4. 'ആർദ്രനിലാവ്' അവതരിപ്പിച്ചു തുടങ്ങി

പാലാ കമ്മ്യൂണിക്കേഷൻസിന്റെ ഈ വർഷത്തെ ഏറ്റവും പുതിയ സാമൂഹിക നാടകമായ 'ആർദ്രനിലാവ്' അവതരണം ആരംഭിച്ചു.

### 5. കുർബാനക്രമത്തിന് പുതിയ ഈണം

കമ്മ്യൂണിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ സീറോ മലബാർ സഭയുടെ വി. കുർബാനയ്ക്ക് റാസക്രമം ഉൾപ്പെടെ എല്ലാവർക്കും പാടാൻ സഹായകരമായ രീതിയിൽ പുതിയ ട്യൂൺ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രസിദ്ധ സംഗീതജ്ഞനായ ദർശൻ ആന്റണിയുടെ നേതൃത്വത്തിലുള്ള സംഘമാണ് പുതിയ ട്യൂൺ തയ്യാറാക്കുന്നത്.

**ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ (ഡയറക്ടർ)**

# സാന്ത്വന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസലിംഗ് & ഗൈഡൻസ്

**1. കൗൺസലിംഗ്**

ഈ മാസം മുൻകൂട്ടി ബുക്കു ചെയ്ത 112 പേർക്ക് വ്യക്തിപരമായ കൗൺസലിംഗും 16 പേർക്ക് ഫാമിലി കൗൺസലിംഗും 16 പേർക്ക് ക്ലിനിക്കൽ കൗൺസലിംഗും 6 പേർക്ക് IQ Test ഉം നടത്തി.

**2. ക്ലാസ്സുകൾ**

"മൂല്യബോധം അനുദിനജീവിതത്തിൽ" എന്ന വിഷയത്തെക്കുറിച്ച് B.Ed College വിദ്യാർത്ഥികൾക്ക് ജൂൺ 9, 16, 23 തീയതികളിലും, പെരിങ്ങുളം ഹൈസ്കൂൾ പി.റ്റി.എ. മീറ്റിംഗിൽ "മക്കളുടെ വളർത്തലിലും വിദ്യാഭ്യാസത്തിലും മാതാപിതാക്കളുടെ പങ്ക്" എന്ന വിഷയത്തെക്കുറിച്ച് ജൂൺ 14-ാം തീയതിയും ഫാ. മാത്യു പന്തലാനിക്കൽ ക്ലാസ്സെടുത്തു.

ജൂൺ 29-ാം തീയതി പ്രവിത്താനം സെന്റ് മൈക്കിൾസ് ഹൈസ്കൂളിലെ രക്ഷകർത്താക്കൾക്കായി "കുട്ടികളുടെ വൈകാരികപ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം" എന്ന വിഷയത്തെക്കുറിച്ച് ഫാ. കുര്യൻ ആനിത്താനം ക്ലാസ്സെടുത്തു.

**3. കൗൺസലിംഗ് കോഴ്സ്**

വൈദികർക്കായി നടത്തുന്ന കൗൺസലിംഗ് പരിശീലനപരിപാടിയുടെ ഉദ്ഘാടനം രൂപതാകേന്ദ്രത്തിൽ ജൂൺ 13-ന് അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾമാരായ മോൺ. ജോർജ്ജ് ചൂരക്കാട്ട്, മോൺ. ഫിലിപ്പ് ഞരളക്കാട്ട്, പാസ്റ്ററൽ കോർഡിനേറ്റർ ഫാ. ജേക്കബ് മുരിക്കൻ എന്നിവർ പ്രസംഗിച്ചു. എല്ലാ ചൊവ്വാഴ്ചകളിലും പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ക്ലാസ്സുകൾ നടക്കുന്നു.

**ഫാ. മാത്യു പന്തലാനിക്കൽ (ഡയറക്ടർ)**
**ഫാ. കുര്യൻ ആനിത്താനം (അസി. ഡയറക്ടർ)**



**RECEIVED HEAVENLY REWARD**



# ആദരാഞ്ജലികൾ

## നിര്യാതരായി

**1. സി. എത്സി കണ്ടത്തിൽ എസ്.എ.ബി.എസ്.**

അരുവിത്തുറ ഇടവകയിൽ കണ്ടത്തിൽ അബ്രാഹം - അന്ന ദമ്പതികളുടെ പുത്രിയായി 1934 ജനുവരി 17-ന് ജനിച്ചു. 1955 മെയ് 28-ന് വടകര മഠം ചാപ്പലിൽ വച്ച് സഭാവസ്ത്രം സ്വീകരിച്ചു. 1956 മെയ് 23-ന് ആദ്യവ്രതവും 1960 മെയ് 8-ന് നിത്യവ്രതവും ചെയ്തു. 1960 മുതൽ 1980 വരെ വടകര, മുത്തോലപുരം എന്നീ സ്കൂളുകളിൽ ഹൈസ്കൂൾ അദ്ധ്യാപികയായും, അതിനുശേഷം സുപ്പീരിയറായും മെസ് മാനേജരായും സഭാശുശ്രൂഷ ചെയ്തു.

സദാ പ്രസന്നവദനയായിരുന്ന സി. എത്സി കുട്ടികളോട് സ്നേഹത്തോടും സ്വാതന്ത്ര്യത്തോടും കൂടി പെരുമാറുകയും, അവരിൽ ഉത്തമവ്യക്തിത്വഗുണങ്ങൾ വളർത്തുവാൻ പരിശ്രമിക്കുകയും ചെയ്തു. 2006-ൽ വ്രതാനുഷ്ഠാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചു. ചികിത്സയിലായിരുന്ന സി. എത്സി, കൂത്താട്ടുകുളം ശാന്തിഭവനിൽ വച്ച് 2011 മെയ് 1-ന് നിത്യതയിലേക്ക് വിളിക്കപ്പെട്ടു. മെയ് 3-ന് ഉച്ച കഴിഞ്ഞ് റോസ്ഭവൻ ചാപ്പലിൽ അർപ്പിക്കപ്പെട്ട വി. കുർബാനയ്ക്കു ശേഷം രൂപതാവികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിലിന്റെ പ്രധാനകാർമ്മികത്വത്തിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. സി. എത്സിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**2. സി. തെയോഫിൻ വെനാർഡ് എഫ്.സി.സി.**

അരുവിത്തുറ ഇടവകയിൽ കണ്ടത്തിൽ ദേവസ്യ-ഏലി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായി 1922 ജൂൺ 29-ാം തീയതി ജനിച്ചു. 1938 ൽ മഠത്തിൽ ചേർന്നു. 1943-ൽ പ്രഥമവ്രതവാഗ്ദാനവും 1944-ൽ നിത്യവ്രതവാഗ്ദാനവും നടത്തി. തെയോഫിനമ്മ പൂഞ്ഞാർ, കല്ലൂർക്കുളം, മണിയംകുന്ന്, തിടനാട്, വിമലഗിരി, അൽഫോൻസാ ഹോസ്റ്റൽ, മരിയൻ സെന്റർ, അരുവിത്തുറ സ്റ്റഡി

ഹൗസ് എന്നീ ഭവനങ്ങളുടെ സുപ്പീരിയർ എന്ന നിലയിൽ 25 സേവനമനുഷ്ഠിച്ചു. സിസ്റ്റർ വി. അൽഫോൻസാമ്മയുടെ സഹപ്രവർത്തകയായിരുന്നു.

88 വർഷക്കാലം നല്ല ആരോഗ്യത്തോടെ ജീവിച്ച തെയോഫിനാമ്മയ്ക്ക് അടുത്ത കാലത്ത് ലിവർ സിറോസിസ് രോഗമാണ് ബാധിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കിയിരുന്നിട്ടും യാതൊരു മനഃപ്രയാസവും പ്രകടിപ്പിച്ചിരുന്നില്ല. തെയോഫിനമ്മ ജൂൺ 11-ാം തീയതി വൈകുന്നേരം 8.00 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

12-ാം തീയതി ഉച്ചകഴിഞ്ഞ് മണിയംകുന്ന് മഠം ചാപ്പലിൽ ബഹു. സൈറസ് വേലംപറമ്പിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയെത്തുടർന്ന് ഫാ. ജയിംസ് കുടിലിലിന്റെ കാർമ്മികത്വത്തിൽ മൃതദേഹം പള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ട് ചരമപ്രസംഗം നടത്തുകയും കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. മണിയംകുന്ന് പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. തെയോഫിനമ്മയുടെ ധന്യജീവിതത്തിനു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**3. സി. ജസീന്ത എഫ്.സി.സി.**

മറ്റക്കര എഫ്.സി. മഠാംഗമായിരുന്നു സി. ജസീന്താ (ബ്രിജീത്താ, വട്ടംതൊട്ടിയിൽ, 82 വയസ്സ്) 15-06-2011 ബുധനാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. വ്യാഴാഴ്ച രാവിലെ 9.30 ന് റവ. ഫാ. തോമസ് പാറയ്ക്കലിന്റെ കാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയെത്തുടർന്ന് പാലാ രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് കുഴിഞ്ഞാലിയുടെ പ്രധാന കാർമ്മികത്വത്തിൽ മറ്റക്കര തിരുക്കുടുംബദേവാലയ സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

വാകക്കാട്, കണ്ണാടിയുറുമ്പ്, സെന്റ് മേരീസ് പാലാ, സെന്റ് ജോസഫ്സ് മറ്റക്കര എന്നീ സ്കൂളുകളിൽ അധ്യാപികയായും മറ്റക്കര സെന്റ് ജോസഫ്സ് എച്ച്എസിൽ പ്രധാന അധ്യാപികയായും സേവനമനുഷ്ഠിച്ചു. മണിപ്പൂർ, പഞ്ചാബ്, ഉജ്ജെയിൻ എന്നീ സ്ഥലങ്ങളിൽ ഏറെ തീക്ഷ്ണതയോടും ത്യാഗത്തോടുംകൂടെ പ്രേഷിതവേല ചെയ്തു. വിനീതവും സ്നേഹനിർഭരവുമായ ഹൃദയത്തോടെ ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിക്കുക, സേവിക്കുക, ചെറിയ കാര്യങ്ങളിൽ വിശ്വസ്തതയോടെ വ്യാപരിച്ച് ഒരു വിശുദ്ധയാവുക. ആവലാതി കൂടാതെ സഹിക്കുക എന്ന ജീവിതാദർശം സിസ്റ്റർ എന്നും പാലിച്ചിരുന്നു. ദൈവത്തേയും ദൈവജനത്തേയും ശുശ്രൂഷിച്ച സ്വയാർപ്പണം ബഹു. ജസീന്താമ്മയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.



# PRAYER DAY

## ( 2011 July. 7 - 2011 August. -5 )

**Rev. Fathers, Very Rev. Fathers**

| | | | |
|---|---|---|---|
| 1. | Thekkel Kurian | July | 7 |
| 2. | Thekkel Mathew | | 8 |
| 3. | Thekkumcherikunnel Sebastian | | 9 |
| 4. | Thekkumkattil Manuel | | 10 |
| 5. | Thelly Joseph | | 11 |
| 6. | Thengumpally Antony | | 12 |
| 7. | Thengumpallil Joseph | | 13 |
| 8. | Thengumpally Sebastian | | 14 |
| 9. | Theruvath Augustine | | 15 |
| 10. | Theverkunnel Mathew | | 16 |
| 11. | Tholanickal Joseph | | 17 |
| 12. | Thondamkulam Zacharias | | 18 |
| 13. | Thonikuzhiyil Sebastian | | 19 |
| 14. | Thottappally James | | 20 |
| 15. | Thottumkal Thomas | | 21 |
| 16. | Thottuvely John | | 22 |
| 17. | Thottuvely Zacharias | | 23 |
| 18. | Thudiamplackal Kuruvila | | 24 |
| 19. | Thudiamplackal Sebastian | | 25 |
| 20. | Thuruthel Sebastian | | 26 |
| 21. | Thuruthiyil Abraham | | 27 |
| 22. | Vadakara Joseph | | 28 |
| 23. | Vadakkekara Michael | | 29 |
| 24. | Vadakkekutt Joseph | | 30 |
| 25. | Vadakkel Cyriac | | 31 |
| 26. | Vadakkel Francis | Aug. | 1 |
| 27. | Vadakkel George | | 2 |
| 28. | Vadakkel Jacob | | 3 |
| 29. | Vadakkel Thomas | | 4 |
| 30. | Vadakkemangalath Joseph | | 5 |

## അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്



**ജൂൺ 2011**

1. 10.30 am ചേർപ്പുങ്കൽ നഴ്സിംഗ് കോളേജിൽ വച്ചു നടന്ന ആദ്യബാച്ച് വിദ്യാർത്ഥികളുടെ Passing Out Programme -ൽ പങ്കെടുക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

   03.30 pm മലപ്പുറം ഇടവകയിൽ പുതുതായി നിർമ്മിച്ച ഷോപ്പിംഗ് സെന്ററിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

2. 10.30 am ചങ്ങനാശേരി കത്തീഡ്രലിൽ മാർ തോമസ് കുര്യാളശേരി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ സംബന്ധിച്ചു.

   03.00 pm കാഞ്ഞിരപ്പള്ളി രൂപത കൊല്ലമുള ഇടവകയിൽ ബഹു. അബ്രാഹം കണിയാംപടിയച്ചന്റെ സഹോദരന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

3. സന്ദർശകരെ സ്വീകരിച്ചു.

   04.00 pm ചങ്ങനാശേരി അതിരൂപത കത്തീഡ്രലിൽ മേജർ ആർച്ചുബിഷപ്പിനു നൽകിയ സ്വീകരണത്തിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

4-5 മരങ്ങാട്ടുപള്ളി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

6. 03.00 pm കാവുംകണ്ടം ഇടവകയിൽ മണ്ണൂർ സെബാസ്റ്റ്യൻ അച്ചന്റെ സഹോദരന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

7-9 എറണാകുളം പി.ഒ.സി. യിൽ നടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

10. 06.30 am മാർ എഫ്രേം പ്രീസ്റ്റ് ഹോമിൽ വി. കുർബാനയർപ്പിച്ചു.

   സന്ദർശകരെ സ്വീകരിച്ചു.



   02.00 pm ഈ വർഷം പുതുതായി ഒന്നാംക്ലാസ്സിൽ ചേർന്ന കുട്ടികളെ സ്വാഗതം ചെയ്യുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

11. 11.00 am കാഞ്ഞിരമറ്റം പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു.

   12.00 noon കൊഴുവനാൽ പള്ളിയിൽ ഒരു വിവാഹവാഗ്ദാനകർമ്മം ആശീർവദിച്ചു.

   05.00 pm കിഴപറയാർ ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തിച്ചേർന്നു.

12. കിഴപറയാർ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

   02.30 pm പന്തക്കുസ്താതിരുനാളിനോടനുബന്ധിച്ച് അരമനയിൽ കുട്ടികളെ എഴുത്തിനിരുത്തി.

   04.00 pm കയ്യൂരിൽ പുതുതായി നിർമ്മിച്ച ഹോസ്റ്റൽ വെഞ്ചിരിച്ചു.

   07.30 pm മുട്ടുചിറ ഹോസ്പിറ്റലിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

13. 10.30 am പാലാ ചാവറ സ്കൂളിൽ നടത്തപ്പെട്ട മെറിറ്റ് ഡേ മീറ്റിംഗിൽ പങ്കെടുത്തു.

   03.00 pm അരമനയിൽ വച്ച് വൈദികരുടെ കൗൺസലിംഗ് കോഴ്സിന്റെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു.

14. 02.45 pm രാമപുരം ഇടവകയിൽ ബഹു. കാപ്പിൽ അച്ചന്റെ വല്യമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

   03.00 pm രാമപുരത്ത് ഹയർ സെക്കൻഡറി സ്കൂളിൽ മീറ്റിംഗിൽ പങ്കെടുത്തു.

   06.45 pm പ്രീ മാര്യേജ് കോഴ്സിൽ പങ്കെടുക്കുന്നവരെ കണ്ട് സന്ദേശം നൽകുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

16. 10.30 am സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഈ വർഷത്തെ വിജയികളെ അനുമോദിക്കുന്ന സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

03.00 pm ചൂണ്ടച്ചേരിയിൽ രൂപത പുതുതായി ആരംഭിച്ച ഹോട്ടൽ മാനേജ്മെന്റ് കോളജിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

17. 10.00 am കത്തീഡ്രൽ പള്ളിയിൽ അഖണ്ഡബൈബിൾ പാരായണത്തിന് തുടക്കം കുറിച്ചു. തുടർന്ന് ബിഷപ്സ് ഹൗസിൽ തിരിച്ചെത്തി സന്ദർശകരെ സ്വീകരിച്ചു.

06.00 pm അരമനയിൽ വച്ച് നടത്തപ്പെട്ട എ.കെ.സി.സി. യുടെ മീറ്റിംഗിൽ പങ്കെടുത്തു.

18. 11.45 am കൊഴുവനാൽ വച്ച് നടത്തപ്പെട്ട തോണക്കരകുടുംബയോഗത്തിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

05.00 pm പയസ് മൗണ്ട് പള്ളിയിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോ, കൽക്കുരിശ്, കൊടിമരം എന്നിവയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് വിസീത്തയ്ക്കായി ഉള്ളനാട് പള്ളിയിലേക്ക് പുറപ്പെട്ടു.

19. ഉള്ളനാട് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

12.15 pm കോതനല്ലൂർ പള്ളിയിൽ കന്തീശങ്ങളുടെ തിരുനാളിനോടനുബന്ധിച്ച് നടന്ന ഇരട്ടകളുടെ സംഗമത്തിൽ പങ്കെടുത്തു.

03.15 pm മരങ്ങാട്ടുപള്ളി ഇടവകയിൽ ബഹു. വടക്കേമംഗലം അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

20. 09.30 am കത്തീഡ്രൽ ഇടവകയിൽ നടക്കുന്ന അഖണ്ഡബൈബിൾ പാരായണത്തിൽ സംബന്ധിച്ചു.

10.15 am ഇടക്കുന്നം ഇടവകയിൽ നിര്യാതയായ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ സഹോദരിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

11.00 am മൂലമറ്റം ഇടവകയിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ ജോൺ പെരുമറ്റം പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുക്കുന്നതിനായി ഉജ്ജെയിനിലേക്ക് പുറപ്പെട്ടു.



21. ഉജ്ജെയിൻ കത്തീഡ്രൽ പള്ളിയിൽ വച്ചു നടന്ന അഭിവന്ദ്യ ജോൺ പെരുമറ്റം പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് സഹകാർമ്മികത്വം വഹിക്കുകയും അനുശോചനസന്ദേശം നൽകുകയും ചെയ്തു.

22. ഉജ്ജെയിനിൽ നിന്നും തിരികെ നാട്ടിലെത്തി.

05.00 pm കരൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച കൽക്കുരിശിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

23. 11.00 am പൈക ജ്യോതി പബ്ലിക് സ്കൂളിൽ വച്ചു നടന്ന ദീപികയുടെ നമ്മുടെ ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

24. സന്ദർശകരെ സ്വീകരിച്ചു.

10.30 am ളാലം പള്ളിയിൽ വച്ചു നടന്ന രൂപതാ കുടുംബകൂട്ടായ്മാ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

02.30 pm അരമനയിൽ വച്ചു നടന്ന രൂപതാ കൺസൾട്ടേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു.

03.30 pm അരമനയിൽ വച്ചു നടന്ന രൂപതാ ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

06.00 pm ബിഷപ്സ് ഹൗസിൽ വച്ചു നടന്ന മാസധ്യാനത്തിൽ സംബന്ധിച്ചു.

25. 11.30 am മേരിലാന്റ് ഇടവകയിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

03.00 pm ഇടയനടുത്ത സന്ദർശനത്തിനായി വേലനിലം ഇടവകയിൽ എത്തിച്ചേർന്നു.

26. വേലനിലം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

27– ജൂലൈ 5

ഷാർജയിൽ സീറോമലബാർ സഭാദിനത്തോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ പങ്കെടുത്തു.



# Bishop's Engagements

## Mar Joseph Kallarangatt

**2011 July**

| | | | |
|---|---|---|---|
| July 01-06 | | | Out of station |
| 06 | 02.00 | pm | Mount St. Thomas - Permanent Synod |
| 07 | 10.00 | am | Kothanalloor - Blessing |
| | 11.00 | am | Kothanalloor - Marriage Blessing |
| 08 | | | Visitors' day |
| | 03.30 | pm | Pakalomattam - Qurbana |
| 09 | 09.30 | am | Meeting - Bishop's house |
| | 11.00 | am | Teekoy - Meeting |
| | 03.00 | pm | Legion Home, Blessing |
| 10-14 | | | Annual Retreat - I$^{st}$ Batch |
| 15 | | | Visitors' day |
| | 03.00 | pm | Meeting - Bishop's house |
| 16 | 04.00 | pm | Aimcombu - Blessing |
| 17-21 | | | Annual Retreat - II$^{nd}$ Batch |
| 19 | 10.45 | am | Bharananganam - Qurbana |
| 22 | | | Visitors' day |
| 23-25 | | | Engaged |
| 26 | 08.15 | am | Ramapuram - Meeting |
| 27 | 10.00 | am | St. Thomas College - Meeting |
| 28 | 08.30 | am | Marian Hospital, Palai - Lab Blessing |
| 29 | 06.45 | am | St. Marthas Generalate - Qurbana |
| 30 | 10.00 | am | Pastoral Institute - Meeting |
| 31 | 02.00 | pm | Kudakkachira - Qurbana and Meeting |